കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാലാ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-
കെ.ടി.എം.പി17-304/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 17/03/2026
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പാലാ മുനിസിപ്പാലിറ്റി

സർ,

വിഷയം : പാലാ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലാ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)
2)ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം
3)കാര്യാലയ കോപ്പി

നമ്പർ: കെ.എസ്.എ.- തീയ്യതി: 17/03/2026
കെ.ടി.എം.പി17-304/2026

കോട്ടയം ജില്ലയിലെ പാലാ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാലാ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2025 മുതൽ 31-12-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനകുമാരി സി.ആർ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	10-02-2026	27-02-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-02-2026	27-02-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.രാജേഷ് എം, ഓഡിറ്റ് ഓഫീസർ
കുമാരി സജിമോൾ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവരാജ് പി, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബിനീത് രാജൻ, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ
ശ്രീ.ഷിബു റ്റി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഷാജു. വി തുരുത്തൻ	ചെയർമാൻ	01-04-2024	14-02-2025
ശ്രീമതി ബിജി ജോജോ	ചെയർപേഴ്സൺ	15-02-2025	02-03-2025
ശ്രീ.തോമസ് പീറ്റർ	ചെയർമാൻ	03-03-2025	31-03-2025
ശ്രീ.ജൂഹി മരിയ ടോം	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. സാജൻ ചെറിയാൻ	ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ശ്രീ.ശ്രീകണ്ഠൻ എസ്.എസ്	കൃഷി ഓഫീസർ	01-04-2024	24-05-2024
ശ്രീമതി പ്രഭാകുമാരി വി.സി	കൃഷി ഓഫീസർ(ഇൻ ചാർജ്ജ്)	25-05-2024	11-08-2024
ശ്രീ.ശ്രീകണ്ഠൻ എസ്.എസ്	കൃഷി ഓഫീസർ	12-08-2024	12-03-2025
ശ്രീ.സനീർ എസ്.എ	കൃഷി ഓഫീസർ	13-03-2025	31-03-2025
ഡോ.അഭിലാഷ് റ്റി.പി	മെഡിക്കൽ ഓഫീസർ,കെ.എം മാണി മെമ്മോറിയൽ ആശുപത്രി പാല	01-04-2024	31-03-2025
ശ്രീമതി ജ്യോതി എസ് കുമാർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ.സിയാദ് എ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.സതീഷ്കുമാർ ജി	ക്ലീൻസിറ്റി മാനേജർ	01-04-2024	06-02-2025
ശ്രീ.സോണി വി	ക്ലീൻസിറ്റി മാനേജർ	07-02-2025	16-02-2025
ശ്രീ.ആറ്റ്ലി പി ജോൺ	ക്ലീൻസിറ്റി മാനേജർ	17-02-2025	31-03-2025
ഡോ.അനിത വർഗ്ഗീസ്	ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം	01-04-2024	26-07-2024
ഡോ.ദീപ	ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം	27-07-2024	31-07-2024
ഡോ.ചിത്ര എസ്.വി	ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം	01-08-2024	01-08-2024
ഡോ.ബിന്ദു എം	ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം	02-08-2024	30-01-2025
ഡോ.ചിത്ര എസ്.വി	ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം	31-01-2025	31-03-2025
ശ്രീ സാബു റ്റി. പി.	അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്	01-04-2024	26-04-2024
ശ്രീ സാം മാത്യു സാബു	അസിസ്റ്റന്റ് എഞ്ചിനീയർ	27-04-2024	23-09-2024
ശ്രീ ബോണി എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	24-09-2024	31-03-2025
ശ്രീമതി റീനാമോൾ എബ്രഹാം	പ്രിൻസിപ്പൽ (എം.ജി.എച്ച്.എസ്.എസ്, പാലാ	01-04-2024	24-12-2024
ശ്രീമതി ജയകുമാരി വി.ആർ	പ്രിൻസിപ്പൽ (എം.ജി.എച്ച്.എസ്.എസ്, പാലാ	25-12-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	നഗരസഭ ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-1
3	മൂലധന വിഹിതത്തിന്റെ വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല	1-1-3
5	നഗരസഭയുടെ സാമ്പത്തിക സ്ഥിതി വാർഷിക കണക്കുകളിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല	1-1-4
6	വിവിധ റിക്കവറി ബാധ്യതകളുടെ വിശദാംശത്തിൽ അവ്യക്തത	1-1-5
7	സസ്പൻസ് അക്കൗണ്ടിലെ വരവിനത്തിന്റെ വിശദാംശങ്ങൾ കണ്ടെത്തിയില്ല	1-1-6
8	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ നഗരസഭ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	സുസ്ഥിര ആസ്തികളുടെ മൂല്യശോഷണത്തിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല	1-1-8
10	പ്രയർ പീരിയഡ് ഇൻകത്തിന്റെ ആധികാരികത വ്യക്തമല്ല	1-1-9
11	ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം വാർഷിക പദ്ധതിയിൽ അക്കൗണ്ട് ചെയ്തിട്ടില്ല	1-1-10
12	പെൻഷൻ വിഹിതം ലഭിക്കാനുള്ളതിന്റെ രേഖകളില്ല	1-1-11
13	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിക്കുന്നില്ല	1-1-12
14	പാർട്ട് ബില്ലുകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി അക്കൗണ്ട് ചെയ്യുന്നില്ല	1-1-13
15	വാർഷിക പദ്ധതി ചെലവ് Operation And Maintenance ആയി അക്കൗണ്ട് ചെയ്തു	1-1-14
16	കുടിശിക വരുമാനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-15
17	31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല	1-1-16
18	അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല	1-1-17
19	567,849/- രൂപ ലഭിക്കാനുള്ള റിഡംപ്ഷൻ തുകയിൽ അവ്യക്തത	1-1-18
20	ബജറ്റ്	1-2
21	സാമ്പത്തിക വിശകലനം	1-3
22	ഗ്രാന്റ് പത്രികയിലെ അലോട്ട്മെന്റ് തുകകളിൽ അപാകത	1-4-1
23	ഗ്രാന്റ് വിനിയോഗം	1-4
24	വാർഷികപദ്ധതി അവലോകനം	1-5
25	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	1-6
26	ക്ഷേമപദ്ധതികൾ	1-7
27	ക്യാഷ് ബാലൻസ് പരിശോധന	1-8
28	ആഭ്യന്തര നിയന്ത്രണം	1-9
29	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
30	നഗരസഭയുടെ സാമ്പത്തിക സ്ഥിതി അതീവ ദുർബലം - കണക്കുകൾ കൃത്യമാക്കിയിട്ടില്ല	1-11
31	ബാങ്കിൽ കളക്ഷൻ തുക ഒടുക്കിയതിൽ കുറവ്	1-12
32	വസ്തു നികുതി ഇനത്തിൽ ലഭിച്ച ചെക്ക് മടങ്ങി-തുക അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല	1-13
33	ബാങ്ക് റിക്കൺസിലിയേഷൻ റിപ്പോർട്ട് - ക്രമീകരിച്ച ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.	1-14
34	ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പൂർണ്ണമായും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-15
35	കളക്ഷൻ തുകകൾ യഥാസമയം കോൺട്ര എൻട്രി വരുത്തുന്നില്ല	1-16
36	നഗരസഭ ഫണ്ടിലേക്ക് ലഭ്യമായ 2.64 കോടി രൂപയുടെ റവന്യൂ നിക്ഷേപത്തിന്റെ വിശദാംശമില്ല	1-17
37	വിവിധ റവന്യൂ മുൻകൂറുകളുടെ വിശദാംശം സൂക്ഷിക്കാത്തതിനാൽ ക്രമീകരണ	1-18

	നടപടിയിൽ അവ്യക്തത	
38	KURDFC വായ്പകളുടെ വിവരങ്ങളിൽ അവ്യക്തത-വായ്പ രജിസറ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല	1-19
39	83,000/- രൂപ സ്ഥിരനിക്ഷേപ ഷെയറിന്റെ രേഖകൾ ഹാജരാക്കിയില്ല	1-20
40	5.71 കോടി രൂപ വാടക നിക്ഷേപത്തിന്റെ വിശദാംശം സൂക്ഷിക്കുന്നില്ല	1-21
41	നിർവ്വഹണ ഏജൻസികളിൽ നിലനിൽക്കുന്ന 37.45 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമല്ല	1-22
42	ട്രഷറിയിൽ ബിൽ നല്കി അക്കൗണ്ടിലേക്ക് നിക്ഷേപിക്കാത്തത് മൂലം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 31.92 ലക്ഷം രൂപയുടെ ധനസഹായം നഷ്ടമായി	1-23
43	വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു	1-24
44	കെ-സ്മാർട്ട് സംവിധാനത്തിലേയ്ക്ക് കെട്ടിടവിവരങ്ങൾ പോർട്ട് ചെയ്തത് സംബന്ധിച്ച് വിവരങ്ങൾ പൂർണ്ണമല്ല.	1-25
45	മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ബാധകമാക്കിയിട്ടില്ല	1-26
46	കെ-സ്മാർട്ടിൽ ലഭ്യമായ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിലും കുറവായി വസ്തുനികുതി നിർണ്ണയിച്ചു.	1-27
47	വസ്തുനികുതി നിർണ്ണയം - കെ സ്മാർട്ട് സംവിധാനത്തിലെ ഓഡിറ്റർ ലോഗിനിൽ പ്ലാൻ ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമല്ല	1-28
48	ടർഫുകൾ,സ്പാ എന്നീ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല.	1-29
49	വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വ്യത്യസ്ത രീതിയിൽ പരിഗണിച്ചു	1-30
50	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-31
51	സ്ഥാപന തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയില്ല	1-32
52	കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല	1-33
53	വിനോദ നികുതി ഈടാക്കിയതിലെ അപാകതകൾ	1-34
54	അനധികൃത നിർമ്മാണങ്ങൾ-പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് കാര്യക്ഷമല്ല	1-35
55	പെർമ്മിറ്റ് അപേക്ഷകൾക്കൊപ്പം പ്ലിന്ത് ലെവൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് ചേർത്തിട്ടില്ല.	1-36
56	ക്രമവൽക്കരണഫീസ് ഈടാക്കിയതിൽ കുറവ്	1-37
57	ഐഎഫ്.റ്റി ഇ & ഒ .എസ്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-38
58	വിവിധ ആസ്തികളുടെ ലേലം - തുടർനടപടികൾ പൂർത്തീകരിച്ചിട്ടില്ല	1-39
59	കുത്തകക്കാരുമായി വാടകക്കരാറിൽ ഏർപ്പെട്ടിട്ടില്ല	1-40-1
60	ബൈലോ തയാറാക്കിയിട്ടില്ല	1-40-2
61	വാടക കുടിശ്ശിക,അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല	1-40-3
62	വാടക രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല	1-40-4
63	വാടക ഇനത്തിൽ വൻ തുക കുടിശ്ശിക അവശേഷിക്കുന്നു.	1-40-5
64	വാടക കുടിശ്ശിക വരുത്തിയിട്ടുള്ള കുത്തകക്കാർക്ക് തുടർന്നും കടമുറികൾ വാടകയ്ക്ക് നൽകിയത് നിയമാനുസൃതമല്ല.	1-40-6
65	കടമുറികളുടെ കുത്തകാവകാശം കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-40-7
66	വാടകയിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല	1-40-8
67	ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് നൽകിയതിലെ അപാകതകൾ	1-40
68	കുത്തക ലേലം- കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല	1-41
69	ലൈബ്രറി വരവുകൾക്ക് രസീത് നൽകുന്നില്ല	1-42
70	കണ്ടിജൻറ് , റഗുലർ പെൻഷൻ - കണക്കുകളിൽ അവ്യക്തത	1-43
71	സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.	1-44
72	ദേശീയ ചേരി നിർമ്മാർജ്ജനത്തിനായുള്ള വായ്പ ബാധ്യത തിരികെ ഒടുക്കാതെ കണക്കിൽ ഒഴിവാക്കി	1-45
73	HUDCO വായ്പയെടുത്തതിൽ 36 ലക്ഷം രൂപ ചെലവഴിക്കാതെ നഗരസഭ ഫണ്ടിൽ	1-46

	സൂക്ഷിക്കുന്നു	
74	ശബരിമല ഗ്രാന്റ് വിനിയോഗം കൃത്യമായി നിരീക്ഷിക്കുന്നില്ല	1-47
75	വാഹനങ്ങളുടെ ലോഗ് ബുക്കിലും ഇന്ധന സ്റ്റോക്കിലും അപാകത	1-48-1
76	കാലഹരണപ്പെട്ട വാഹനങ്ങൾ നഗരസഭ ലേലം ചെയ്യുന്നില്ല	1-48
77	പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് റിക്കവറി തുക കൃത്യമായി ഒടുക്കുന്നില്ല	1-49
78	ജനറൽ ആശുപത്രിയിൽ റേഡിയേഷൻ മെഷീൻ -KMSCL ൽ നിക്ഷേപിച്ച 1.68 കോടി രൂപ നിഷ്ക്രിയം	1-50
79	ജനറേറ്ററുകൾ ,മോർച്ചറി ഫ്രീസർ എന്നിവക്ക് റിപ്പയർ, എ എം സി എടുക്കൽ-നിർവ്വഹണത്തിൽ അപാകം	1-51
80	വെള്ളക്കരം - വാട്ടർ അതോറിറ്റി നല്കുന്ന ബില്ലുകൾ സൂക്ഷ്മപരിശോധന നടത്താത്തതിനാൽ ധനനഷ്ടം	1-52
81	ജനറൽ ആശുപത്രിയിൽ ലിഫ്റ്റുകൾക്ക് എ എം സി-അപാകതകൾ	1-53
82	മാലിന്യം വലിച്ചെറിയുന്നത് നിരീക്ഷിക്കാൻ സ്ഥാപിച്ച ക്യാമറയുടെ എ.എം.സി-അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം പ്രവൃത്തി നിർവ്വഹിച്ചില്ല	1-54
83	സ്വയം തൊഴിൽ സബ് സിഡി നൽകൽ (വനിത വ്യക്തിഗതം) പദ്ധതി- തുക തിരികെ ക്രമീകരിച്ച വിവരങ്ങളില്ല	1-55
84	കമ്മ്യൂണിറ്റിഹാൾ നിർമ്മാണത്തിന് ലഭ്യമായ തുക വിനിയോഗിച്ചില്ല-അധികവിഹിതം സമാഹരിക്കാൻ നടപടി സ്വീകരിച്ചില്ല	1-56
85	വിവിധ പർച്ചേസ് ബില്ലുകളിൽ നിന്നും ജിഎസ് ടി - ടിഡിഎസ് കുറവ് ചെയ്തില്ല.	1-57
86	തെരുവുവിളക്ക് പരിപാലനം - എഎംസി നൽകൽ – നഗരസഭയ്ക്ക് അധികച്ചെലവ്	1-58
87	ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ഓഫ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം - പ്രോജക്ട് ചിന്റെ വിശദമായ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല	1-59
88	യാചക പുനരധിവാസത്തിന് ഓർഫനേജിന് ധനസഹായം - സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല	1-60
89	നഗരസഭയുടെ എം.സി.എഫ്. സംവിധാനത്തിന് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം	1-61
90	എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം നഗരസഭക്ക് അധികച്ചെലവ്	1-62
91	കുടിവെള്ള പദ്ധതികൾക്കുള്ള HD പൈപ്പുകളുടെ ഡാറ്റാ തയ്യാറാക്കിയതിൽ അപാകം-നഗരസഭയ്ക്ക് അനാവശ്യ ചെലവ്	1-63
92	അങ്കണവാടി പോഷകാഹാര പദ്ധതി-കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.	1-64
93	ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ വാഹനം - ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിയില്ല.	1-65
94	വൗച്ചറുകൾ മുഖേനയുള്ള ചെലവ് - അനുബന്ധവിവരങ്ങൾ പൂർണ്ണമല്ല.	1-66
95	പങ്കാളിത്ത പെൻഷൻ പദ്ധതി - ജീവനക്കാരുടെ വിഹിതവും സ്ഥാപന വിഹിതവും ഒടുക്കുന്നില്ല.	1-67
96	ലൈബ്രറി സെസ്സ് ഒടുക്കുന്നില്ല	1-68
97	പി.എം.എ.വൈ. പദ്ധതി - അവലോകനം	1-69
98	അമൃത് 2.0 ജലശക്തി അഭിയാൻ പദ്ധതി - അവലോകനം	1-70
99	ദേശീയനഗര ഉപജീവനമിഷൻ (എൻ.യു.എൽ.എം) പദ്ധതി നിർവ്വഹണം - അവലോകനം	1-71
100	കെ-സ്മാർട്ട് - അവലോകനം	1-72
101	ആരോഗ്യമേഖലാ ഗ്രാന്റുകളുടെ വിനിമയം - അവലോകനം	1-73
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം നഗരസഭക്ക് അധികച്ചെലവ്	3-1
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-2

3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-3
4	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **പാലാ നഗരസഭയുടെ** 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 03-12-2025 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 06-12-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1 & 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരപാലിക സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാലാ നഗരസഭയുടെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: 17-03-2026 **സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 നഗരസഭ ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

നഗരസഭ 31-03-2025-ലെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ സ്ഥിരീകരിക്കാനായിട്ടില്ല. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ചപ്പോൾ ജനറൽ ഫണ്ട് മൂല്യം 236,926,333/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ OBRP വിവരം സൂക്ഷിച്ചിട്ടില്ല. ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്.

1-1-2 മൂലധന വിഹിതത്തിന്റെ വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ 01-04-2024 ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട്

അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പിന്റെ വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. 2024-25 വാർഷിക പദ്ധതിയിലെ മൂലധന ഫണ്ട് ചെലവുകൾ മൂലധന വർദ്ധനവായി ക്രമീകരിക്കപ്പെട്ടിട്ടില്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും 31-03-2025 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതുമാണ്.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 26-07-2011 ലെ ജി.ഒ (എം.എസ്.)–152/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. 23-08-2025 ലെ സ.ഉ.(കൈ) നം.156/2025/LSGD പ്രകാരം K-SMART ആരംഭിച്ച ശേഷം നഗരസഭയുടെ ആസ്തി ഡേറ്റാബേസ് കൃത്യമാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചതും നടപ്പിലാക്കിയിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ഇല്ലാത്തതിനാൽ വിവിധ മേഖലകളിലായുള്ള 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.
നഗരസഭ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും വിവിധ അതിർത്തികളുടെയും (Landmark) റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ നഗര പ്രദേശത്തെ റോഡ് കണക്ടിവിറ്റി മാപ്പും കാലികമാക്കി 31-03-2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-1-4 നഗരസഭയുടെ സാമ്പത്തിക സ്ഥിതി വാർഷിക കണക്കുകളിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല

നഗരസഭ ഫണ്ടിന്റെ ബാധ്യതകൾ അതാത് സമയം കണ്ടെത്തി കൃത്യമായി ബാധ്യതയായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. തൻവർഷ വരുമാന ചെലവ് പത്രിക പ്രകാരം നഗരസഭക്ക് 1.82 കോടി രൂപയുടെ വരുമാന മിച്ചമാണ്(Net Surplus) പ്രതിഫലിക്കുന്നത്. വരുമാനം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടാത്തതും ബാധ്യതകൾ കണ്ടെത്തി അക്കൗണ്ട് ചെയ്യപ്പെടാത്തതും മൂലം നഗരസഭയുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി ധനകാര്യ പത്രികയിൽ പ്രതിഫലിക്കാതെ വരികയും, വിടവ് നികത്തൽ ഫണ്ട് പോലെയുള്ള സർക്കാർ ഫണ്ടുകൾ ലഭിക്കാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുന്നു.

1-1-5 വിവിധ റിക്കവറി ബാധ്യതകളുടെ വിശദാംശത്തിൽ അവ്യക്തത

Government & Other Dues Payable രജിസ്റ്റർ സൂക്ഷിക്കാതിരുന്നതിനാൽ Others Payable (₹62627/-) , Refund Payable-Others (₹829209/-) ശീർഷകങ്ങളിലെ ബാധ്യതകൾ ഏതിനത്തിലാണ് എന്നതിൽ അവ്യക്തത നിലനിൽക്കുന്നു. വിവിധ ബാധ്യതകളുടെ കൃത്യമായ വിശദാംശം കണ്ടെത്തേണ്ടതും രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിച്ച് സമയബന്ധിതമായി ഒടുക്ക് വരുത്തി ബാധ്യത ഒഴിവാക്കേണ്ടതുമാണ്.

1-1-6 സസ്പൻസ് അക്കൗണ്ടിലെ വരവിനത്തിന്റെ വിശദാംശങ്ങൾ കണ്ടെത്തിയില്ല

തൻ വർഷം നഗരസഭയുടെ തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട 339,835/- രൂപയുടെ വരവ് തുക ഏതിനത്തിലാണ് എന്ന് വ്യക്തമല്ലാത്തതിനാൽ Suspense ആയി അക്കൗണ്ട് ചെയ്തിരിക്കുന്നു. ടി തുകയുടെ ആധികാരികത പിന്നീട് നഗരസഭ കണ്ടെത്തി തുക യഥാർത്ഥ ശീർഷകങ്ങളിലേക്ക് ക്രമീകരിച്ചിട്ടില്ല. സസ്പൻസ് വിശദാംശം കണ്ടെത്തി തുടർ വർഷം തന്നെ യഥാർത്ഥ ശീർഷകങ്ങളിലേക്ക് തുക ക്രമീകരിക്കേണ്ടതാണ്. അക്രുവൽ ചെയ്യപ്പെടാത്ത മുൻവർഷ വരുമാനമാണ് എങ്കിൽ Prior Period Income ആയി ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ നഗരസഭ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ 2024-25 വർഷത്തെ പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരുമാനവും (7557969) ചെലവും(7090173) നഗരസഭയുടെ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. (വരുമാനം -7557893, ചെലവ് – 7562093)) നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകകൾ കൃത്യമായി നഗരസഭ കണക്കുകളിൽ അക്കൗണ്ട് ചെയ്യേണ്ടതും ഓരോ വർഷത്തെയും കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതുമാണ്.

1-1-8 സുസ്ഥിര ആസ്തികളുടെ മൂല്യശോഷണത്തിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല

സുസ്ഥിര ആസ്തികളുടെ മൂല്യശോഷണം 2024-25 വർഷം 24.09 ലക്ഷം രൂപ അക്കൗണ്ട് ചെയ്തതിന്റെ

ആധികാരിക Calculation Sheet ലഭ്യമാക്കിയിട്ടില്ല. ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്യാത്ത സാഹചര്യത്തിൽ കൃത്യമായ മൂല്യശോഷണം കണക്കാക്കുന്നതിന് സാധിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു. 31-03-2025 വരെയുള്ള സുസ്ഥിര ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്യേണ്ടതും സഞ്ചിത മൂല്യശോഷണം കൃത്യമാക്കേണ്ടതാണ്.

1-1-9 പ്രയർ പീരിയഡ് ഇൻകത്തിന്റെ ആധികാരികത വ്യക്തമല്ല

പ്രയർ പീരീയഡ് ഇൻകം ആയി 2024-25 വർഷം നഗരസഭയുടെ മുൻകാല വരുമാനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട 14.6 ലക്ഷം രൂപയുടെ ക്രമീകരണത്തിന് ആധികാരികമായ രേഖകൾ ലഭ്യമല്ല. മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണങ്ങളുടെ Notes On Account സെക്രട്ടറി ലഭ്യമാക്കിയില്ല. കൃത്യമായ Narration നൽകി അനുബന്ധ രേഖകളോടെ ആധികാരികമാക്കാത്തതിനാൽ മുൻകാല വരുമാന തുകയുടെ ഡിമാന്റിൽ കുറവ് വരുത്തിയതിന് ആധികാരികതയില്ല. തൻവർഷത്തെ Prior Period ക്രമീകരണത്തിന് ആധാരമായ എല്ലാ രേഖകളും ഹാജരാക്കേണ്ടതാണ്.

1-1-10 ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം വാർഷിക പദ്ധതിയിൽ അക്കൗണ്ട് ചെയ്തിട്ടില്ല

2024-25 വാർഷിക പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം Passive Expenditure ആയി അക്കൗണ്ട് ചെയ്തിട്ടില്ല. മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ടുകളിൽ (നം.16/25, 17/25) നേരിട്ട് ചെലവഴിച്ച 91,600/- രൂപയുടെ ഗുണഭോക്തൃ വിഹിതം വാർഷിക പദ്ധതി ചെലവായി പ്രതിഫലിച്ചിട്ടില്ല. തുടർ വർഷം സാമ്പത്തിക വർഷാവസാനം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് വിനിയോഗ വിവരം ലഭ്യമാക്കി ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം Passive Expenditure ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-11 പെൻഷൻ വിഹിതം ലഭിക്കാനുള്ളതിന്റെ രേഖകളില്ല

പെൻഷൻ വിഹിതം ലഭിക്കാനുള്ള തുക 8.97 കോടി രൂപയുടെ വിശദാശവും രേഖകളും നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. പെൻഷൻ വിഹിതം 4315099-Receivable Others എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. കൃത്യമായ ശീർഷകം 4315101-Pension Allotment Receivable പെൻഷൻ വിഹിതം അക്കൗണ്ട് ചെയ്യുന്നതിന് ലഭ്യമായിരുന്നു. പെൻഷൻ വിഹിതം ലഭിക്കാനുള്ളതിന്റെ വിശദ വിവരങ്ങൾ സൂക്ഷിക്കേണ്ടതും കൃത്യമായ ശീർഷകത്തിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

1-1-12 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിക്കുന്നില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അക്കൗണ്ടിങ്ങ്, വിനിമയം തുടങ്ങിയ വിവരങ്ങൾ എ.സി.ആർ. സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല. തൻവർഷത്തെ പ്രസ്തുത ഗ്രാന്റുകളുടെ ധനകാര്യ പത്രികയിലെ ക്രമീകരണങ്ങൾ വാർഷിക പദ്ധതിയിലെ കേന്ദ്ര-സംസ്ഥാന ഗ്രാന്റ് വിനിമയവുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി പി.എം.എ.വൈ. സെൻട്രൽ സ്റ്റേറ്റ് ഷെയർ തൻവർഷം ഗുണഭോക്താക്കൾക്ക് നൽകിയത് 14.2 ലക്ഷം രൂപയായിരുന്നു. എന്നാൽ ടി ഗ്രാന്റ് ബാധ്യതയിൽ നിന്ന് 2,418,335/- രൂപയാണ് തൻവർഷം ഒഴിവാക്കിയത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ച് നിരീക്ഷിക്കേണ്ടതും അക്കൗണ്ടിങ്ങ് കൃത്യമാക്കേണ്ടതുമാണ്.

1-1-13 പാർട്ട് ബില്ലുകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി അക്കൗണ്ട് ചെയ്യുന്നില്ല

പാർട്ട് ബിൽ തുകകൾ പൂർണ്ണമായും Capital Work In Progress ആയി അക്കൗണ്ട് ചെയ്യുന്നില്ല. പാർട്ട് ബിൽ അക്കൗണ്ടിങ്ങും ക്രമീകരണവും കൃത്യമായി നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. അന്തിമ ബിൽ നൽകുമ്പോൾ ബന്ധപ്പെട്ട പ്രവൃത്തിയുടെ പാർട്ട് ബിൽ തുക Capital Work In Progress ൽ നിലനിൽക്കുന്നത് ആസ്തിയായി ക്രമീകരിക്കുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല. പാർട്ട് ബിൽ അക്കൗണ്ട് ചെയ്യുന്നതിലെ അപാകത പരിഹരിക്കേണ്ടതും പാർട്ട് ബിൽ-അന്തിമ ബിൽ ക്രമീകരണങ്ങൾ കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

1-1-14 വാർഷിക പദ്ധതി ചെലവ് Operation And Maintenance ആയി അക്കൗണ്ട് ചെയ്തു

റോഡ് അറ്റകുറ്റപ്പണികൾ നടത്തിയതിന് 4.2 കോടി രൂപയുടെ ചെലവ് തുക Operation And Maintenance വിഭാഗത്തിൽ പദ്ധതിയിതര ചെലവായിട്ടാണ് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രികയിൽ ലിസ്റ്റ് ചെയ്തിരിക്കുന്നത്. സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച റോഡ് പ്രവൃത്തികൾ Decentralised Program-Infrastucture വിഭാഗത്തിൽ വാർഷിക പദ്ധതി ചെലവായിട്ടാണ് അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. K-SMART ൽ മേൽ അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-15 കുടിശിക വരുമാനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം ട്രേഡർമാരുടെ മുൻവർഷ കാലയളവിലെ തൊഴിൽ നികുതി

3,796,203/- രൂപ, IFTE & OS ലൈസൻസ് ഫീസ് 134,800/- രൂപ എന്നിവ ഒടുക്കാനുള്ളവരുടെ വിശദാംശം സൂക്ഷിച്ചിട്ടില്ല (കുടിശിക ഡിമാന്റ് രജിസ്റ്റർ). കുടിശിക വിശദാംശം കണ്ടെത്തി കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും തുടർ വർഷം തന്നെ തുക നഗരസഭ ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്.

1-1-16 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല

ജനപ്രതിനിധികളുടെ 2025 മാർച്ച് മാസത്തെ ഓണറേറിയം, താത്കാലിക-കരാർ ജീവനക്കാരുടെ ശമ്പളം, വൈദ്യുതി, വെള്ളക്കരം തുടങ്ങിയ 31-03-2025 വരെയുള്ള കണ്ടിജന്റ് ചെലവുകൾ 2024-25ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2007-ലെ കേരള മുനിസിപ്പാലിറ്റി(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം അതത് വർഷ ചെലവുകൾ വർഷാവസാനം Payable ആയി ക്രമീകരിച്ച് നഗരസഭ ഫണ്ടിന്റെ തൻവർഷ ബാധ്യതയാക്കി മാറ്റേണ്ടതായിരുന്നു.
തുടർവർഷം മുതൽ സാമ്പത്തിക വാർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യുന്നതിന് K-SMART സോഫ്റ്റ്വെയറിൽ സംവിധാനം ഏർപ്പെടുത്താൻ IKM-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

1-1-17 അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല

2024-25 വർഷത്തെ അക്രുവൽ വരുമാനങ്ങൾ മുൻവർഷ ഡേറ്റയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് വർഷാരംഭത്തിൽ Receivable ആയി ക്രമീകരിക്കുന്നില്ല. നികുതി/നികുതിയേതര ഇനത്തിലെ വാർഷിക വരുമാനം 2024-25 വർഷാദ്യത്തിൽ തന്നെ ഡിമാന്റ് എൻട്രി നടത്തുകയും 2024-25 ൽ നിർണ്ണയിക്കുന്നവ സപ്ലിമെന്ററി ഡിമാന്റായുമാണ് അക്കൗണ്ട് ചെയ്യേണ്ടത്. വസ്തുനികുതി ഇനത്തിൽ വിമുക്തഭടൻമാർക്കുള്ള Exemption, ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്കുള്ള Vacancy Remission എന്നിവ 2024-25 വർഷത്തേക്കുള്ളത് അക്കൗണ്ട് ചെയ്യാത്തതിനാൽ ടി വിവരം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. വാർഷിക ഡിമാന്റ് എൻട്രിയിൽ Gross Demand അക്കൗണ്ട് ചെയ്ത ശേഷം ഒഴിവാക്കൽ തുകകൾ ക്രമീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.
തുടർ വർഷം മുതൽ K-SMART ൽ അക്രുവൽ വരുമാനങ്ങളുടെ ഡാറ്റാബേസ് പ്രകാരമുള്ള ഡിമാന്റ് എൻട്രികൾ വർഷാദ്യം തന്നെ ചെയ്യേണ്ടതാണ്. കൂടാതെ അക്രുവൽ വരുമാനങ്ങൾ Gross Demand അക്കൗണ്ട് ചെയ്യേണ്ടതും Exemption, Vacancy Remission, Write Off തുടങ്ങിയവ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നതിന് ക്രമീകരണ വൗച്ചർ അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

1-1-18 567,849/- രൂപ ലഭിക്കാനുള്ള റിഡംപ്ഷൻ തുകയിൽ അവ്യക്തത

തൻവർഷം റിഡംപ്ഷനായി 5,586,433/- രൂപയാണ് സർക്കാരിലേക്ക് താത്കാലികമായി നൽകിയത്. 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം 6,154,282/- രൂപയാണ് നിലനിൽക്കുന്നത്. 567,849/- രൂപ ലഭിക്കാനുള്ളത് ഏത് കാലയളവിൽ റിക്കവർ ചെയ്തതാണ് എന്നതിൽ വ്യക്തതയില്ല. അവ്യക്തത നിലനിൽക്കുന്ന ടി റിഡംപ്ഷൻ തുക ഏത് കാലയളവിലേത് എന്ന് കണ്ടെത്തി തിരികെ ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് കോറം തികയാത്തതിനാൽ സ്റ്റാൻഡിംഗ് കമ്മിറ്റി പാസ്സാക്കാത്ത സാഹചര്യത്തിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 288 മുതൽ 293 വരെയുള്ള വകുപ്പുകളുടെ അടിസ്ഥാനത്തിൽ ബജറ്റ് സെക്രട്ടറി നഗരസഭാകൗൺസിലിന്റെ പരിഗണനയ്ക്ക് നൽകിയിരുന്നു. നഗരസഭാകൗൺസിലിന്റെ 12.02.2024 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 28.03.2025 തീയതിയിലെ നഗരസഭാകൗൺസിലിന്റെ 1-ാം നം. തീരുമാനപ്രകാരം മേൽ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പരിഷ്ക്കരിച്ച ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	യഥാർത്ഥ ബജറ്റ്	പരിഷ്ക്കരിച്ച ബജറ്റ്
മുന്നിരിപ്പ്	45,45,000.00	2,82,35,290.00
വരവ്	34,44,73,120.00	38,54,97,763.00
ആകെ	34,90,18,120.00	41,37,33,053.00
ചെലവ്	34,37,19,120.00	39,42,87,631.00
നീക്കിയിരിപ്പ്	52,99,000.00	1,94,45,422.00

ബജറ്റ് പ്രകാരം 34.90 കോടി രൂപ വരവും 34.37കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 30.49 കോടി രൂപയും ചെലവ് 28.49 കോടി രൂപയുമാണുള്ളത്.

1-3 സാമ്പത്തിക വിശകലനം

പാലാ നഗരസഭയുടെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, 31-03-2025 ലെ ബാലൻസ് ഷീറ്റ് എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് പത്രിക

മുന്നിരിപ്പ്	28,235,290/-
ഓഡിറ്റ് വർഷത്തെ വരവ്	152,539,610/-
ആകെ	180,774,900/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	146,352,479/-
നീക്കിയിരിപ്പ്	34,422,421/-

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

ഓഡിറ്റ് വർഷത്തെ വരുമാനം	304,975,611/-
ഓഡിറ്റ് വർഷത്തെ ചെലവ്	284,962,147/-
പ്രവർത്തന മിച്ചം	20,013,464/-
അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	(1,689,184/-)
അറ്റ പ്രവർത്തന മിച്ചം	18,324,280/-

ബാലൻസ് ഷീറ്റ് 31-03-2025 തീയതിയിൽ

ആസ്തിമൂല്യം	564,200,969/-
ബാധ്യതകളുടെ മൂല്യം	308,509,557/-
ആകെ ജനറൽ ഫണ്ട് മൂല്യം	255,691,412/-

ഓഡിറ്റ് പ്രത്യവലോകനം

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്)	1,33,779/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1,82,53,188/-

1-4-1 ഗ്രാന്റ് പത്രികയിലെ അലോട്ട്മെന്റ് തുകകളിൽ അപാകത

പാലാ നഗരസഭ ലഭ്യമാക്കിയ 2024-2025 വർഷത്തെ ഗ്രാന്റ് പത്രികയിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ, അലോട്ട്മെന്റ് തുകകൾ എന്നിവ നഗരസഭക്ക് സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് പ്രകാരം അനുവദിച്ച സർക്കാർ ഉത്തരവുകൾ, അലോട്ട്മെന്റ് തുകകൾ എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവുകളിലെ വിശദാംശങ്ങൾ, ഗ്രാന്റ് പത്രികയിലെ വിവരങ്ങൾ

എന്നിവ ചുവടെ പട്ടികയിൽ ചേർക്കുന്നു.

സർക്കാർ ഗ്രാന്റ്	ബജറ്റ് അലോട്ട്മെന്റ് സർക്കാർ ഉത്തരവ്	അലോട്ട്മെന്റ് തുക	ഗ്രാന്റ് പത്രികയിൽ ചേർത്തിട്ടുള്ള സർക്കാർ ഉത്തരവ്	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അലോട്ട്മെന്റ്
വികസന ഫണ്ട് - ജനറൽ	GO (Rt) No. 3510/2024/Fin 19-04-2024	6,500,300/-	GO(Rt)No.3970/2024/ Fin 09-05-2024	1,264,900/-
	GO (Rt) No. 9106/2024/Fin 07-12-2024	6,500,300/-	GO(Rt)No.6392/2024/ Fin 21-08-2024	4,788,759/-
	GO (Rt) No. 1625/2025/Fin 20-02-2025	6,500,400/-	GO(Rt)No.2821/2025/ Fin 22-03-2025	16394/-
വികസന ഫണ്ട് SCP	GO (Rt) No. 3510/2024/Fin 19-04-2024	858,300/-	GO(Rt)No.9106/2024/ Fin 07-12-2024	5,940,300/-
	GO (Rt) No. 9106/2024/Fin 07-12-2024	858,300/-	GO(Rt)No.2013/2025/ Fin 03-03-2025	547,975/-
	GO (Rt) No. 1625/2025/Fin 20-02-2025	858,400/-	GO(Rt)No.2866/2025/ Fin 22-03-2025	548,175/-
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	GO (Rt) No. 3370/2024/Fin 15-04-2024	17,481,000/-	GO(Rt)No.3510/2024/ Fin 19-04-2024	858,300/-
	GO (Rt) No. 6203/2024/Fin 18-08-2024	17,481,000/-	GO(Rt)No.4802/2024/ Fin 18-06-2024	904,622/-
	GO (Rt) No. 8861/2024/Fin 30-11-2024	17,480,000/-	GO(Rt)No.6162/2024/ Fin 12-08-2024	547,975/-
മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ്	GO (Rt) No. 3370/2024/Fin 15-04-2024	19,567,330/-	GO(Rt)No.3370/2024/ Fin 15-04-2024	17,481,000/-
	GO (Rt) No. 6203/2024/Fin 18-08-2024	19,567,330/-	GO(Rt)No.8349/2024/ Fin 11-11-2024	547,975/-
	GO (Rt) No. 8861/2024/Fin 30-11-2024	19,567,340/-	GO(Rt)No.9009/2024/ Fin 05-12-2024	19,567,340/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്	GO (Rt) No. 9266/2024/Fin 12-12-2024	4,788,759/-	GO(Rt) No.454/2025/ Fin 17-01-2025	547,975/-
	GO (Rt) No.4802/2024/Fin 18-06-2024	904,622/-	GO(Rt)No.1625/2025/ Fin 20-02-2025	1,217,061/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ്	GO (Rt) No. 9266/2024/Fin 12-12-2024	3,192,604/-	GO(Rt)No.5493/2024/ Fin 12-07-2024	1,095,950/-
	GO (Rt) No.4802/2024/Fin 18-06-2024	116,826/-	GO(Rt)No.6203/2024/ Fin 13-08-2024	17,481,000/-
	GO (Rt) No.2075/2025/Fin 04-03-2025	116,826/-	GO(Rt)No.1306/2025/ Fin 12-02-2025	547,975/-

2024-25 ഗ്രാന്റ് പത്രികയിലെ അലോട്ട്മന്റ് തുകകൾ, സർക്കാർ ഉത്തരവായി ചേർത്തിരിക്കുന്ന വിവരം എന്നിവയിലെ വ്യത്യാസവും തെറ്റുകളും വന്നത് പരിഹരിച്ച് 2024-25 വർഷത്തെ കൃത്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം പരിശോധക്ക് ലഭ്യമാക്കേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം

പാലാ നഗരസഭയുടെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ആരോഗ്യ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക	%
വികസന ഫണ്ട്- ജനറൽ	0	1,95,01,000/- (358,661/-) (195,010/-)	18,947,329/-	14,984,948/-	3,962,381/-	79.08
വികസന ഫണ്ട്- SCP	0	2,575,000/- 358,661/-	2,933,661/-	2,307,235/-	626,426/-	78.65
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	1687794	116826 + 275644 (പലിശ) = 392,470/-	2,080,264/-	9,124,320/-	(7,044,056/-)	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	6130110	5,693,381/-	11,823,491/-	4,621,806/-	7,201,685/-	39.09
മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്	0	58,702,000/-	58,702,000/-	56,142,047/-	2,559,953/-	95.64
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	0	52,442,000/-	52,442,000/-	47,333,038/-	5,108,962/-	90.26
ആരോഗ്യ ഗ്രാന്റ്-സ്കീം5	2383173	68,360/-	2,451,533/-	2,367,000/-	84,533/-	96.55
ആരോഗ്യ ഗ്രാന്റ്-സ്കീം6	5619169	2,427,175/-	8,046,344/-	945,076/-	7,101,268/-	11.75
ലൈബ്രറി ഗ്രാന്റ്	0	29,700/-	29,700/-	29,700/-	0	100
NULM ഫണ്ട്	0	732,767/-	732,767/-	732,767/-	0	100
Total Sanitation	0	152,000/-	152,000/-	0	152,000/-	-

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ സാമ്പത്തിക വർഷത്തെ മൂന്ന് ഗഡുക്കളും പൂർണ്ണമായും തൻവർഷം ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഒന്നാം ഗഡു നഗരസഭക്ക് ലഭിച്ചില്ല. 2020-21 മുതൽ 2022-23 വരെ ചെലവഴിക്കാതെ ലാപ്സായ ടൈഡ് ഫണ്ട് രണ്ട് ഗഡുക്കളായി അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.

വികസന ഫണ്ടിൽ നിന്ന് സ്രോതസ്സിൽ തുകകൾ കുറവ് ചെയ്തതിന്റെ വിശദാംശങ്ങളും, നഗരസഭക്ക് ലഭിച്ച അറ്റ ഗ്രാന്റ് വിവരവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

സർക്കാർ ഗ്രാന്റ് - ഇനം	സംസ്ഥാന ബജറ്റ് അലോട്ട്മെന്റ്	ആകെ ലഭിച്ച അലോട്ട്മെന്റ്	സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഒ. പ്രോജക്ട്)	ആകെ അറ്റ അലോട്ട്മെന്റ്
വികസന ഫണ്ട്- ജനറൽ	19,501,000/- (358,661/-) SCP ക്രമീകരണം (195010) ഫൈൻ	18,947,329/-	1095000 (അങ്കണവാടി) 1,120,000/- ലോൺ തിരിച്ചടവ് ആകെ – 2,215,000/-	16,732,329/-
വികസന ഫണ്ട്- SCP	2,575,000/- 358,661/-	2,933,661/-	ഇല്ല	2,933,661/-

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1) വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ 2024-25 വർഷത്തെ അലോട്ട്മെന്റുകൾ വിവിധ ഉത്തരവുകൾ പ്രകാരമുള്ളത് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

ആയതിനാൽ ഗ്രാന്റ് പത്രിക, ഓൺലൈൻ എ.സി.ആർ. എന്നിവയിൽ അലോട്ട്മെന്റുകൾ കൃത്യമായി പ്രതിഫലിക്കുന്നില്ല.

2) 21-08-2024 ലെ G.O.(Rt) No.6392/2024/Fin നം. ഉത്തരവ് പ്രകാരം ലഭിച്ച ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ് തുക 3,192,604/- രൂപ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാതെ നഷ്ടപ്പെടുത്തി. വിശദാംശം ഖണ്ഡിക 23 ആയി ചേർത്തിരിക്കുന്നു.

3) ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടിസ്ഥാന ഗ്രാന്റ് നഗരസഭ ഫണ്ടിൽ ലഭിക്കാതെ തന്നെ ടൈഡ് ഗ്രാന്റ് ഉൾപ്പെടെ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പിൽ നിന്ന് ചെലവഴിച്ചു. ആയതിനാൽ അടിസ്ഥാന ഗ്രാന്റിന്റെ 31-03-2025 ലെ നീക്കിയിരിപ്പ് നെഗറ്റീവ് ആയിരിക്കുന്നു.

4) ശുചിത്വ മിഷൻ (19373/-), ദുരന്ത നിവാരണം (23,461/-), മറ്റ് ഏജൻസി (528,964/-), വെൽഫെയർ ബോഡീസ് (17,854,788/-) എന്നിങ്ങനെ 1.84 കോടിയിലധികം ഗ്രാന്റ് തുക ചെലവഴിക്കാതെ ബാധ്യതയായി തുടരുന്നു. ഗ്രാന്റുകളുടെ ACR സൂക്ഷിക്കാത്തതിനാൽ ഇവ എന്തെല്ലാം ഉദ്ദേശ്യങ്ങൾക്ക് ലഭ്യമായതാണ് എന്ന് വ്യക്തതയില്ല.

5) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ ഗ്രാന്റ് ബാധ്യത ക്രമീകരിക്കുന്നത് കൃത്യമല്ല. ഉദാഹരണമായി PMAY ഗ്രാന്റ് 14.2 ലക്ഷം രൂപ തൻവർഷം ചെലവഴിച്ചപ്പോൾ ഗ്രാന്റ് ബാധ്യത 24.18 ലക്ഷം ക്രമീകരണത്തിലൂടെ ഒഴിവാക്കിയത് ആധികാരികമല്ല. ACR സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിലെ ക്രമീകരണം ചെയ്യാൻ വിട്ടുപോയത് തൻവർഷം ക്രമീകരിച്ചതാണോ എന്ന് വ്യക്തതയില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിൽ മേൽവിവരിച്ച പ്രകാരമുള്ള അപാകതകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

1-5 വാർഷികപദ്ധതി അവലോകനം

പാലാ നഗരസഭയുടെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) 04-03-2025 ലെ 84898/24/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ആസൂത്രണസമിതിയുടെ അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ 186 സ്പിൽഓവർ പ്രോജക്ടുകളും 219 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 405 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച/ നടപ്പിലാക്കിയ പ്രോജക്ട് ശതമാനം
405	24,72,00,478	255	13,88,16,756	150	62.9%

വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

ആസൂത്രണസമിതി യോഗം	18-12-2023
വർക്കിങ്ങ് ഗ്രൂപ്പ് യോഗം	21-12-2023
പദ്ധതിരൂപീകരണവാർഡ് സഭകൾ	29-12-2023മുതൽ 31-12-2023വരെ
ഭിന്നശേഷി വാർഡ്സഭ	06-01-2024
നിർവ്വഹണോദ്യോഗഥരുടെ യോഗം	30-01-2024, 05-10-2024
വികസനസെമിനാർ	15-01-2024

തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 12 നിർവ്വഹണോദ്യോഗസ്ഥരിൽ ഹെൽത്ത് ഓഫീസർ, അസിസ്റ്റന്റ് എൻജിനീയർ, എന്നിവരുടെ ചെലവ് 50 ശതമാനത്തിലും താഴെയാണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം (സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്)ചുവടെ ചേർക്കുന്നു.

ക്രമ	നിർവ്വഹണോദ്യോഗസ്ഥർ	അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തൽ	തുക ചെലവഴിക്കപ്പെട്ട പ്രോജക്ടുകളുടെ എണ്ണം	ചെലവഴിച്ച തുക	ചെലവ് ശതമാനം

1	മെഡിക്കൽ ഓഫീസർ , ആയുർവേദം	4	15,48,500	4	15,24,389	98.44
2	മെഡിക്കൽ ഓഫീസർ, ഹോമിയോ	3	7,75,000	2	6,50,000	83.87
3	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	1	6,01,985	0	0	0
4	കൃഷി ഓഫീസർ	6	8,05,000	6	7,35,290	91.34
5	സെക്രട്ടറി	37	1,46,78,363	24	97,86,741	66.67
6	വെറ്റിറിനറി സർജൻ	5	8,27,800	5	7,00,659	84.64
7	ഹെൽത്ത് ഓഫീസർ	38	1,97,60,245	19	88,79,110	44.93
8	മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി	18	4,76,68,813	17	4,74,16,735	99.47
9	മുനിസിപ്പൽ എൻജിനീയർ	1	4,31,259	1	4,30,673	99.86
10	അസിസ്റ്റന്റ് എൻജിനീയർ	279	15,42,84,530	164	6,39,95,946	41.47
11	ഐസിഡിഎസ് സൂപ്പർവൈസർ	11	48,18,983	11	36,97,710	76.73
12	പ്രിൻസിപ്പൽ, ഗവ.ഹയർസെക്കൻഡറി സ്കൂൾ	2	10,00,000	2	9,99,503	99.95
	ആകെ	405	24,72,00,478	255	13,88,16,756	56.15

ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രോജക്ട് നഗരസഭ ഗുണഭോക്താക്കളെ ലഭ്യമാക്കാത്തിനാൽ നടപ്പാക്കാൻ സാധിച്ചിരുന്നില്ല. വാർഷികപദ്ധതിയിലെ വളരെയധികം പ്രോജക്ടുകളും(150എണ്ണം) നടപ്പായിട്ടില്ലാത്തതോ/തുക ചെലവഴിച്ചിട്ടില്ലാത്തതോ ആയ സാഹചര്യം സാമ്പത്തികപ്രതിസന്ധി നേരിടുന്ന നഗരസഭയെ സംബന്ധിടത്തോളം ഗൗരവമായി കാണേണ്ടതാണ്. ഭരണഘടനാനുസൃതമായി നഗരസഭയിൽ നിക്ഷിപ്തമായ ചുമതലാനിർവ്വഹണത്തിനുവേണ്ടി ലഭ്യമാവുന്ന വികസനഫണ്ട് ഉൾപ്പെടെയുള്ള ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥ ആശാസ്യമല്ല. നഗരസഭയുടെ റോഡ്, റോഡിതരസംരക്ഷണഗ്രാന്റുകൾ മികച്ച ചെലവ് പുരോഗതി കൈവരിക്കാൻ സാധിച്ചിരുന്നു.

1.22 കോടിയിലധികം രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു

അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പടെയുള്ള നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത 150 ഓളം പ്രോജക്ടുകൾ വിവിധ കാരണങ്ങളാൽ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ യഥാസമയം പണമാക്കാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	നീക്കിയിരിപ്പ്/ലാപ്സായ തുക	%
വികസന ഫണ്ട്-ജനറൽ	3,962,381/-	79.08
വികസന ഫണ്ട്-SCP	626,426/-	78.65
മെയിന്റനൻസ്ഗ്രാന്റ്- നോൺ റോഡ്	2,559,953/-	95.64
മെയിന്റനൻസ്ഗ്രാന്റ്- റോഡ്	5,108,962/-	90.26
ആകെ	1,22,57,722	

വികസന പദ്ധതികൾക്ക് സർക്കാരുകൾ ലഭ്യമാക്കുന്ന ധനസഹായവും നിയമപ്രകാരം ലഭ്യമാകുന്ന വിഹിതവും ചെലവഴിക്കപ്പെടാത്ത നടപടി ആശാസ്യമല്ല. 1994 -ലെ കേരളമുനിസിപ്പാലിറ്റി നിയമത്തിലെ ഷെഡ്യൂളുകളിൽ (ഇൻഡ്യൻ ഭരണഘടനയുടെ 12-ാം ഷെഡ്യൂൾ അടിസ്ഥാനമാക്കിയുള്ളവ) പ്രതിപാദിച്ചിട്ടുള്ള നഗരസഭയിൽ നിക്ഷിപ്തമായ പല ചുമതലകളും നിർവ്വഹിക്കപ്പെടാതെ അവശേഷിക്കുമ്പോഴും അനുവദിച്ച ഫണ്ട് ലാപ്സാകുന്ന സ്ഥിതിവിശേഷം വർഷങ്ങളായി ആവർത്തിക്കപ്പെടുന്നു. പദ്ധതിരൂപീകരണം മുതൽ പൂർത്തീകരണവും ബിൽ തയ്യാറാക്കലും

ഉൾപ്പെടെയുള്ള അവസാനഘട്ട പ്രവർത്തനങ്ങൾ വരെ ചിട്ടയായും ക്രമമായും സമയനിഷ്ഠ പാലിച്ചും നടപ്പാക്കി സർക്കാർ ഗ്രാന്റുകൾ ഫലപ്രദമായും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്. ആയതിനു് ഭരണസമിതിയുടെ ശ്രദ്ധയോടെയുള്ള ഇടപെടലുകളും പ്രവർത്തനങ്ങളും മേൽനോട്ടവും അനിവാര്യമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർനിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

2024-25 വർഷം 147 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 279 പ്രോജക്ടുകളുടെ നിർവ്വഹണചുമതല മുനിസിപ്പൽ എഞ്ചിനീയറെ ഏൽപ്പിച്ചിരുന്നു. ഭാഗികമായി നിർവ്വഹിച്ചതുൾപ്പെടെ 166 പ്രോജക്ടുകൾക്കാണ് തൻവർഷം തുക ചെലവഴിച്ചത്. 147 സ്പിൽ ഓവർ പ്രോജക്ടുകളിൽ 114 എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചെങ്കിലും പുതിയതായി ഏറ്റെടുത്ത 132 പ്രോജക്ടുകളിൽ 52എണ്ണത്തിന് മാത്രമാണ് തൻവർഷം ചെലവുള്ളത്. 15.43 കോടി രൂപ വകയിരുത്തിയതിൽ 6.39 കോടി രൂപ മാത്രമാണ് ചെലവഴിക്കാനായത്. (ചെലവു ശതമാനം 41.47). റോഡ് പുനരുദ്ധാരണ പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ മെയിന്റൻസ് ഫണ്ട് റോഡിനത്തിൽ 51.08 ലക്ഷം രൂപ നഗരസഭക്ക് നഷ്ടമായി. ഇത്രയധികം പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാത്തത് മൂലം തൻവർഷത്തെ വിനിയോഗലക്ഷ്യം കൈവരിക്കപ്പെട്ടില്ലെന്നു മാത്രമല്ല പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന ഭൗതികനേട്ടം ആർജ്ജിക്കാൻ കഴിഞ്ഞതുമില്ല.

സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന 33 പ്രോജക്ടുകൾ നടപ്പാക്കിയില്ല. പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. 29.3.17-ലെ ജി.ഒ (എം.എസ്) 72/2017/തസ്വഭവ നമ്പർ മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾ അവ സ്പിൽ ഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാത്തത് മൂലം തൻവർഷത്തെ വികസന പ്രവർത്തനത്തിനുപയോഗപ്പെടുത്തേണ്ട സർക്കാർ ഗ്രാന്റുകൾ നഷ്ടമാകാനിടയായ സാഹചര്യം മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

ഫയൽ നം.H4/16132/18

നഗരസഭയുടെ 2024-25 വർഷത്തെ 35202398/-രൂപയുടെ ലേബർ ബജറ്റ് 17.02.24 ലെ നഗരസഭ കൗൺസിൽ തീരുമാനം 3 പ്രകാരം അംഗീകരിച്ചു. 26 വാർഡുകൾ ഉള്ളതിൽ 168 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെ 208 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. ഇതിൽ സാങ്കേതികാനുമതി ലഭിച്ച 55 പദ്ധതികളിൽ 55 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 21021 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. നീർച്ചാൽ തെളിക്കൽ, മഴക്കാലപൂർവ്വ ശുചീകരണം, മാലിന്യശേഖരണവും സംസ്കരണവും, ജൈവകൃഷി മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. മേൽപദ്ധതിയുടെ വിനിമയം രേഖപ്പെടുത്തുന്നതിനായി മാത്രം സൂക്ഷിക്കുന്ന സബ്സിഡിയറി ക്യാഷ്ബുക്ക്പ്രകാരമുള്ള 2024-25 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

വരവ്		ചെലവ്	
മുന്നിരിപ്പ് (01-04-2024)	2667.82	ഭരണ ചെലവ്-ശമ്പളം	468722
പലിശ വരവ്	76	വേതനം	7021959
ട്രഷറി അലോട്ട്മെന്റ്	7557893	ഭരണ ചെലവ്(കമ്പ്യൂട്ടർ+നെറ്റ് ചാർജ്)	67212
		മറ്റുള്ളവ	1002.41
		നഗരസഭ തനത് ഫണ്ട് മുൻകൂർ തിരിച്ചടവ്	0
		നീക്കിയിരിപ്പ്(31-03-2025)	**Bank- 1741.41**
ആകെ വരവ്	**7560636.82**	**ആകെ**	**7560636.82**

ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	ചെലവഴിച്ചതുക	ഗുണഭോക്താക്കളുടെ എണ്ണം

കർഷകതൊഴിലാളി പെൻഷൻ	1,596,800	62
വിധവാ പെൻഷൻ	10,400,800	472
വാർദ്ധക്യകാല പെൻഷൻ	29,311,200	1340
വികലാംഗ പെൻഷൻ	3,182,800	134
അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ	956,800	40

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2025 തീയതിയിൽ 3.00 പി എം-ന് ഓഫീസ് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 187663/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓരോ മാസത്തെയും ശമ്പളം/പെൻഷൻ ചെലവുകൾ പോലും യഥാസമയം നിർവ്വഹിക്കാൻ പറ്റാത്ത രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് നഗരസഭ കടന്നു പോകുന്നതെങ്കിലും നഗരസഭയുടെ തനതുഫണ്ട് വർദ്ധിപ്പിയ്ക്കുന്നതിനോ, നിലവിലുള്ള വിവിധ നികുതി/നികുതിയേതര വരവിനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനോ ഭരണതലത്തിൽ വേണ്ടത്ര നടപടികൾ സ്വീകരിയ്ക്കപ്പെട്ടിട്ടില്ല.. വസ്തുനികുതി/തൊഴിൽനികുതിയിനങ്ങളിൽ തന്നെ 3 കോടിയിലധികം രൂപ കുടിശ്ശികയായി അവശേഷിക്കുന്നു. അതുപോലെ വാടകയിനത്തിലും 56ലക്ഷം രൂപ കുടിശ്ശിക നിലനിൽക്കുന്നു. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 8കോടിയിലധികം രൂപയും നഗരസഭയ്ക്ക് ലഭിയ്ക്കാനുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പെൻഷൻ അംശദാനം കൃത്യമായി ഒടുക്കാത്തതിനാൽ സെൻട്രൽ പെൻഷൻ ഫണ്ടുമായുള്ള വിനിമയകണക്കുകൾ പരസ്പരം അംഗീകരിക്കപ്പെട്ട നിലയിൽ സെറ്റിൽ ചെയ്യാൻ സാധിച്ചിട്ടില്ല. വരവിനങ്ങളിൽ കുടിശ്ശികയായി കോടികൾ നിലനിൽക്കുമ്പോൾ തന്നെ വായ്പാ കുടിശ്ശികയിനത്തിലും, പെൻഷൻ കോൺട്രിബ്യൂഷൻ, വെള്ളക്കരം, ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ, ഡെപ്പോസിറ്റ് റീഫണ്ട് , ഗ്രാന്റുകളുടെ തിരിച്ചടവ് എന്നീയിനങ്ങളിലും കോടികൾ ബാധ്യതയായും ശേഷിയ്ക്കുന്നു.നഗരസഭയുടെ നിലവിലെ ശോചനീയമായ സാമ്പത്തിക സ്ഥിതി പരിഗണിച്ചും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യേണ്ട സാഹചര്യം പരിഗണിച്ചും വസ്തുനികുതിയിന്മേൽ സേവന ഉപനികുതി കൂടി ചുമത്തുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്.

നികുതി നികുതിയേതര വരുമാനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഡി.സി.ബി കൃത്യമായി തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ വർഷം തിരിച്ചുള്ള മുന്നിരിപ്പ് വിശദാംശങ്ങളും, വർഷാന്ത്യക്ലോസിംഗുകളും ഉൾപ്പെടുത്തി പൂർണമാക്കിയിട്ടില്ല. ആയതിനാൽ മുൻകാല അഡ്വാൻസുകൾ ക്രമീകരിയ്ക്കുന്നതിനോ കാലഹരണപ്പെട്ട തുകകൾ മുതൽക്കൂട്ടുന്നതിനോ, സാധിച്ചിട്ടില്ല. ഗവൺമെന്റ്/അദർ ഡ്യൂസ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. പ്രത്യേക ഉദ്ദേശ്യഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ , വരവിനങ്ങളുടെ ഡി സി ബി എന്നിവ കൃത്യമാക്കി പരിപാലിക്കാത്തതിനാൽ വർഷങ്ങളായി നഗരസഭയ്ക്ക് അർഹമായ വിടവ് നികത്തൽ സാക്ഷ്യപ്പെടുത്താൻ കഴിയുന്നില്ല. തന്മൂലം ഇപ്രകാരം ലഭ്യമാകാൻ സാധ്യതയുള്ള ഫണ്ടും നഷ്ടമാകുന്ന സാഹചര്യം നിലനിൽക്കുന്നു.

നിരവധി ലാന്റ് അക്വിസിഷൻ നടപടികളും അതിനെ തുടർന്ന് കോടതി വ്യവഹാരങ്ങളിലൂടെ സ്ഥലഉടമകൾക്ക് വൻതുകകൾ വർഷങ്ങൾക്ക് ശേഷം പലിശസഹിതം നൽകേണ്ടി വരുന്ന സാഹചര്യവും നിലനിൽക്കുന്നു. വിവിധ കേസുകളുടെ നടത്തിപ്പിനായി വളരെയധികം തുക ചെലവഴിക്കുന്നുണ്ടെങ്കിലും നഗരസഭയ്ക്ക് അനുകൂലമായി വിധിയുണ്ടാകുന്നില്ലാത്ത സാഹചര്യം പരിശോധിക്കേണ്ടതും കോടതി ഉത്തരവുകൾക്ക് കാലവിളംബം കൂടാതെ തീർപ്പുണ്ടാകുന്നതിനുമുള്ള നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു ഫയലിലും കാണുന്നില്ല.

പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	08.10.2007	2006-07	എഫ്-3517(8)/08 തീയതി : 17.10.2008
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01.06.2023 മുതൽ 22.06.2023 വരെ	2018-19 മുതൽ 2022-23 വരെ	Audit-I/AMG-I/(HQ)II/I/ C-3/8A-19/2023-24/194 തീയതി: 15.09.2023

1-11 നഗരസഭയുടെ സാമ്പത്തിക സ്ഥിതി അതീവ ദുർബലം - കണക്കുകൾ കൃത്യമാക്കിയിട്ടില്ല

പാലാ നഗരസഭയുടെ 2024-25 ധനകാര്യ പത്രിക 01-04-2024 ലെ മുന്നിരിപ്പ് കണക്കുകൾ (31-03-2024 ലെ ബാലൻസ് ഷീറ്റ്), 2024-25 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, 2024-25 റിസീറ്റ് & പേമെന്റ് പത്രിക, 31-03-2025 ലെ ബാലൻസ് ഷീറ്റ് എന്നിവ പ്രതിഫലിപ്പിക്കുന്ന സാമ്പത്തിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ തനത് വരുമാനത്തിന്റെയും തനത് ചെലവിന്റെയും അവലോകനം നടത്തി. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു

ക്രമ നം.	ഇനം	തുക
1.	**തനത് ഫണ്ട് മുന്നിരിപ്പ്**	
1(a)	ബാങ്ക് ക്യാഷ് മുന്നിരിപ്പ്(01-04-2024)	28,235,290/-
1(b)	മുന്നിരിപ്പിൽ നിലനിൽക്കുന്ന ബാധ്യത 31-03-2024 ബാലൻസ് ഷീറ്റിലുള്ളത്(B4, B7, B8 ഷെഡ്യൂളുകൾ))	171,432,889/-
ആകെ	**തനത് ഫണ്ട് മുന്നിരിപ്പ് 1 = 1(a) – 1(b)**	**(13,046,788/-)**
2.	2024-25 തനത് വരുമാനം	
2(a)	നികുതി നികുതിയേതര വരുമാനം	93,430,250/-
2(b)	General Purpose Fund	7,292,825/-
ആകെ	**തനത് വരുമാനം 2 = 2(a) + 2(b)**	**100,723,075/-**
3.	**തനത് ഫണ്ട് ചെലവ് 2024-25**	
3(a)	Establishment	77,708,660/-
3(b)	Admnistrative	2,178,055/-
3(c)	Operation & Maintenance	6,473,473/-
ആകെ	**തനത് ഫണ്ട് ചെലവ് 3 = 3(a) + 3(b) + 3(c)**	**86,360,188/-**
4.	**31-03-2025 തനത് ഫണ്ട് നീക്കിയിരിപ്പ് (4 = 1+2-3)**	**1,316,099/-**
5.	**31-03-2025 ൽ പിരിച്ചെടുക്കാനുള്ള തുക/മുൻകൂർ**	
5(a)	Investment/Share	189,462/-
5(b)	Sundry Debtors	37,031,083/-
5(c)	Advance From Own Fund	2,026,260/-
ആകെ	**പിരിച്ചെടുക്കാനുള്ള തുക 5 = 5(a) + 5(b) + 5(c)**	**39,246,805/-**
	31-03-2025 ലെ അറ്റ തനത് ഫണ്ട് നീക്കിയിരിപ്പ് (4-5)	**(37,930,706/-)**

നഗരസഭയുടെ തനത് ഫണ്ടിന്റെ ഗ്രോസ് നീക്കിയിരിപ്പ് 13.16 ലക്ഷം രൂപയാണ് പ്രതിഫലിപ്പിക്കുന്നത് എങ്കിലും വിവിധ നികുതി നികുതിയേതര വരുമാനങ്ങൾ ഡിമാന്റ് ചെയ്യപ്പെട്ടത് പിരിച്ചെടുക്കാത്തതിനാൽ അറ്റ തനത് ഫണ്ട് നീക്കിയിരിപ്പിൽ 3.79 കോടി രൂപ കമ്മിയാണ്. തനത് വരുമാനങ്ങൾ സമയബന്ധിതമായി നഗരസഭ ഫണ്ടിലേക്ക് പിരിച്ചെടുക്കാൻ സാധിക്കാത്തതാണ് അപ്രകാരം സാമ്പത്തിക സ്ഥിതി ദുർബലമാകാൻ കാരണം.

നഗരസഭയുടെ ബാധ്യതകൾ കൃത്യമായി കണ്ടെത്തി അക്കൗണ്ട് ചെയ്യാനും കഴിഞ്ഞിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടാതെ തുടരുന്ന ബാധ്യതകൾ എത്രയാണ് എന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല. ഉദാഹരണമായി കേരള വാട്ടർ അതോറിറ്റിയിൽ 12 കൺസ്യൂമർ നമ്പറുകളിലായി 45,631,944/- രൂപ കുടിശ്ശികയുള്ളതായി KWA ഡിമാന്റ് നോട്ടീസ് ഹാജരാക്കിയിട്ടുണ്ട്. ടി തുക കാലയളവ്

കണക്കാക്കി നഗരസഭയുടെ ബാധ്യതയാക്കിയിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഹാളുകൾ, കെട്ടിടങ്ങൾ എന്നിവ കുത്തകക്കാർക്ക് നൽകിയ കാലയളവിലെ കുടിശ്ശികയാണോ എന്നും നഗരസഭയുടെ ബാധ്യതയാണോ എന്നും വ്യക്തമാക്കുന്ന രേഖകളില്ല.
മുൻവർഷങ്ങളിൽ നഗരസഭയുടെ വരുമാനങ്ങൾ അക്രുവൽ ഡിമാന്റായി അക്കൗണ്ട് ചെയ്യപ്പെടാതെ വന്നിട്ടുണ്ടോ എന്നും ബാധ്യതകൾ കണ്ടെത്തി അക്കൗണ്ട് ചെയ്യാതെ അവശേഷിക്കുന്നുണ്ടോ എന്നും കൃത്യമായ അനുബന്ധരേഖകൾ സൂക്ഷിക്കാത്തതിനാൽ വ്യക്തതയില്ല. നഗരസഭയിൽ നിലനിൽക്കുന്ന ബാധ്യതകൾ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഉടമസ്ഥർക്ക് അനുവദിക്കുന്നത് എന്നാണ് ഇടപാടുകളിൽ കാണുന്നത്. 31-03-2025 ലെ ബാധ്യതകൾ ആർക്കെല്ലാമാണ് എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും നഗരസഭയിൽ ക്രോഡീകരിച്ചിട്ടില്ല (ഉദാഹരണം-നിക്ഷേപങ്ങൾ). ആയതിനാൽ നഗരസഭയുടെ ഗ്യാപ് ഫണ്ട് അർഹത നിർണ്ണയിക്കാനും സാധിക്കുന്നില്ല.
23-08-2025 ലെ സ.ഉ.(കൈ) നം.156/2025/LSGD പ്രകാരം K-SMART ആരംഭിച്ച ശേഷം നഗരസഭയുടെ ആസ്തി ബാധ്യതകൾ കൃത്യമാക്കാൻ സർക്കാർ നിർദ്ദേശിച്ച് 30-11-2025 തീയതി വരെ 2024-25 ധനകാര്യ പത്രിക സമർപ്പിക്കാൻ അവസരം നല്കിയിട്ടും നഗരസഭക്ക് രേഖകൾ ക്രോഡീകരിച്ച് കണക്കുകൾ തയ്യാറാക്കാൻ സാധിച്ചില്ല. നഗരസഭയുടെ വാർഷിക കണക്കുകളിലെയും രേഖകളുടെ സൂക്ഷിപ്പിലെയും അപാകതകൾ എല്ലാം ഭരണസമിതി പരിഗണിച്ച് ആയത് പരിഹരിച്ച ശേഷം തുടർ വർഷം മുതൽ ധനകാര്യ പത്രിക ആധികാരികമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12 ബാങ്കിൽ കളക്ഷൻ തുക ഒടുക്കിയതിൽ കുറവ്

07.12.2025 ലെ ഡേ ബുക്ക് പ്രകാരം 27000 രൂപയാണ് ക്യാഷ് പെയ്മന്റായി ലഭിച്ചിട്ടുള്ളത്. തനത് ഫണ്ടിലെ ക്യാഷ് വരവുകൾ നിക്ഷേപിക്കുന്ന കാനറാ ബാങ്ക് അക്കൗണ്ടിന്റെ (നം.11016969667780) സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 08.12.2025 തീയതിയിൽ 26500 രൂപയാണ് ബാങ്കിൽ ക്രെഡിറ്റായിട്ടുള്ളത്. 07.01.2025 ൽ പിരിച്ചതിലും 500 രൂപ കുറവായാണ് ബാങ്കിൽ ഒടുക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 46/25.02.2026) നു മറുപടി ലഭ്യമാക്കിയിട്ടില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്. തുക പൂർണ്ണമായും ബാങ്കിൽ ഒടുക്കാത്ത നടപടിക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും, തുക ഉത്തരാവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബാങ്കിൽ ഒടുക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

1-13 വസ്തു നികുതി ഇനത്തിൽ ലഭിച്ച ചെക്ക് മടങ്ങി-തുക അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല

30.04.2025 ൽ ശ്രീ. തോമസ് ചാണ്ടി എന്നയാൾ 000086/30.04.2025 നമ്പരിലുള്ള ചെക്ക് മുഖേന 14136 രൂപ 2024-25 വർഷത്തെ വസ്തു നികുതി ഇനത്തിൽ ഒടുക്കുകയും R-M050100-25001534 - 30-04-2025 എന്ന നമ്പരിൽ രസീത് നൽകുകയും ചെയ്തിരുന്നു . തുക 03.05.2025ൽ അക്കൗണ്ടിൽ ക്രെഡിറ്റായെങ്കിലും അതേ ദിവസം തന്നെ അക്കൗണ്ട് ബ്ലോക്ക്ഡ് എന്ന കാരണത്താൽ തുക ബാങ്ക് പിൻവലിക്കുകയും ചെയ്തിരുന്നു. ടി തുക പിന്നീട് അക്കൗണ്ടിൽ എത്തിയിട്ടില്ല. അക്കൗണ്ട് ബ്ലോക്ക്ഡ് എന്ന കാരണത്താൽ ചെക്ക് മടങ്ങിയത് സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി 03/17.02.2026 നു ലഭ്യമാക്കിയ മറുപടിയിൽ തുക ഒടുക്കിയ ആളുടെ കെ.വൈ.സി പൂർത്തീകരിക്കാത്തതിനാലാണ് ചെക്ക് മടങ്ങിയതെന്നും, തുക അടയ്ക്കാൻ തയാറാണെന്നും ശ്രീ തോമസ് ചാണ്ടി അറിയിച്ചതായും ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് രസീത് ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രസീത് പ്രകാരം ഒടുക്കിയ തുക ടിയാന്റെ വസ്തു നികുതി ഡിമാന്റിനനുസൃതമായി പോസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. രസീത് ക്യാൻസൽ ചെയ്ത് 14136 രൂപ ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-14 ബാങ്ക് റിക്കൺസിലിയേഷൻ റിപ്പോർട്ട് - ക്രമീകരിച്ച ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

പാലാ നഗരസഭയുടെ 2024-25 വർഷത്ത ധനകാര്യ പത്രികയുടെ ബി 17 ഷെഡ്യൂൾ പ്രകാരം 26 ബാങ്ക് അക്കൗണ്ടുകളാണ് മുനിസിപ്പാലിറ്റിയുടേതായുള്ളത്. കെ സ്മാർട്ടിൽ ലഭ്യമായ റിക്കൺസിലിയേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളിൽ ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് ടു ബാങ്ക്, ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേഡ് എന്നീ ഇനങ്ങളിൽ തുകകൾ ക്രമീകരിച്ച് ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് ബാലൻസുകൾ പൊരുത്തപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ബാങ്ക് അക്കൗണ്ട്	ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് ടു ബാങ്ക്,	ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേഡ്
1	Canara Bank EPOS Account 110169667780	714432	1065319
2	Canara Bank Health Grant Wellness	432144	236669

	Centre Account 110048958180		
3	State Bank Of India Own Fund Account 57028192109	0	454862
4	South Indian Bank Account 0062053000070562	0	320684

1.) മേൽ പട്ടികയിൽ ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് ടു ബാങ്ക്, ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേഡ് എന്നീ ഇനങ്ങളിൽ ക്രമീകരിച്ച ചെക്കുകളുടെ വിശദാംശങ്ങൾ കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായിട്ടില്ല.

2.) ക്രമ നം.1 കാനറാ ബാങ്ക് അക്കൌണ്ടിൽ മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള തുക കൂടാതെ Advance Month Voucher എന്ന നിലയിൽ 2180 രൂപയും ക്രമീകരിച്ചിട്ടുണ്ട്. ടി അക്കൗണ്ടിൽ ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേഡ് എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 1065319 രൂപയിൽ 56787 രൂപ ചെക്ക് (ഓൾഡ്) എന്ന നിലയിലാണ് രേഖപ്പെടുത്തിയിട്ടുണ്ട് . തുകകൾ കാലഹരണപ്പെട്ടതാണോ എന്നത് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

3.) ക്രമ നം.2 ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ ചെക്ക് ഡിപ്പോസിറ്റഡ് നോട്ട് ക്ലിയേഡ് എന്ന ശീർഷകത്തിൽ തുക ക്രമീകരിച്ചിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് തുക ലഭ്യമാകുന്ന ടി അക്കൗണ്ടിൽ ചെക്ക് മുഖേന തുക നിക്ഷേപിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വ്യക്തതയില്ല .

4.)ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ സ്റ്റേറ്റ് മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1	Kerala Gramin Bank AUEGS Account 40534101025246
2	State Bank Of India KURDFC Loan Account 67275612253
3	State Bank Of India Thudarvidhyabyasam Account 10366887263

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.18/19.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. റിക്കൺസിലിയേഷൻ പത്രികകളിൽ ക്രമീകരിച്ചിട്ടുള്ള ചെക്കുകളുടെ/ ഇൻസ്ട്രമെന്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ടി ചെക്കുകൾ കാലഹരണപ്പെട്ടോ എന്നത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ക്രമീകരിച്ചിട്ടുള്ള ചെക്കുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 2007 കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ബാങ്ക് ട്രഷറി അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടപടിക്രമങ്ങൾ തൊട്ടടുത്ത മാസം 7-ാം തീയതിക്ക് മുൻപായി പൂർത്തീകരിക്കേണ്ടതുണ്ട്. നഗരസഭയിലെ ബാങ്ക് അക്കൗണ്ടുകളുടെ 2025 മാർച്ചിനു ശേഷമുള്ള റിക്കൺസിലിയേഷൻ നടപടികൾ കെ-സ്മാർട്ടിൽ പൂർത്തിയാക്കിയിട്ടില്ല. സമയ ബന്ധിതമായി ബാങ്ക് റിക്കൺസിലിയേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ലഭ്യമാക്കാത്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-15 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പൂർണ്ണമായും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

നഗരസഭയുടെ 67308514364 നമ്പരിലുള്ള എസ്.ബി.ഐ അക്കൗണ്ടിൽ 2423 രൂപ നീക്കിയിരിപ്പുള്ളതായിട്ടാണ് ബി17 - ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2025ൽ 394039 രൂപയുടെ നീക്കിയിരിപ്പുണ്ട് . ടി അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ പൂർത്തീകരിച്ചിട്ടില്ല. നീക്കിയിരിപ്പ് തുക പൂർണ്ണമായും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 18/19.02.2026 നു മറുപടി ലഭ്യമാക്കിയിട്ടില്ല.

നീക്കിയിരിപ്പുള്ള തുക ഏതിനത്തിലുള്ളതാണെന്നത് സംബന്ധിച്ചും, നീക്കിയിരിപ്പ് പൂർണ്ണമായും ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതും, നീക്കിയിരിപ്പ് തുക പൂർണ്ണമായും കണക്കിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതുമാണ്.

1-16 കളക്ഷൻ തുകകൾ യഥാസമയം കോൺട്ര എൻട്രി വരുത്തുന്നില്ല

2025 ഫെബ്രുവരി 24 തീയതിയിലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 39,43,094/- രൂപ ഓപ്പണിംഗ് ബാലൻസ് നിലനിൽക്കുന്നു. 24.02.2026ൽ നടത്തിയ ക്യാഷ് ബാലൻസ് പരിശോധനയിൽ ടി ദിവസത്തെ ഫെസിലിറ്റേഷൻ ക്യാഷ് കൗണ്ടറിൽ ലഭ്യമായ 187663 രൂപ മാത്രമാണ് ക്യാഷ് നീക്കിയിരിപ്പുള്ളത്. ക്യാഷ് ബുക്കിൽ 3943094 രൂപ മുന്നിരിപ്പുള്ളത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല . തുകകൾ യഥാസമയം കോൺട്ര എൺട്രി വരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-17 നഗരസഭ ഫണ്ടിലേക്ക് ലഭ്യമായ 2.64 കോടി രൂപയുടെ റവന്യൂ നിക്ഷേപത്തിന്റെ വിശദാംശമില്ല

വിവിധ അവശ്യങ്ങൾക്കും പ്രോജക്ടുകളുടെ നടത്തിപ്പിനുമായി നഗരസഭ ഫണ്ടിലേക്ക് ലഭിച്ച റവന്യൂ നിക്ഷേപങ്ങളുടെ വിശദാംശം Deposit Register ൽ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം ആകെ 26,348,576/- രൂപയുടെ നിക്ഷേപമാണ് നഗരസഭ ഫണ്ടിന് ബാധ്യതയായി നിലനിൽക്കുന്നത്. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-54(4)(a) പ്രകാരം സെക്രട്ടറി എല്ലാ നിക്ഷേപങ്ങളും എല്ലാ അർദ്ധവർഷത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. നിക്ഷേപം ലഭിച്ച വർഷം, ഒടുക്കിയ വ്യക്തി/സ്ഥാപനം, നിക്ഷേപത്തിന്റെ ഉദ്ദേശ്യം/പ്രോജക്ട്, ഉദ്ദേശ്യ പൂർത്തീകരണ തീയതി തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ Deposit Register ൽ ചേർക്കേണ്ടതും വർഷാവസാനം സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമായിരുന്നു. ഹാൾ, സ്റ്റേഡിയം, ഓഡിറ്റോറിയം എന്നിവയുടെ താത്കാലിക ഉപയോഗത്തിന് സ്വീകരിക്കുന്ന നിക്ഷേപത്തിൽ 76.55 ലക്ഷം രൂപയാണ് നഗരസഭക്ക് ബാധ്യതയായി അവശേഷിക്കുന്നത്. മുൻകാലങ്ങളിൽ ഈ ഇനത്തിലെ വാടക തുക നിക്ഷേപമായി അക്കൗണ്ട് ചെയ്യപ്പെട്ടതിനാലാണോ അപ്രകാരമുള്ള ബാധ്യത നിലനിൽക്കുന്നത് എന്ന് ആധികാരിക രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. ലേല നിക്ഷേപമിനത്തിൽ 1.2 കോടി രൂപയും നഗരസഭക്ക് ബാധ്യതയായി അവശേഷിക്കുന്നത്. മുൻ കാലങ്ങളിലെ കുത്തകക്കാരുടെ ലേല വരുമാനം നിക്ഷേപ തുകയിൽ നിന്ന് ക്രമീകരിക്കാത്തത് മൂലമാണോ ബാധ്യത നിലനിൽക്കുന്നത് എന്ന് ആധികാരിക രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നില്ല.

2.64 കോടിയിലധികം വരുന്ന റവന്യൂ നിക്ഷേപങ്ങളിൽ ക്ലെയിം ചെയ്യപ്പെടാതെ കാലഹരണപ്പെട്ടവ ഉണ്ടോ എന്നും വ്യക്തമല്ല. Kerala Financial Code Vol-I അനുച്ഛേദം 282(1) പ്രകാരം ഉദ്ദേശ്യ പൂർത്തീകരണ ശേഷം ക്ലെയിം ചെയ്യപ്പെടാത്ത 3 വർഷത്തിൽ അധികരിച്ച റവന്യൂ നിക്ഷേപങ്ങളുടെ ബാധ്യത ഒഴിവാക്കി മുതൽക്കൂട്ടാമായിരുന്നു. ഡെപോസിറ്റ് രജിസ്റ്ററിൽ നിക്ഷേപം സ്വീകരിച്ചതിന്റെ കൃത്യമായ വിവരങ്ങൾ ചേർക്കാതെ മേൽപറഞ്ഞ ചട്ടങ്ങളുടെ ലംഘനം തുടരുന്നതിനും കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുൽക്കൂട്ടാതിരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2024-25/18-02-2026) നൽകിയതിന് മറുപടി ലഭിച്ചില്ല. ഹാൾ ഓഡിറ്റോറിയം നിക്ഷേപം, ലേല നിക്ഷേപം എന്നിവ നിലനിൽക്കുന്നതിൽ നഗരസഭയുടെ വരുമാനമാക്കേണ്ട തുകയും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് കണ്ടെത്തി ക്രമീകരിക്കേണ്ടതാണ്. കാലഹരണപ്പെട്ട റവന്യൂ നിക്ഷേപങ്ങൾ നഗരസഭ കൗൺസിലിന്റെ അനുമതിയോടെ മുതൽക്കൂട്ടേണ്ടതാണ്. ഈ വിഷയത്തിലുള്ള നടപടികൾ പൂർത്തിയാക്കി 31-03-2025 വരെയുള്ള Deposit Register കാലികമാക്കി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-18 വിവിധ റവന്യൂ മുൻകൂറുകളുടെ വിശദാംശം സൂക്ഷിക്കാത്തതിനാൽ ക്രമീകരണ നടപടിയിൽ അവ്യക്തത

നഗരസഭ ഫണ്ടിൽ നിന്ന് നൽകുന്ന മുൻകൂറുകളുടെ വിശദാംശം Advance Register ൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-54(4)(a) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ അർദ്ധവർഷത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. മുൻകൂറുകളുടെ വിശദാംശം (കൈപ്പറ്റിയവരുടെ വിവരം, തീയതി, ഉദ്ദേശ്യം തുടങ്ങിയവ) Advance Register ൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്നതിനാൽ പ്രസ്തുത മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയത് എന്നും ഏത് കാലയളവിൽ ഏതെല്ലാം ഉദ്ദേശ്യത്തിനാണ് എന്നുള്ളതും വ്യക്തമല്ല. 31-03-2025 ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂർ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	മുൻകൂർ കണക്ക് ശീർഷകം	വിശദാംശം/ റിമാർക്ക്സ്	തുക
1.	Festival Advance To Employees	മുന്നിരിപ്പ് 40,000/- രൂപ ഉണ്ടായിരുന്നതിലെ മുൻകൂർ തന്നെയാണോ ക്രമീകരിക്കാതെ തുടരുന്നത് എന്നത് വ്യക്തമല്ല	30,000/-
2.	Other Loans And Advances	മുന്നിരിപ്പ് തുക തന്നെയാണ് തൻവർഷം കഴിഞ്ഞും ക്രമീകരിക്കാതെ തുടരുന്നത്	1,738,126/-
3.	Advance To Implementing Officers	ഏത് ഓഫീസർക്ക് നൽകിയതാണ് എന്ന് വ്യക്തമല്ല	991/-
4.	Temporary Advance For Official Purposes	2024-25 ലെ മുൻകൂർ തുക	257,143/-

കൃത്യമായി വിശദാശങ്ങൾ സൂക്ഷിക്കാതെ മേൽപറഞ്ഞ ചട്ടങ്ങളുടെ വ്യക്തമായ ലംഘനം തുടരുന്നതും മുൻകൂറുകളുടെ വിശദാംശത്തിൽ നിലനിൽക്കുന്ന അവ്യക്തതകളും മൂലം മേൽ വിവരിച്ച മുൻകൂറുകളുടെ ക്രമീകരണം അനിശ്ചിതത്വത്തിലാണ് എന്ന് കാണുന്നു. അപാകതയ്ക്ക് രേഖാമൂലം

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.9/2024-25/18-02-2026) നൽകിയതിന് മറുപടി ലഭിച്ചില്ല. ക്രമീകരിക്കാതെ ദീർഘകാലമായി തുടരുന്ന 1,738,126/- രൂപ നിക്ഷേപ തുക 18% പലിശ സഹിതം ക്രമീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്. 31-03-2025 വരെയുള്ള Advance Register കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്.

1-19 KURDFC വായ്പകളുടെ വിവരങ്ങളിൽ അവ്യക്തത-വായ്പ രജിസറ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

ഷോപ്പിങ്ങ് കോംപ്ലെക്സ് നിർമ്മാണത്തിനുള്ള മൂന്ന് KURDFC വായ്പകൾ 2024-25 വർഷത്തെ വായ്പ മുന്നിരിപ്പ്, ഇടപാടുകളുടെ ആധികാരികതയിലും വായ്പ രജിസ്റ്റർ സൂക്ഷിക്കുന്നതിലും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു. മൂന്ന് ഷോപ്പിങ്ങ് കോംപ്ലെക്സുകളുടെ നിർമ്മാണത്തിനായി KURDFC യിൽ നിന്നുള്ള വായ്പയിൽ 60,608,252/- രൂപയായിരുന്നു മുന്നിരിപ്പ് വായ്പ ബാധ്യത. തൻവർഷം 364619/- രൂപ മാത്രം മുതൽ ഇനത്തിൽ തിരികെ ഒടുക്കി. ടി വായ്പകളുടെ പലിശ തുക കണക്കാക്കിയിട്ടില്ല. വായ്പയുടെ മുന്നിരിപ്പ്, ഇടപാടുകളുടെ വിവരം എന്നിവ Loan Register ൽ ചേർത്ത് ആധികാരികമാക്കുന്നില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 54(4)(c) പ്രകാരം അർദ്ധവർഷത്തിൽ വായ്പകൾ പരിശോധിക്കുകയും പലിശ കണക്കാക്കേണ്ടതുമായിരുന്നു. വായ്പ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കാതെ തുടരുന്നതിനും മേൽ ചട്ടങ്ങളുടെ ലംഘനത്തിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2024-25/16-02-2026) നൽകിയതിന് മറുപടി ലഭിച്ചില്ല. വായ്പാ രജിസ്റ്റർ ആധികാരികമാക്കി നഗരസഭ കൗൺസിലിന്റെ അംഗീകാരത്തോടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

1-20 83,000/- രൂപ സ്ഥിരനിക്ഷേപ ഷെയറിന്റെ രേഖകൾ ഹാജരാക്കിയില്ല

നഗരസഭ ഫണ്ടിൽ നിലനിൽക്കുന്ന 83,000/- രൂപ ഷെയർ നിക്ഷേപത്തിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല. ഡിവിഡന്റായി 2024-25 വർഷം 17,550/- രൂപ ലഭിച്ചതായും ധനകാര്യ പത്രികയിൽ കാണുന്നു. Investment ശീർഷകത്തിലുള്ള പ്രസ്തുത നിക്ഷേപ രേഖകളുടെ അസ്സൽ, ഡിവിഡന്റ് കണക്കാക്കിയ രേഖകൾ എന്നിവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.38/2024-25/23-02-2026) നൽകിയതിന് മറുപടി ലഭ്യമാക്കിയെങ്കിലും ഷെയർ രേഖകൾ ഹാജരാക്കിയില്ല. പ്രസ്തുത ഷെയർ ഏത് സ്ഥാപനത്തിന്റേതാണ് എന്ന് അസൽ രേഖകൾ കണ്ടെത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-21 5.71 കോടി രൂപ വാടക നിക്ഷേപത്തിന്റെ വിശദാംശം സൂക്ഷിക്കുന്നില്ല

നഗരസഭയുടെ 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം 57,160,752/- രൂപയാണ് വാടക നിക്ഷേപമിനത്തിൽ ബാധ്യതയായി നഗരസഭ ഫണ്ടിലുള്ളത്. എന്നാൽ ടി തുക ഒടുക്കിയ കുത്തകക്കാർ ആരൊക്കെയാണ് എന്നതും ഏതെല്ലാം ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികളുടെ നിക്ഷേപമാണ് എന്നുമുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല. നഗരസഭയുടെ വിവിധ ഷോപ്പിങ്ങ് കോംപ്ലെക്സുകൾ കുത്തകയെടുത്തവർ എല്ലാം വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല. ഓരോ കുത്തകക്കാരുടെയും നിക്ഷേപ വിവരം സൂക്ഷിക്കാത്തതിനാൽ വാടക കുടിശിക വരുത്തുന്നവരുടെ നിക്ഷേപം വാടകയിലേക്ക് വരവ് ചേർക്കാനും സാധിക്കുന്നില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 32(4) പ്രകാരം നഗരസഭ ഫണ്ടിലേക്ക് ലഭ്യമായ നിക്ഷേപങ്ങളുടെ വിവരങ്ങൾ സെക്രട്ടറി സൂക്ഷിക്കേണ്ടതും ചട്ടം 54(4)(a) പ്രകാരം അർദ്ധവർഷത്തിൽ പരിശോധിക്കുകയും വാർഷിക സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമായിരുന്നു.
കൊട്ടാരമറ്റം ഷോപ്പിങ്ങ് കോംപ്ലെക്സിലെ KBTNG-19, KBTNG-21 എന്നീ മുറികൾ കുത്തകയെടുത്തിരുന്ന കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക് 6/2024 മാസം കുത്തകയൊഴിഞ്ഞപ്പോൾ 125,115/- രൂപ വാടക നിക്ഷേപ തുക ടി ബാങ്കിന്റെ സ്വന്തം കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശികയിലേക്ക് വരവ് ചേർക്കുകയുണ്ടായി (നഗരസഭ കൗൺസിലിന്റെ 26-03-2024 ലെ 9/1 തീരുമാനം അനുസരിച്ച്). ഓരോ കുത്തകക്കാരുടെയും വാടക നിക്ഷേപ വിവരം സൂക്ഷിക്കാത്തതിനാൽ ടി ഇടപാട് നഗരസഭയുടെ Deposit Register ൽ ചേർക്കാനും കഴിഞ്ഞിട്ടില്ല. വാടക നിക്ഷേപത്തിന്റെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കാതെ തുടരുന്നതിനും മേൽ ചട്ടങ്ങളുടെ ലംഘനത്തിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2024-25/16-02-2026) നൽകിയതിന് മറുപടിയായി വാടക നിക്ഷേപ രജിസ്റ്റർ വിശദാംശങ്ങൾ ശേഖരിച്ച് തയ്യാറാക്കി വരികയാണ് എന്ന് അറിയിച്ചു.
മേൽപറഞ്ഞ നിക്ഷേപ തുക ഒടുക്കിയ എല്ലാ കുത്തകക്കാരുടെയും വിവരം ക്രോഡീകരിച്ച് ഏത് ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികളുടെ നിക്ഷേപമാണ് എന്നും ഏത് കാലയളവിൽ ലഭിച്ചതാണ് എന്നും നഗരസഭ രസീത് നമ്പർ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. നിക്ഷേപ വിവരങ്ങൾ നഗരസഭ കൗൺസിൽ അംഗീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ശേഷം മറുപടിയിൽ ഓഡിറ്റിന്

ഹാജരാക്കേണ്ടതാണ്. നഗരസഭ ഷോപ്പിങ്ങ് കോംപ്ലെക്സുകളിലെ മുറികൾ കുത്തകയെടുത്ത എല്ലാവരുടെയും നിക്ഷേപം ഉറപ്പാക്കേണ്ടതും വാടക വർദ്ധനവിന് ആനുപാതികമായി നിക്ഷേപവും തുടർന്നുള്ള കാലങ്ങളിൽ ഈടാക്കേണ്ടതുമാണ്.

1-22 നിർവ്വഹണ ഏജൻസികളിൽ നിലനിൽക്കുന്ന 37.45 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമല്ല

2024-25 സാമ്പത്തിക വർഷത്തിനു മുൻപുള്ള കാലയളവിൽ നഗരസഭ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന പ്രവൃത്തികളുടെ വിശദാംശം 2024-25 Advance Register-ൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-54(4)(a) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ അർദ്ധവർഷവും സ്ഥിരീകരിക്കേണ്ടതായിരുന്നു. നിക്ഷേപിച്ച വർഷം, ഫണ്ടിനം, ചെലവ് വിശദാംശം, പ്രോജക്ടിന്റെ പേര്/നം., പ്രവൃത്തി നടത്തേണ്ട സ്ഥലം/വാർഡ്(Location), തുക നിക്ഷേപിച്ച ഏജൻസിയുടെ ഓഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർക്കേണ്ടതും പ്രവൃത്തികളുടെ 31-03-2025 വരെയുള്ള നിർവ്വഹണ പുരോഗതി (Implementation Status) നഗരസഭ അധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമായിരുന്നു. 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വിശദാംശങ്ങളുടെ അഭാവത്തിൽ ടി പ്രവൃത്തികൾക്ക് ഏതെല്ലാം വർഷങ്ങളിൽ നിക്ഷേപിച്ച തുകയാണ് എന്നതിൽ വ്യക്തതയില്ല. ധനകാര്യ പത്രികയിൽ 01-04-2024 ൽ മുന്നിരിപ്പ് ഉണ്ടായിരുന്ന നിക്ഷേപ പ്രവൃത്തി തുകയുടെ വിവരം പട്ടികയിൽ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണ ഏജൻസി	നിക്ഷേപം തുക
2.	Electricity Deposit	87,918/-
3.	Water Deposit	3,657,820/-
ക്രമീകരിക്കാതെ തുടരുന്ന മുൻവർഷങ്ങളിലെ നിക്ഷേപം		3,745,738/-

മേൽ പട്ടികയിൽ പ്രതിപാദിച്ച നിക്ഷേപങ്ങൾ നടത്തിയതിന് ശേഷം പ്രവൃത്തികളുടെ പുരോഗതി വിവരം നഗരസഭ അധികൃതർ പരിശോധിക്കുന്നില്ല എന്നാണ് വിശദാംശം സൂക്ഷിക്കാതെ തുടരുന്ന നടപടിയിൽ നിന്ന് വ്യക്തമാകുന്നത്. പ്രവൃത്തികൾ തുടങ്ങിയോ എന്നത് പോലും വ്യക്തതയില്ലാത്ത അവസ്ഥയാണ്. നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിലെ അപാകതയ്ക്കും മേൽപറഞ്ഞ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവിന്റെയും വ്യക്തമായ ലംഘനം തുടരുന്നതിനും രേഖാമൂലം വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/2024-25/17-02-2026) നൽകിയതിന് മറുപടി ലഭിച്ചില്ല.

നിക്ഷേപ പ്രവൃത്തികളുടെ എല്ലാ വിവരങ്ങളും (ഖണ്ഡികയുടെ ആദ്യ ഭാഗത്ത് നിർദ്ദേശിച്ചത്) ചേർത്ത് അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും പ്രവൃത്തി പൂർത്തിയാകുമ്പോൾ ധനവിനിയോഗ വിവരവും ക്രമീകരണ വൗച്ചറും മുന്നിരിപ്പ് വിശദാംശത്തിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്ററിലെ മുന്നിരിപ്പ് വിവരം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 ട്രഷറിയിൽ ബിൽ നല്കി അക്കൗണ്ടിലേക്ക് നിക്ഷേപിക്കാത്തത് മൂലം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 31.92 ലക്ഷം രൂപയുടെ ധനസഹായം നഷ്ടമായി

21-08-2024 ലെ G.O.(Rt) No.6392/2024/Fin നം. ഉത്തരവ് പ്രകാരം ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ് 3,192,604/- രൂപയും ടൈഡ് ഗ്രാന്റ് 4,788,759/- രൂപയും നഗരസഭക്ക് അലോട്ട്മെന്റ് ലഭിച്ചിരുന്നു. എന്നാൽ ടൈഡ് ഗ്രാന്റ് മാത്രമാണ് ട്രഷറിയിൽ ബിൽ സമർപ്പിച്ച് നഗരസഭയുടെ 094101001824 നം. ICICI ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചത്. അടിസ്ഥാന ഗ്രാന്റ് തുക ബാങ്കിലേക്ക് നിക്ഷേപിക്കാതിരുന്നതിനാൽ 3,192,604/- രൂപയുടെ അലോട്ട്മെന്റ് നഗരസഭക്ക് നഷ്ടമായിട്ടുണ്ട്. നഗരസഭ ഫണ്ടിൽ ഗ്രാന്റ് തുകയില്ലാതെ ചെലവ് നടത്തിയതിനാൽ 31-03-2025 ബാലൻസ് ഷീറ്റിൽ Central Finance Commission Grant-Untied ന്റെ നീക്കിയിരിപ്പ് നെഗറ്റീവാണ്. ടൈഡ് ഫണ്ട് കൂടി സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പിൽ നിന്നാണ് തുക ചെലവഴിച്ചത്.

നഗരസഭയുടെ 2024-25 ഗ്രാന്റ് പത്രിക, വിവിധ ഫണ്ടുകളുടെ എ.സി.ആർ. എന്നിവയിൽ ഗ്രാന്റ് അലോട്ട്മെന്റുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ യഥാർത്ഥ ഗ്രാന്റുകളുടെ വരവുകൾ പ്രസ്തുത റിപ്പോർട്ടുകളിൽ പ്രതിഫലിക്കുന്നില്ല. നഗരസഭക്ക് അലോട്ട്മെന്റ് ലഭിക്കുന്ന ഗ്രാന്റുകൾ കൃത്യമായി അക്കൗണ്ട് ചെയ്യാതിരുന്ന അപാകതയ്ക്കും നടപടികളിലെ വീഴ്ച മൂലം 31.92 ലക്ഷം രൂപ ഗ്രാന്റ് നഷ്ടപ്പെടുത്തിയതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/2024-25/17-02-2026) നൽകിയതിന് മറുപടി ലഭിച്ചില്ല. 2024-25 വർഷത്തെ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് റീ അലോട്ട്മെന്റ് ലഭിക്കാനുള്ള നടപടി

സ്വീകരിക്കേണ്ടതാണ്.

1-24 വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

നഗരസഭയുടെ 2024-25 വാർഷിക ധനകാര്യ പത്രിക ബി 14 ഷെഡ്യൂൾ അനുസരിച്ച് വസ്തു നികുതിയിനത്തിൽ രണ്ട് കോടി എഴുപതുലക്ഷം രൂപയിലധികം (ലൈബ്രറി സെസ് ഉൾപ്പടെ) കുടിശ്ശികയായി അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	തുക
1	4311001 – Receivables For Property Tax (Current)	11983953/-
2	4311002 – Receivables For Property Tax (Arrear)	15052099/-
	ആകെ	27036052/-

കൂടാതെ 2024-25 വർഷം വസ്തുനികുതി കുടിശ്ശികയിൽ നിന്നും 125115/- രൂപ കുറവ് ചെയ്തതായി കണ്ടു. വസ്തുനികുതി കുടിശ്ശികയിൽ നിന്നും ഒഴിവാക്കിയ 125115/- രൂപ കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക് നഗരസഭയിൽ ഒടുക്കിയിരുന്ന വാടക നിക്ഷേപത്തിൽ നിന്നും മേൽ സ്ഥാപനത്തിന്റെ വസ്തുനികുതി കുടിശ്ശിക കൗൺസിൽ തീരുമാന പ്രകാരം കുറവ് ചെയ്ത് നൽകിയാതാണെന്ന് കണ്ടു. (26/3/24 തീരുമാനം 9(1) മുറികൾ – KBTNG 19, 21 കൊട്ടാരമറ്റം ഷോപ്പിംഗ് കോപ്ലക്സ്). വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യം, നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനും വസ്തുനികുതി കുടിശ്ശികയിൽ നിന്നും കുറവ് ചെയ്ത 125115/- രൂപയുമായി ബന്ധപ്പെട്ട് രേഖകൾ/വിശദാംശങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (14/18.02.2026) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ കുടിശ്ശികയിൽ നിന്നും കുറവ് ചെയ്ത തുക സംബന്ധിച്ച വിശദീകരണം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-25 കെ-സ്മാർട്ട് സംവിധാനത്തിലേയ്ക്ക് കെട്ടിടവിവരങ്ങൾ പോർട്ട് ചെയ്തത് സംബന്ധിച്ച് വിവരങ്ങൾ പൂർണ്ണമല്ല.

സ.ഉ (സാധാ)നം.1228/2024തസ്വഭവ/തീയതി 06.07.2024 പ്രകാരം സഞ്ചയയിൽ ലഭ്യമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്തി കെ-സ്മാർട്ടിൽ പോർട്ട് ചെയ്യുന്നതിനുള്ള ക്യത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഡേറ്റാ പ്യൂരിഫിക്കേഷനായി നിയമിക്കപ്പെടുന്ന താല്ക്കാലിക ജീവനക്കാരുടെ സഹായത്തോടെ മുഴുവൻ കെട്ടിടങ്ങളുടെയും ഡേറ്റാ പ്യൂരിഫിക്കേഷൻ നഗരസഭകൾ 2024 സെപ്റ്റംബർ 30 നകം പൂർത്തീകരിച്ച് ഡിമാൻഡ് രജിസ്റ്റർ കുറ്റമറ്റതാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിൽ വസ്തുനികുതി ഡാറ്റാ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് നഗരസഭയിൽ കെ-സ്മാർട്ട് മുഖേനയുള്ള വസ്തുനികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡിമാന്റ് രജിസ്റ്റർ കുറ്റമറ്റതാക്കിയതിന്റെ വിവരങ്ങളും പ്യൂരിഫിക്കേഷനു ശേഷം ഡിമാന്റിൽ വന്ന മാറ്റം പ്രതിഫലിക്കുന്ന കണക്കുകൾ,കെ-സ്മാർട്ടിലേക്ക് മാറ്റിയതിന്റെയും മാറ്റാൻ അവശേഷിക്കുന്നവയുടെയും എണ്ണം, കെട്ടിടങ്ങൾ പൂർണ്ണമായി കെ-സ്മാർട്ടിലേക്ക് മാറ്റാൻ സാധിക്കാത്തതിന്റെ കാരണം, കെ- സ്മാർട്ടിലേക്ക് പോർട്ട് ചെയ്യാതെ സഞ്ചയ എൽ.ഡി.എം.എസ്. സൈറ്റിൽ അവശേഷിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ, പോർട്ട് ചെയ്യാൻ സാധിക്കാത്തതിന്റെ കാരണവും അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ, ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (16/18.02.2026) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ കെ സ്മാർട്ട് സംവിധാനത്തിലെ വസ്തുനികുതി ഡേറ്റാബേസ് പരിശോധിച്ചതിൽ നഗരസഭയിലെ 20-ാം വാർഡിൽ ഉൾപ്പെട്ട 1964,1965 എന്നീ നമ്പറുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി അസ്സസ്മെന്റ് വിവരങ്ങൾ മേൽ ഡേറ്റാബേസിൽ ലഭ്യമല്ലെന്ന് കാണുന്നു. വസ്തുനികുതി വിശദാംശങ്ങൾ ഒഴിവാക്കപ്പെട്ടതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (16/18.02.2026) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ 1964, 1965 എന്നീ നമ്പറുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഒഴിവാക്കപ്പെട്ടതിന് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-26 മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ബാധകമാക്കിയിട്ടില്ല

2011-ലെ കേരള മുൻസിപ്പാലിറ്റി രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം-6-നു കീഴിലുള്ള പട്ടിക-6 പ്രകാരം 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതും മേൽത്തരം തറ നിർമ്മിതിയുള്ളതുമായ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് കൂടി ചുമത്തിയാണ് നികുതി നിർണയം നടത്തേണ്ടത്. 250 ച.മീറ്ററിൽ കൂടുതൽ തറ വിസ്തൃതിയുള്ളതും

മേൽത്തരം സാമഗ്രികൾ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്) ഉപയോഗിച്ച് തറ നിർമിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളെ ഒന്നായി പരിഗണിക്കുന്നതിനുപകരം വിവിധ മുറികളായി വിഭജിച്ച് നമ്പർ നൽകിയിനാൽ 15% വർദ്ധനവ് ബാധകമാകാതെ വരുന്നതായി സപ്ലിമെന്ററി അസസ്മെന്റ് ഡേറ്റാബേസ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപ്രകാരം വർദ്ധനവ് ബാധകമാക്കാത്ത കെട്ടിടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	ഉടമ	കെട്ടിട നം./ വാർഡ്	വിസ്തീർണ്ണം (ച.മീ.) /നിരക്ക്/ കെട്ടിടത്തിന്റെ ഉപയോഗക്രമം	അടിസ്ഥാന വസ്തുനികുതി	വരുത്തേണ്ടിയിരുന്ന വർദ്ധന	അസസ്മെന്റ് വർഷം
1	സാവി തോമസ്	146(1-23)/21	1473.07 ച.മീ/110.25 രൂപ/ വാണിജ്യാവശ്യം – 500 ച മീ മുകളിൽ	162406/-	24361/-	2024-25

ചട്ട പ്രകാരമുള്ള നികുതി വർദ്ധനവ് ബാധകമാകാത്തതിനാൽ ആകെ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.10/തീ.25.09.24) മറുപടി ലഭ്യമാക്കിയില്ല. നികുതി കൃത്യമായി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 കെ-സ്മാർട്ടിൽ ലഭ്യമായ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിലും കുറവായി വസ്തുനികുതി നിർണ്ണയിച്ചു.

കെട്ടിടനമ്പർ	1588/2
വാർഡ്	20/ളാലം
ഉടമ	ബോണി ഫ്രാൻസിസ്
കെട്ടിടത്തിന്റ തരം/വസ്തു നികുതി നിരക്ക്	വാണിജ്യാവശ്യം 100 ച മീ മുതൽ 500 ച മീ വരെ/93.71 രൂപ/ച.മീ
നിലവിൽ നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (104.63 ച.മീറ്ററിന്)	9805/-
നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (193.66 ച.മീറ്ററിന്)	18148/-
അടിസ്ഥാന വസ്തുനികുതിയിലെ കുറവ്	8343/-

ഫോം 6 പ്രകാരം മേൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 104.63 ചമീയാണ്. എന്നാൽ കെ സ്മാർട്ട് സംവിധാനത്തിൽ ലഭ്യമായ കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ വിസ്തീർണ്ണം 193.66 ആണെന്ന് കാണുന്നു. വിസ്തീർണ്ണം കുറവായി അസ്സസ്സ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (21/19.02.2026) മറുപടി ലഭ്യമാക്കിയില്ല. മതിയായ വിശദീകരണം ലഭ്യമാക്കാത്തപക്ഷം അടിസ്ഥാന വസ്തുനികുതിയിൽ ഉണ്ടായ കുറവ് (8343/- രൂപ) പരിഹരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 വസ്തുനികുതി നിർണ്ണയം - കെ സ്മാർട്ട് സംവിധാനത്തിലെ ഓഡിറ്റർ ലോഗിനിൽ പ്ലാൻ ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമല്ല

കെട്ടിടനമ്പർ	1217/1	1217
വാർഡ്	20/ളാലം	20/ളാലം
ഉടമ	തോമസ് റ്റി	തോമസ് റ്റി
കെട്ടിടത്തിന്റ തരം,വസ്തുനികുതിനിരക്ക്	വാണിജ്യാവശ്യം 100 ച മീ മുതൽ 500 ച മീ വരെ, 89.25/-	വാണിജ്യാവശ്യം 100 ച മീ മുതൽ 500 ച മീ വരെ, 89.25/-
ആകെ വിസ്തീർണ്ണം	89.5 ച മീ	273.01 ച മീ
അടിസ്ഥാന വസ്തുനികുതി	7988/-	24371/-

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിക്കുന്ന പ്ലാൻ ഉൾപ്പെടെയുള്ള രേഖകൾ കെ

സ്മാർട്ട് സംവിധാനത്തിൽ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (21/19.02.2026) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ വിവരങ്ങൾ കെ സ്മാർട്ട് സംവിധാനത്തിൽ ഉൾപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നികുതി നിർണ്ണയം സംബന്ധിച്ച വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-29 ടർഫുകൾ,സ്പാ എന്നീ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തിയ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	സ്ഥാപനം	ഉപയോഗക്രമം
1	ചാവറ മൾട്ടി ജിം & ടർഫ്	ടർഫ്
2	ഗ്രിഡ് 35 സോസർലാൻഡ്	ടർഫ്
3	സ്പർശ ആയുർവേദ മസ്സാജ് സെന്റർ & സ്പാ	മസ്സാജ് സെന്റർ & സ്പാ

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (56/26.02.2026) മറുപടി ലഭ്യമാക്കിയില്ല. ഭൗതിക പരിശോധന നടത്തി സ്ഥാപനത്തിന് ബാധകമായ നികുതി നിർണ്ണയിച്ചീടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-30 വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വ്യത്യസ്ത രീതിയിൽ പരിഗണിച്ചു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) ' എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

റോഡിന്റെ പേര്	കെട്ടിട നമ്പർ	ഉടമസ്ഥൻ	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
പാലാ കോഴാ റോഡ്	24/92 (260 ച മീ – റെസിഡൻഷ്യൽ)	ലീലാമ്മ മാത്യു	5 മീറ്ററോ അതിൽ കുടുതൽ
	24/93 (215 ച മീ – റെസിഡൻഷ്യൽ)	എമ്മാനുവൽ തോമസ്	5 മീറ്ററിൽ കുറവ് 1.5 മീറ്ററിൽ കുടുതൽ വീതിയുള്ള റോഡ്

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (20/19.02.2026) മറുപടി ലഭ്യമാക്കിയില്ല . മേൽ ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം മുൻസിപ്പാലിറ്റി പ്രദേശത്തിനകത്തുള്ളതോ മുൻസിപ്പാലിറ്റി പ്രദേശത്തുകൂടി കടന്നുപോകുന്നതോ ആയ റോഡുകൾ, നടപ്പാതകൾ എന്നിവ 6-ാം ചട്ടത്തിന്റെ ആവശ്യത്തിനായി തരം തിരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പാലാ നഗരസഭയിലെ റോഡുകളെ ഇത്തരത്തിൽ വർഗ്ഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയതായോ വസ്തുനികുതി നിർണ്ണയം മുൻകാലങ്ങളിൽ നടത്തിവന്നിരുന്ന സഞ്ചയ സോഫ്റ്റ്വെയറിൽ റോഡ് നിർണ്ണയത്തിന് ക്രമീകരിച്ചിരുന്ന റോഡ് മാസ്റ്റർ മാതൃകയിൽ നിലവിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന കെ സ്മാർട്ട് സംവിധാനത്തിൽ റോഡുകളുടെ വർഗ്ഗീകരണം സംബന്ധിക്കുന്ന ക്രമീകരണം നടത്തിയിട്ടുള്ളതായി കാണുന്നില്ല. അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-31 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ, എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാന്റ്

ചെയ്ത് ഈടാക്കേണ്ടതാണ്. 2024-25 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമനം.	സ്ഥാപനം	അർദ്ധവർഷം
1	കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക് കരൂർ ബ്രാഞ്ച് പാലാ	1,2
2	മാനേജർ ഇൻഡസ് മോട്ടേഴ്സ് LCV Pvt.Ltd	1,2
3	പ്രിൻസിപ്പാൾ സെന്റ് ആന്റണീസ് എൻജിനീയറിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ട് പാലാ	1,2
4	സെന്റ് ജോർജ് വെറ്റിനറി ക്ലിനിക് പാലാ	1,2
5	സെന്റ് ജൂഡ് ദന്തൽ ക്ലിനിക്ക്,പാലാ	1,2
6	CFCCI Ltd-Central Financial Co-Operative India Ltd	1,2
7	എം.കെ മോട്ടേഴ്സ് സെയിൽസ് & സർവ്വീസസ്	1,2
8	സണ്ണി ദന്താശുപത്രി പാലാ	1,2
9	മാനേജർ വെളിയത്ത് മോട്ടേഴ്സ്	1,2
10	വിൻഡ് റോസ് നെസ്റ്റ് ലോഡ്ജ് പാലാ	1
11	ഇൻഡ്യ ട്രേഡ് മൈക്രോ ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്	1,2
12	സൺ സ്റ്റാർ ഹോട്ടൽ പാലാ	1,2
13	കോസ്മോ കെയർ ദന്താശുപത്രി	1,2
14	മേഫ്ലവർ ജൂവലറി ഫിനാൻസ്, പാലാ	1,2
15	പോളോണിമ ബ്യൂട്ടി സലൂൺ	1,2
16	ദിക്ഷ കോഓപ്പറേറ്റീവ് സർവീസ് പ്രൈവറ്റ് ലിമിറ്റഡ്	1,2
17	ഷേർളി സാജൻ Soul "F" Beat Pala	1,2
18	പാലാ മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി	1,2
19	മാനേജർ ഇൻഡസ് മോട്ടേഴ്സ് കമ്പനി	1,2
20	എച്ച്.ഡി.എഫ്.സി സ്റ്റാൻഡേർഡ് ലൈഫ് ഇൻഷ്വറൻസ്	2
21	രാജേഷ് മെറ്റൽസ് ചെത്തിമറ്റം	1
22	T.D ജോസഫ് ആന്റ് കമ്പനി-തോട്ടുങ്കൽ പെട്രോൾ പമ്പ്	1,2
23	മെഡിക്കൽ ഓഫീസർ,ശാന്തിഗിരി ആയുർവേദ ആശുപത്രി പാലാ	1,2
24	ജോസ്ന സ്പീച്ച് & ഹിയറിംഗ സെന്റർ	1,2
25	വനിതാ കോപ്പറേറ്റീവ് സൊസൈറ്റി	1,2
26	കേരള മാട്രിമോണിയൽ,കൊട്ടാരമറ്റം	1,2
27	ജോൺ മരിയൻ നാച്ചറോപതി ആശുപത്രി, പാലാ	1
28	മാനേജർ പവിത്ര സിൽക്സ് പാലാ	1
29	ജോർജ് ആന്റ് കമ്പനി സ്റ്റീൽ ഹൈപ്പർ മാർക്കറ്റ് പാലാ	1,2
30	മീനച്ചിൽ ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി	1,2
31	മലയാള മനോരമ കമ്പിന് ലിമിറ്റഡ്	1,2
32	മാനേജർ ഇൻസി ട്രേഡ് മൈക്രോഫിനാൻസ്	1,2
33	ട്രോണിക്സ് ഐ.റ്റി.സി ,പാലാ	2
34	വികാസ് ചിറ്റ്സ് ആൻഡ് ഫിനാൻസ്	1,2
35	മേരിമാതാ പബ്ളിക് സ്കൂൾ പാലാ	1,2
36	ഫാത്തിമ കണ്ണാശുപത്രി	1,2
37	മാഞ്ഞൂരാൻസ് IBLTS ഇൻസ്റ്റിറ്റ്യൂട്ട് ,പുതുമന ടവർ പാലാ	1,2
38	തറപ്പേൽ പെട്രോൾ പമ്പ് പാലാ	1,2
39	ഫ്യൂച്ചർ മൾട്ടിസ്റ്റേറ്റ് ആഗ്രോ ആന്റ് മാർക്കെറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി പാലാ	1
40	ഗവ.ഹൈസ്കൂൾ പാലാ	2

41	കടുതോട്ടിൽ ഫിഷ് മാർട്ട്	1,2
42	ഫാമിലി ഡെന്റൽ ക്ലിനിക്ക്,പാലാ	1,2
43	സെന്റ്.ജോർജ്ജ് കണ്ണാശുപത്രി പാലാ	1,2
44	സി.ഡി.എസ് പാലാ	1,2
45	പാലാ മിൽക്ക് സപ്ലൈസ് കേപ്പറേറ്റീവ് സൊസൈറ്റി(മിൽക്ക് ബാർ)	2
46	ബി.എസ്.എൻ.എൽ പാലാ	2
47	അർബ്ബൻ കോപ്പറേറ്റീവ് സൊസൈറ്റി പാലാ	1,2
48	അഗ്രികൾച്ചറൽ ഇമ്പ്രൂവ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി	1,2
49	ശ്രീ-ഗുരുകുലം ചിറ്റ്സ് കമ്പനി പാലാ	1,2
50	കൊശമറ്റം ഗ്രൂപ്പ് കുറീസ് ആൻറ് ലോൺസ് പാലാ	1,2
51	വികാസ് ചിറ്റ്സ് ആൻറ് ഫിനാൻസ് പാലാ	1,2
52	സെന്റ് തോമസ് പ്രസ്സ്	1,2
53	ബില്യൺ സെക്യൂരിറ്റീസ് ട്രേഡ് സെൻറർ പ്രൈവറ്റ് ലിമിറ്റഡ് പാലാ	1,2
54	അസി.ലൈബ്രേറിയൻ എം.ജി യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ സെന്റ് തോമസ് കോളേജ് പാലാ	1,2
55	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് ടൂറിസം സർവീസ്,അരുണപുരം	1,2
56	പാലാ മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി	1,2
57	ഐശ്വര്യ സിൽക്ക്സ് പാലാ	1,2
58	ബ്രീട്ടിഷ് കിന്റർ ഗാർട്ടൻ പ്രൈമറി സ്കൂൾ	1,2
59	നെടുപുറത്ത് ഗോൾഡ് ലോൺ പാലാ	1,2
60	എൻ.പി.എസ് ഹെൽത്ത്കെയർ പാലാ	1,2
61	Program Executive Additional Skill Acquisition Program Pala	1,2
62	Smile Dental Clinic Pala	1,2
63	MCK Nidhi Ltd Pala	1,2
64	Future Life Style Fasions Pala	1,2
65	Acro Club (Wood&Store) Pala	1,2
66	Talent Acadamy Pala	2
67	Assistant Engineer PWD Road Section Pala	1,2
68	പോപ്പുലർ മോട്ടോർ വേൾഡ് പ്രൈവറ്റ് ലിമിറ്റഡ് പാലാ	1,2
69	Nirphatt Fish Stall Pala	1,2

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 07/18.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി യഥാമയം ഡിമാന്റ് ചെയ്ത് ഈടാക്കാതിരിക്കുന്നത് തനത് വരുമാനത്തിൽ കുറവ് വരുത്തുമെന്നതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-32 സ്ഥാപന തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയില്ല

2024-25 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വരുമാനാടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയതായി കാണുന്നില്ല.

നം	സ്ഥാപനം	അർദ്ധ വർഷം
1	ബാങ്ക് ഓഫ് ഇൻഡ്യ ,പാലാ	1,2
2	ബിവറേജ് കോർപ്പറേഷൻ പാലാ	1,2

3	കാത്തലിക് സിറിയൻ ബാങ്ക്,പാലാ	1,2
4	മാട്രിമോണിയൽ.കോം	1,2
5	കോട്ടക് മഹീന്ദ്ര ബാങ്ക്,പാലാ	2
6	കാനറാ ബാങ്ക്,പാലാ	1,2
7	കെ.പി.ബി നിധി ലിമിറ്റഡ്,പാലാ	2
8	സൗത്ത് ഇൻഡ്യൻ ബാങ്ക്,പാലാ	1,2
9	ബാങ്ക് ഓഫ് ബറോഡ,പാലാ	2
10	സെൻട്രൽ ഫിനാൻസ് ക്രെഡിറ്റ് ഇൻവെസ്റ്റ്മെന്റ് കോ-ഇൻഡ്യാ ലിമിറ്റഡ്	1,2
11	എച്ച്.ഡി.എഫ്.സി സ്റ്റാൻഡേർഡ് ലൈഫ് ഇൻഷ്വറൻസ്,പാലാ	1,2
12	എച്ച്.ഡി.എഫ്.സി ബാങ്ക്,പാലാ	1,2
13	മുത്തൂറ്റ് ഫിനാൻസ് കോർപ്പറേഷൻ,പാലാ	1,2
14	എസ്.ബി.ഐ ടൗൺ ബ്രാഞ്ച്	1,2
15	എസ്.ബി.ഐ ,പി.പി റോഡ്	1,2
16	എസ്.ബി.ഐ ,പാല	1,2
17	എസ്.ബി.ഐ,കടപ്പാട്ടൂർ	1,2
18	യൂണിയൻ ബാങ്ക്,പാലാ	1,2
19	കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക്,പാലാ	1,2
20	അർബൻ കോപ്പറേറ്റീവ് ബാങ്ക്,പാലാ	1,2
21	സംസ്ഥാന സഹകരണ ബാങ്ക്,പാലാ	1,2
22	മീനച്ചിൽ ഗ്രാം നിധി ലിമിറ്റഡ്	2
23	കുഴിമറ്റം ഫിനാൻസ്	1,2
24	ധനലക്ഷ്മി ബാങ്ക്,പാലാ	1,2
25	പഞ്ചാബ് നാഷണൽ ബാങ്ക്,പാലാ	1,2
26	മീനച്ചിൽ കോപ്പറേറ്റീവ് അഗ്രികൾച്ചർ റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക്,പാലാ	1,2
27	സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, പാലാ	1,2
28	എസ്.ബി.ഐ,ലൈഫ് ഇൻഷ്വറൻസ് ,പാലാ	1,2
29	ഐ.സി.ഐ.സി.ഐ ബാങ്ക്,കൊട്ടാരമറ്റം പാലാ	1,2
30	യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ,കൊട്ടാരമറ്റം പാലാ	1,2
31	ഐ.ഡി.ബി.ഐ ബാങ്ക്,പാലാ	1,2
32	യൂക്കോ ബാങ്ക്,പാലാ	2
33	ഫെഡറൽ ബാങ്ക്,കൊട്ടാരമറ്റം പാലാ	1,2
34	സൗത്ത് ഇൻഡ്യൻ ബാങ്ക്,പാലാ	1,2
35	ആക്സിസ് ബാങ്ക്,പാലാ	1,2
36	ഇൻഡസ് ബാങ്ക്,പാലാ	1,2
37	റിലയൻസ് ലൈഫ് ഇൻഷുറൻസ് പാലാ	1,2
38	കെ.എസ്.എഫ്.ഇ പാലാ	1,2
39	കല്യാൺ ജൂവലറി പാലാ	1,2
40	ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വീസസ്	1,2
41	ചെമ്മണ്ണൂർ ക്രഡിറ്റ് &ഇൻവെസ്റ്റ് മെൻറ്	1,2
42	കുറുമുണ്ടയിൽ ജൂവലറി	1,2
43	മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് പാലാ	1,2
44	സെൻറ്.ജോർജ്ജ് ഐ ഹോസ്പിറ്റൽ പാലാ	1,2
45	Kappil Ortho Dentic Centre	1,2
46	Santamonica Study Abroad Pala	1,2
47	കൊശമറ്റം ഫിനാൻസ് പാലാ	1,2
48	മുഴയിൽ ജൂവലറി പാലാ	1,2

49	ഹോട്ടൽ രാജധാനി പാലാ	1,2
50	മീനച്ചിൽ താലൂക്ക് എംപ്ളോയീസ് കോപ്പറേറ്റീവ് സൊസൈറ്റി	1,2
51	ബാങ്ക് ഓഫ് മഹാരാഷ്ട്ര	1,2
52	യൂണിവേഴ്സൽ തീയേറ്റർ പാലാ	1,2
53	മരിയൻ ദന്താശുപത്രി പാലാ	1,2
54	മുത്തൂറ്റ് സെക്യൂരിറ്റീസ് പാലാ	1,2
55	അൽഫോൺസ കണ്ണാശുപത്രി പാലാ	1,2
56	സൺമേരി ക്ളിനിക്ക് പാലാ	1,2
57	Aranmula Chit Funds Pvt.Ltd	1,2
58	ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് പാലാ	1,2
59	പിട്ടാപ്പള്ളിൽ ഏജൻസിസ് പാലാ	1,2
60	ചോളമണ്ഡലം ഇൻവെസ്റ്റ്മെൻറ് ആൻറ് ഫിനാൻസ് കമ്പനി ലിമിറ്റഡ്	1,2
61	നാഷണൽ ഇൻഷുറസ് പാലാ	1,2
62	സുന്ദരം ഫിനാൻസ് പാലാ	1,2
63	ഇൻഡ്യൻ കോഫിഹൌസ് പാലാ	1,2
64	ജോൺമരിയൻ നാച്വറോപ്പതി പാലാ	1,2
65	റിലയൻസ് സ്മാർട്ട് പോയിൻറ് പാല	1,2

ഈ സ്ഥാപനങ്ങളിൽ നിന്നും 2024-25 വർഷം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 15/18.02.2026) മറുപടി ലഭ്യമാക്കിയില്ല. പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-33 കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

പാല നഗരസഭ പരിധിയിലുള്ള വിവിധ മേഖലകളിലായി പ്രവർത്തിക്കുന്ന കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2024-25 വർഷം നഗരസഭ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത മുനിസിപ്പൽ കരാറുകാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. മരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ പ്രവൃത്തികൾ ഏറ്റെടുത്തവരിൽ നികുതി ഒടുക്കാത്ത കരാറുകാരുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി
1.	ജോഷി തോമസ്
2.	മാത്തച്ചൻ എം
3.	സാജൻ ജോസ്
4.	ഫാസിയ പി. ഡി
5.	മാത്തുക്കുട്ടി എബ്രഹാം
6.	ജീസൺ ജോർജ്ജ്
7.	പ്രദീപ് ആർ
8.	ഷൈൻ ബേബി
9.	ഷാഹുൽ ഹമീദ്
10.	സിബി ജോസഫ്
11.	എബിൻ സനു
12.	പി.എസ് രവീന്ദ്രൻ നായർ
13.	സാജൻ ജോസ് വാഴയിൽ കൺസ്ട്രക്ഷൻ
14.	മുഹമ്മദ് സാദിഖ്
15.	ഷെബിൻ സെബാസ്റ്റ്യൻ

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. ഇത് സംബന്ധിച്ച്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (48/25-02-2026) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരുടെ തൊഴിൽ നികുതി 2024-25 വർഷത്തേത് കുടിശികയായി Prior Period Tax ശീർഷകത്തിൽ അടവാക്കി രേഖകൾ സഹിതം വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-34 വിനോദ നികുതി ഈടാക്കിയതിലെ അപാകതകൾ

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് നിയമം വകുപ്പ് 3 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അവയുടെ പരിധിയിൽ പ്രവർത്തിക്കുന്ന സിനിമ തീയേറ്ററുകളിൽ നിന്ന് ടിക്കറ്റ് വിലയുടെ നിശ്ചിത ശതമാനം വിനോദ നികുതി ചുമത്താവുന്നതാണ്. ചരക്ക് സേവന നികുതി, ഇ-ടിക്കറ്റിങ്ങ് എന്നിവ പ്രാബല്യത്തിലായതിനുശേഷം മേൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി 31/08/2019 ലെ സ.ഉ.(കൈ) നം.112/2019/തസ്വഭവ പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റിന് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് 8.5% എന്നിങ്ങനെ വിനോദ നികുതി നിരക്ക് 01/09/2019 പ്രാബല്യത്തിൽ സർക്കാർ പുനർനിശ്ചയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശമുനസരിച്ച്, തീയേറ്ററുകൾ ഓരോ മാസവും 18% ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി (Monthly GST Return Statement) വിനോദ നികുതിയിനത്തിൽ പിരിച്ച തുകയും (8.5%) തൊട്ടടുത്തമാസം 3-ാം തീയതിക്കുള്ളിൽ തദ്ദേശഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്.

2024-25 ധനകാര്യ പത്രിക പ്രകാരം തൻവർഷം വിനോദ നികുതിയിനത്തിൽ നഗരസഭാ ഫണ്ടിലേക്ക് ആകെ 4805164/- രൂപ ലഭ്യമായിട്ടുണ്ടെങ്കിലും ആധികാരിക രേഖകളുടെ പിൻബലമില്ലാതെയാണ് തീയറ്ററുകൾ തുക ഒടുക്കിയിട്ടുള്ളത്. വിനോദ നികുതി ഇനത്തിൽ ലഭിച്ച തുകയുടെ കൃത്യത നഗരസഭ പരിശോധിച്ചിട്ടില്ല. പാലാ നഗരസഭാ പരിധിയിൽ 2024-25 വർഷത്തിൽ വിനോദ നികുതി ഒടുക്കിയ തീയറ്ററുകളുടെ വിശദാംശങ്ങൾ, തുക ഒടുക്കിയതിലെ അപാകതകൾ എന്നിവ ചുവടെ ചേർക്കുന്നു.

1.) ജോസ് തീയേറ്റർ 2024- 25 വർഷത്തിൽ 415673 രൂപയാണ് വിനോദ നികുതി ഇനത്തിൽ ആകെ ഒടുക്കിയിട്ടുള്ളത്. വിവിധ മാസങ്ങളിലായി സമർപ്പിച്ച പ്രൊഫോർമകളിൽ ടിക്കറ്റുകളുടെ ആകെ എണ്ണം, റേറ്റ് എന്നിവ മാത്രം രേഖപ്പെടുത്തി തുക ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. ടിക്കറ്റുകളുടെ ക്രമ നമ്പർ, ഷോ തിയതി, എണ്ണം മുതലായ വിവരങ്ങൾ ഒന്നും തന്നെ സമർപ്പിച്ചിരിക്കുന്ന പ്രൊഫോർമയിൽ നിന്നും വ്യക്തമല്ല. ഡി.സി.ആർ., ജി.എസ്.ടി. റിട്ടേൺ എന്നീ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ജോസ് തീയറ്റർ സമർപ്പിച്ച പ്രൊഫോർമയിൽ റോയൽ സർക്കിളിലെ ഒരു ടിക്കറ്റിന്റെ ആകെ നിരക്കായി രേഖപ്പെടുത്തിയിട്ടുള്ളത് 145 രൂപയാണ്. എന്നാൽ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് പ്ലാറ്റ് ഫോമായ ബുക്ക് മൈ ഷോ യിൽ 150 രൂപയാണ് നിരക്ക്. ടിക്കറ്റ് നിരക്ക് സംബന്ധിച്ചും വ്യക്തതയില്ല.

2.) യൂണിവേഴ്സൽ തീയേറ്റർ 2024-25ൽ 491897 രൂപയാണ് വിനോദ നികുതി ഇനത്തിൽ ഒടുക്കിയിട്ടുള്ളത്, പ്രൊഫോർമയിൽ ടിക്കറ്റ് എണ്ണം, ക്രമ നം. എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡി.സി.ആർ., ജി.എസ്.ടി. റിട്ടേൺ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3.) പുത്തേട്ട് സിനിമാസ് 2024-25ൽ 3762672 രൂപ വിനോദ നികുതി ഇനത്തിൽ ഒടുക്കിയിട്ടുണ്ട്. ഡി.സി.ആർ, ജി.എസ്.ടി സ്റ്റേറ്റ്മെന്റ് എന്നിവ സമർപ്പിച്ചിട്ടുണ്ടെങ്കിലും ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരിക രേഖകൾ സമർപ്പിച്ചിട്ടില്ല.

4.) പാലാ യുവറാണി, മഹാറാണി എന്നീ തീയറ്ററുകൾ 2023 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വിനോദ നികുതി ഇനത്തിൽ 134922/- രൂപ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ ഡി.സി.ആർ., ജി.എസ്.ടി. റിട്ടേൺ എന്നിവ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻകൃയറിക്കു (നം.22/19.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ വിനോദ നികുതി ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മതിയായ രേഖകളുടെ പിൻബലമില്ലാതെ നികുതി ഈടാക്കുന്ന സാഹചര്യത്തിൽ നികുതിച്ചോർച്ച ഉണ്ടാവുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു. നികുതി ഈടാക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആധികാരിക രേഖയായ ജി.എസ്.ടി. റിട്ടേണുകൾ, ഡി.സി.ആർ എന്നിവ പരിശോധിച്ച് ഈടാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്. കൂടാതെ നഗരസഭാ പരിധിയിലെ തീയറ്ററുകളിൽ നിന്ന് 2024-25 വർഷത്തിൽ നികുതി ഈടാക്കിയതിന്റെ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-35 അനധികൃത നിർമ്മാണങ്ങൾ-പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് കാര്യക്ഷമല്ല

കെ-സ്മാർട്ട് സോഫ്റ്റ് വെയർ മുഖേന വിവിധ ഫയലുകൾ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ അനധികൃത കെട്ടിട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം നിലനിൽക്കുന്നതായി ചുവടെ ചേർത്തിരിക്കുന്ന ഫയലുകളിൽ നിന്നും ബോധ്യപ്പെട്ടു.

1.) ശ്രീ ഗോപിനാഥൻ നായരുടെ ഉടമസ്ഥതയിലുള്ള XI/254,255,256 (വാർഡ് 11) എന്നീ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ശ്രീ ജോർജ് തോമസ് ,വെള്ളരിങ്ങാട്ടു താഴെ എന്നയാളുടെ പാലാ ഫ്രഷ് ചപ്പാത്തി എന്ന

സ്ഥാപനത്തിനെതിരെ ലഭിച്ച പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ മേൽ കെട്ടിടം അനധികൃതമാണെന്ന് നഗരസഭ കണ്ടെത്തിയിട്ടുള്ളതായും അൺ ഓതറൈസ്ഡ് ബിൽഡിംഗ് എന്ന നിലയിൽ അസ്സെസ്സ് ചെയ്തിട്ടുള്ളതും ടി അനധികൃത നിർമ്മാണം പൊളിച്ചുനീക്കണമെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ഫയൽ പ്രകാരം കാണുന്നു. മേൽ സ്ഥാപനത്തിന് നഗരസഭ IFTEOS ലൈസൻസ് നൽകിയതായും ഫയലിൽ രേഖപ്പെടുത്തലുണ്ട്. മേൽ വിഷയത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (04/17.02.2025) നു ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ നിർബന്ധിത നടപടികൾ സ്വീകരിക്കരുതെന്ന ഹൈക്കോടതി നിർദ്ദേശം ഉള്ളതിനാലാണ് നിലവിൽ മറ്റ് തുടർ നടപടികൾ സ്വീകരിക്കാത്തതെന്ന് അറിയിച്ചു.

2.) അനധികൃത നിർമ്മാണത്തെപ്പറ്റി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ C.T.P. VIG/187/2020, C.T.P. VIG/172/21 എന്നീ നമ്പറുകളിലുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 11-ാം വാർഡിലെ എ1 റെസിഡൻഷ്യൽ വിഭാഗത്തിൽപ്പെട്ട 11/253, 254, 255, 256 നമ്പർ കെട്ടിട മുറികളിൽ അനധികൃതമായ നിർമ്മാണങ്ങൾ കണ്ടെത്തുകയും കെട്ടിടം UA ആയി അസസ്സ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ നഗരസഭ ടി മുറികളിൽ നൽകിയ ലൈസൻസ് റദ്ദാക്കുന്നതിന് 16.11.2024 ൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. (ലൈസൻസ് കാലാവധി അനുവദിച്ചതിന് ശേഷം പുതുക്കി നൽകിയിട്ടില്ല)

3.) മീനച്ചിൽ ഹോട്ടൽസ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട കേസ് തുടർ നടപടികളുടെ ഭാഗമായി നഗരസഭ എഞ്ചിനീയറിംഗ്, റവന്യൂ വിഭാഗങ്ങൾ സംയുക്ത പരിശോധന നടത്തുകയും പാലാ നഗരസഭയിൽ പുഴക്കര ഭാഗത്ത് പ്രവർത്തിക്കുന്ന മീനച്ചിൽ ഹോട്ടൽസ് എന്ന സ്ഥാപനത്തിന്റെ ബിൽഡിംഗ് ഇൻസ്പെക്ഷൻ നടത്തിയതിൽ ഒക്യുപ്പൻസി പ്രകാരം ടി കെട്ടിടത്തിന് സെല്ലാർ ഫ്ളോർ 335.80 M², ഗ്രൗണ്ട് ഫ്ളോർ സെക്കന്റ് ഫ്ളോർ - 462 M², തേർഡ് ഫ്ളോർ - 462 M², ടെറസ് ഫ്ളോർ - 58.30 M² 475 M², ഫസ്റ്റ് ഫ്ളോർ - 462 M², എന്നിങ്ങനെ ആകെ വിസ്തീർണ്ണം 2255.10 M² ആണ് ഉള്ളതെന്നും എന്നാൽ ടെറസ് ഫ്ലോറിൽ 19.65m X 12.8m 251.52 M2, 8.50m X 4.50m 38.25m2, 12.80m X 5.15m-65.92m2, 355.69m2 ഏരിയ ഷീറ്റ് റൂഫിംഗ് നടത്തി സൈഡ് കെട്ടിയടച്ച് ഉപയോഗിച്ചു വരുന്നതായും, ടി നിർമ്മാണം കെ.എം.ബി.ആർ 2019 റൂൾ 4(2) ന്റെ ലംഘനമാണെന്നും ആയതിനാൽ ടി നിർമ്മാണം പൊളിച്ചു മാറ്റുന്നതിനോ ക്രമവത്ക്കരിക്കുന്നതിനോ നോട്ടീസ് നൽകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുകയും പിന്നീട് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽ ഉദാഹരണങ്ങളിൽ നിന്നും നഗരസഭാ പരിധിയിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ നിലവിലുണ്ട് എന്നത് വ്യക്തമാണ്. എന്നാൽ കെ-സ്മാർട്ട് സോഫ്റ്റ് വെയറിലെ ബിൽഡിംഗ് കൗണ്ടിൽ അനധികൃത കെട്ടിടങ്ങളായി അസ്സസ് ചെയ്തിട്ടുള്ളത് 47 കെട്ടിടങ്ങൾ മാത്രമാണ്. ടി കെട്ടിടങ്ങളുടെ മറ്റ് വിശദാംശങ്ങൾ നിലവിൽ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമല്ല. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം നഗരസഭാ പരിധിയിലെ കെട്ടിടങ്ങളിൽ പോസ്റ്റ് ഒക്യുപെൻസി നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 17/18.02.2026 നു ലഭ്യമാക്കിയ മറുപടിയിൽ 7 ഓളം കെട്ടിടങ്ങളിൽ പരിശോധന നടത്തിയിട്ടുള്ളതായി അറിയിച്ചു. എന്നാൽ വിവിധ പരാതികൾ ,കേസ് നടപടികൾ എന്നിവയെ തുടർന്നുള്ള പരിശോധനയാണ് ടി കെട്ടിടങ്ങളിൽ നടത്തിയിട്ടുള്ളത്. പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ്, ഫീൽഡ് പരിശോധനകൾ എന്നിവ കൃത്യമായ ഇടവേളകളിൽ നടത്താത്ത സാഹചര്യത്തിൽ അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുകയും പിന്നീട് കോടതി നടപടികൾ ഉൾപ്പെടെ സ്വീകരിക്കേണ്ടതായും വരുന്നു. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റിന്റെ സാധ്യതകൾ പരമാവധി ഉപയോഗിച്ച് അനധികൃത നിർമ്മാണങ്ങൾ പരമാവധികണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട ക്രമ നം. 1, 2, 3 ഉദാഹരണങ്ങളിന്മേലുള്ള തുടർനടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-36 പെർമ്മിറ്റ് അപേക്ഷകൾക്കൊപ്പം പ്ലിന്ത് ലെവൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് ചേർത്തിട്ടില്ല.

കെ-സ്മാർട്ട് മുഖേന പെർമ്മിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ ജനറൽ പെർമിറ്റ്, സെൽഫ് സർട്ടിഫൈഡ് പെർമിറ്റ്, റെഗുലറൈസേഷൻ പെർമിറ്റ് എന്നീ രജിസ്റ്ററുകൾ പ്രകാരം ആകെ 237 പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ടി രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ സെൽഫ് സർട്ടിഫൈഡ് പെർമിറ്റ് പ്രകാരം നിർമ്മാണം ആരംഭിക്കുകയും പിന്നീട് ഒക്യുപ്പെൻസി അനുവദിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളിൽ 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 19D,19 E ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്ലിന്ത് ലെവൽ പരിശോധന റിപ്പോർട്ട് സമർപ്പിക്കാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫയൽ നം./ തീയതി	പെർമിറ്റ് നം./ തീയതി	കംപ്ലീഷൻ തീയതി	ഒക്കുപൻസി തീയതി./ സർട്ടിഫിക്കറ്റ് നം.
1	155015-2025 -	SCP/1808/2025 ,	29-10-2025	29-10-2025 - OC/67648/2025

	24-01-2025	24-01-2025		
2	2561860-2024 - 12-11-2024	SCP/16390/2024 , 12-11-2024	20-09-2025	20-09-2025 - OC/50530/2025
3	2398086-2024 - 21-10-2024	SCP/15024/2024 , 21-10-2024	07-01-2026	07-01-2026 - OC/2869/2026
4	2323299-2024 - 09-10-2024	SCP/14374/2024 , 09-10-2024	30-09-2025	30-09-2025 - OC/55148/2025
5	2287611-2024 - 03-10-2024	SCP/14050/2024 , 03-10-2024	13-01-2026	13-01-2026 - OC/5270/2026

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 40/21.02.2026) ലഭ്യമാക്കിയ മറുപടിയിൽ കെ-സ്മാർട്ട് അപ്ഡേഷൻ നടന്നിരുന്ന സമയങ്ങളിൽ ലൈസൻസികൾക്ക് പ്ലിന്ത് ലെവൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് സമർപ്പിക്കാൻ കഴിയാത്തതുമൂലമാണ് റിപ്പോർട്ടുകൾ ഫയലിൽ ചേർക്കാൻ സാധിക്കാതിരുന്നത് എന്നാണ് അറിയിച്ചത്. എന്നാൽ വിവിധ മാസങ്ങളിൽ ടി റിപ്പോർട്ട് ഉള്ളടക്കം ചെയ്യാത്ത ഫയലുകളുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പെർമ്മിറ്റ് അപേക്ഷകൾ തീർപ്പാക്കുമ്പോൾ ചട്ട പ്രകാരമുള്ള അനുബന്ധങ്ങൾ യഥാസമയം സമർപ്പിക്കുന്നുണ്ടെന്നും. നിശ്ചയിച്ചിരിക്കുന്ന സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

1-37 ക്രമവൽക്കരണഫീസ് ഈടാക്കിയതിൽ കുറവ്

ഫയൽ നം.: 2277296-2024 തീയതി. 20-12-2024

ഫയൽ പ്രകാരം റെജി ജോർജ് എന്ന വ്യക്തിക്ക് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചിട്ടുണ്ട്. കെട്ടിടം ക്രമവൽക്കരിച്ചപ്പോൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ് ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടുള്ളത്.

Block 1- 274.55, Block 2- 13.03
274.55 X 60 X 2 = 32946 +
13.03 X 7 X 2 = 182.42
ആകെ = 33128 (രസീത് നം.: R-M050100-24013871, 18-12-2024)

കെട്ടിടം കെ -സ്മാർട്ട് മുഖേന വസ്തു നികുതി നിർണ്ണയിച്ച് പാർപ്പിടാവശ്യം 300 ച.മീറ്ററിൽ താഴെ എന്ന ഗണത്തിൽപ്പെടുത്തി 287.58 ച.മീറ്ററിനുമായി 07/20/5 എന്ന ഒരു നമ്പറാണ് അനുവദിച്ചിട്ടുള്ളത് . ഒരു കെട്ടിടത്തിന്റെ തന്നെ ഭാഗമായ 13.03 ച.മീ. വിസ്തീർണ്ണം വ്യത്യസ്ത കെട്ടിടമായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കി ക്രമ വത്കരിച്ചത് മൂലം വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട് . 30.07.2024 ലെ നം.സ.ഉ(കൈ) നം. 97/2024/LSGD ഉത്തരവ് പ്രകാരം 150 ച.മീ മുതൽ 300 ച.മീ വരെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നഗരസഭാ പരിധിയിൽ ഈടാക്കേണ്ട പെർമ്മിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് 60 രൂപയാണ് ആയത് പ്രകാരം ഈടാക്കേണ്ടിയിരുന്ന ക്രമ വൽക്കരണ ഫീസ് ചുവടെ ചേർക്കുന്നു. 287.58 X 60 X 2 = 34510, കുറവ് വന്ന തുക = 34510-33128 = 1382. കുറഞ്ഞ നിരക്കിൽ ക്രമ വൽക്കരണ ഫീസ് ഈടാക്കിയ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.41/23.02.2025) ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശ സ്വയംഭരണ(ആർ.എ.) വകുപ്പിന്റെ 13/03/2024 തീയതിയിലെ ഉത്തരവ് നം.ജി.ഒ.(ആർ.റ്റി.)നം.588/2024/എൽഎസ്ജിഡി നമ്പർ ഉത്തരവ്, ഖണ്ഡിക (3) പ്രകാരം ഒന്നിലധികം കെട്ടിടങ്ങൾ ഒരു പ്ലോട്ടിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ, ആയവ വെവ്വേറെ ബ്ലോക്കുകളായാണ് പരിഗണിക്കേണ്ടതെന്നും, ഓരോ കെട്ടിടത്തിനും ആയതിന്റെ വിസ്തീർണ്ണം മാത്രം കണക്കാക്കി, സ്ലാബ് അടിസ്ഥാനത്തിലുള്ള ഫീസ് ഈടാക്കുന്നതിനായാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ടി ഉത്തരവിലെ വ്യവസ്ഥ ചുവടെ ചേർക്കും പ്രകാരമാണ്. **"ഒരു പ്ലോട്ടിൽ ഒന്നിലധികം ഉപയോഗഗണത്തിൽപെടുന്നതോ അല്ലാത്തതോ ആയ ഒന്നിലധികം കെട്ടിടങ്ങൾ (വെവ്വേറെ ബ്ലോക്കുകളിലായി) വരുമ്പോൾ വിസ്തൃതി/ ഉപയോഗഗണം എന്നിവയിൽ വ്യതിയാനം വരുത്തിയ കെട്ടിടത്തിന്റെ ആകെ വിസ്തൃതിയാണ് പെർമിറ്റ് ഫീയുടെ സ്ലാബ് നിശ്ചയിക്കുന്നതിന് കണക്കിലെടുക്കേണ്ടത്. കണക്കിലെടുക്കുന്ന കെട്ടിടം ഏത് ഉപയോഗഗണത്തിലാണോ ഉൾപ്പെടുന്നത് ടി ഉപയോഗഗണത്തിന്റെ പെർമിറ്റ് ഫീ ആണ് ബാധകമാക്കേണ്ടത്"** ഫയൽ പ്രകാരം കെട്ടിടം പൂർണ്ണമായും (ഇരു ബ്ലോക്കുകളും) ക്രമവത്കരിക്കുകയാണ് ചെയ്തിട്ടുള്ളത്. 13.03.ച.മീ ബ്ലോക്ക് മാത്രമായി ക്രമവത്ക്കരിക്കുന്ന സാഹചര്യമല്ലാത്തതിനാലും നിർമ്മാണത്തിന്റ ആകെ വിസ്തീർണ്ണം പരിഗണിച്ച് അതിനനുസൃതമായ സ്ലാബിൽ ക്രമ വത്ക്കരണ ഫീസ് ഈടാക്കാവുന്നതാണ്. കുറവ് വന്ന 1382 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-38 ഐഎഫ്.റ്റി ഇ & ഒ .എസ്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

നഗരസഭാ പരിധിയിൽ വിവിധ സ്ഥാപനങ്ങൾ ഐ.എഫ്.റ്റി.ഇ & ഒ.എസ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം
1.	മത്സ്യഫെഡ് ഫിഷ്മാർട്ട്.
2.	ഫുഡി ബഡി ഇൻ
3.	എൻ ജേയ് ബുക്ക് മാർക്ക്
4.	സന്ധ്യ കേറ്റേർസ്
5.	ന്യൂ ലൈഫ് കൗൺസിലിംഗ് സെന്ററർ
6.	ലിലി സയന്റഫിക് ഇലട്രോളിസിസ്
7.	ഖാദി മഹൽ
8.	കടൂകുന്നേൽ ഗ്ലാസ്സ് ഹൗസ്
9.	ട്രോണിക്സ് ഐ റ്റി ഐ
10.	പാലാ സർജിക്കൽസ്
11	സ്പർശ ആയുർവേദ മസ്സാജ് സെന്ററർ & സ്പാ
12	ചാവറ മൾട്ടി ജിം & ടർഫ്,
13	ഗ്രിഡ് 35 സോസർലാൻഡ്
14	നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ,റേഷൻ കടകൾ

സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറികൾക്ക് (43/23.02.2026,56/26.022026) മറുപടി ലഭ്യമാക്കിയില്ല.മാത്രമല്ല .2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ ലൈസൻസ് ഇനങ്ങളിലായി താഴെപ്പറയും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

കുടിശ്ശിക ഇനം	തുക
തൻവർഷം	123000
കുടിശ്ശിക	134800

മേൽ കുടിശ്ശിക ഏതൊക്കെ സ്ഥാപനങ്ങൾ സംബന്ധിക്കുന്ന കുടിശ്ശികയാണെന്നും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും അറിയിക്കാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്കും (43/23.02.2026) മറുപടി ലഭ്യമാക്കിയില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമുള്ള ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിലനിൽക്കുന്ന കുടിശ്ശിക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-39 വിവിധ ആസ്തികളുടെ ലേലം - തുടർനടപടികൾ പൂർത്തീകരിച്ചിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ആസ്തികൾ ലേലം ചെയ്തും വാടകയ്ക്കും നൽകുന്നതിലേക്കായുള്ള തീരുമാനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	തീരുമാന തീയതി/ നം.	തീരുമാനം	ഫയൽ നം.
1	19.09.2024 ലെ യോഗം അഡീഷണൽ അജണ്ട നം.3)	പാലാ നഗരസഭാ പരിധിയിലെ വിവിധ പാലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും താൽപര്യ പത്രം ക്ഷണിക്കുന്നതിനും, ആയതിന്റെ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് നഗരസഭാ റവന്യൂ, എഞ്ചിനീയറിംഗ് വിഭാഗങ്ങളെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.	ഫയൽ നം. ആർ2/2101570/24
2	26.09.2024 ലെ യോഗം 13(1) തീരുമാനം	2000/- രൂപ പ്രതിമാസ വാടകയും, പ്രതിമാസ വാടകയുടെ 5% വാർഷിക വർദ്ധനയോടെയും 5 വർഷക്കാലയളവിലേയ്ക്ക് എ.റ്റി.എം സ്ഥാപിക്കുന്നതിനായി 50 സ്കൂ.ഫീറ്റ് സ്ഥലം ലീസ് എഗ്രീമെന്റ് വ്യവസ്ഥയിൽ നൽകുന്നതിന് തീരുമാനിച്ചു.	ഫയൽ നമ്പർ :- പി.ഡബ്ല്യൂ1-2298587/24
3	24.02.2025 ലെ	പാലാ നഗരസഭയുടെ ഉടമസ്ഥതയിലുള്ള	ഫയൽ നമ്പർ :-

	യോഗം 25(1)	മൂന്നാനി ലോയേഴ്സ് കോംപ്ലക്സിന്റെ മൂന്നാം നിലയിലുള്ള എസ് 56 മുതൽ എസ് 66 വരെയുള്ള 11 കടമുറികൾ ജൽജീവൻ മിഷൻ മീനച്ചിൽ മലങ്കര കുടിവെള്ള പദ്ധതിക്കുവേണ്ടി പുതിയ പ്രോജക്ട് ഓഫീസ് തുടങ്ങുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് 21/02/2024 മുതൽ 11 മാസത്തേയ്ക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതിന്റെ കാലാവധി 20/01/2025 ൽ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ ടി കടമുറികളുടെ കരാർ അടുത്ത 11 മാസക്കാലയളവിലേയ്ക്ക് സർക്കാർ സ്ഥാപനമായതിനാൽ നിലവിലെ വാടക തന്നെ നിലനിർത്തി പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.	ആർ3/5197/22	
4	15.06.2024 ലെ 09 (1) തീരുമാനം	ക്യാപിറ്റിൽ എൻജിനീയറിംഗ് കൺസൾട്ടൻസി പ്രോജക്ട് ഡയറക്ടറുടെ അപേക്ഷ പരിഗണിക്കേണ്ടതില്ലായെന്നും, തെരെഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം മാറിയ സാഹചര്യത്തിൽ ന്യൂ കോംപ്ലക്സിലെ എസി ഹാൾ വാടക നിരക്ക് അടിസ്ഥാനത്തിൽ അടിയന്തിരമായി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.	ഫയൽ നമ്പർ :- ആർ3/992265/24	
5	19.09.2024 ലെ 15 (1) തീരുമാനം	കുമാരനാശാൻ പാർക്ക് മെയിന്റനൻസ് നടത്തി വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച്	ഫയൽ നമ്പർ :- ജി2/6827/21 Vol.2	
6	14.10.2024 ലെ 14 (1) തീരുമാനം	പാലാ നഗരസഭാ കൗൺസിലിന്റെ 24/06/2024 തീയതിയിലെ 5-ാം നമ്പർ തീരുമാന പ്രകാരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നഗരസഭാ വക വനിതാ ഹോസ്റ്റൽ ഏറ്റെടുത്ത് നടത്തുന്നതിന് പ്രതിമാസം ജി.എസ്.റ്റി ഉൾപ്പെടെ 70,741/- രൂപ പ്രതിമാസ വാടക നിശ്ചയിച്ചും, 5% വാർഷിക വർദ്ധനവോടെ നിലവിലെ സ്ഥിതിയിൽ ആവശ്യമായ അറ്റകുറ്റപ്പണികളും, മറ്റ് മരാമത്ത് പ്രവർത്തികളും സ്വന്തം ചെലവിൽ നിർവ്വഹിക്കണമെന്ന നിബന്ധനകളോടെ അനുവദിച്ചിട്ടുള്ളത് അറിയിച്ചുകൊണ്ട് 26/06/2024 ൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ടി ഹോസ്റ്റൽ 15 വർഷത്തേയ്ക്ക് അനുവദിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർ കേരളാ വനിതാ വികസന കോർപ്പറേഷൻ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ വക വനിതാ ഹോസ്റ്റൽ കേരളാ സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നഗരസഭയുമായി ഇതു സംബന്ധിച്ച കരാറിൽ ഏർപ്പെടുന്നതിന് കത്ത്	ഫയൽ നമ്പർ :- ആർ3/5010/2012	

		നൽകുന്നതിനും, കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന് സമയപരിധി ആവശ്യമായി വരുന്ന പക്ഷം പരമാവധി രണ്ട് മാസത്തെ വാടക ഇളവ് ചെയ്ത് നൽകുന്നതിനും തീരുമാനിച്ചു.	
7	03.12.2024 ലെ 12(1)	11/03/2024-ലെ 13-ാം നമ്പർ കൗൺസിലിന്റെ തീരുമാനത്തിൽ ലീസ് കാലാവധി 25 വർഷമായി ഭേദഗതി ചെയ്തു കൊണ്ട് പുതുക്കി നൽകുന്നതിനും, മറ്റെല്ലാ നിബന്ധനകളും നിലനിർത്തി ബി.എസ്.എൻ.എൽ.ന് സമ്മതപത്രം നൽകുന്നതിനും ബി.എസ്.എൻ.എൽ. അറിയിക്കുന്ന മുറയ്ക്ക് കരാറിലേർപ്പെടുന്നതിനും തീരുമാനിച്ചു.	ഫയൽ നമ്പർ :- പി.ഡബ്ല്യൂ2/74019/24
8	03.12.2024 ലെ 14(1)	തെക്കേക്കര മുനിസിപ്പൽ കോംപ്ലക്സിൽ ലിഫ്റ്റിനായി നിർമ്മിച്ച ഭാഗത്ത് വെയ്സ്റ്റ് നിക്ഷേപിക്കുകയും മഴസമയത്ത് വെള്ളം കെട്ടിക്കിടന്ന് കൊതുകുകൾ പെരുകുകയും ചെയ്യുന്ന സാഹചര്യത്തിൽ ടി ഭാഗം 1000/- രൂപ എന്ന അടിസ്ഥാന നിരക്കിലും, 6 മാസത്തെ വാടക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കിയും, വാടകയ്ക്ക് എടുക്കുന്നയാൾ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ സ്വന്തം നിലയിൽ ടി ഭാഗം റിപ്പയർ ചെയ്ത് എടുക്കണമെന്ന വ്യവസ്ഥയിലും ലേലം ചെയ്തു നൽകുന്നതിന് തീരുമാനിച്ചു.	ഫയൽ നമ്പർ :- ആർ3/2493004/24

ടി വിഷയങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 50/25.02.2025 നു ലഭ്യമാക്കിയ ഭാഗിക മറുപടിയിൽ. 03.12.2024 ലെ 12(1) തീരുമാനപ്രകാരം ടവറിന് ബി.എസ്.എൻ.എൽ. ഓഫീസിൽ ഡ്രാഫ്റ്റ് എഗ്രീമെന്റിൽ ഒരു ക്ലോസ് ചേർക്കുന്നതിനായി നൽകിയതായും എഗ്രീമെന്റ് തിരികെ നഗരസഭയിൽ ലഭിച്ചിട്ടില്ലാത്തതായും അറിയിച്ചു ടി. വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് കരാർ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

26.09.2024 ലെ യോഗം 13(1) തീരുമാന പ്രകാരം ശ്രീമതി അഞ്ജലി മോഹന്റെ അപേക്ഷ പരിഗണിച്ച് 2000/- രൂപ പ്രതിമാസ വാടകയും, പ്രതിമാസ വാടകയുടെ 5% വാർഷിക വർദ്ധനയോടെയും 5 വർഷക്കാലയളവിലേയ്ക്ക് എ.റ്റി.എം സ്ഥാപിക്കുന്നതിനായി 50 സ്ക്വ.ഫീറ്റ് സ്ഥലം ലീസ് എഗ്രീമെന്റ് വ്യവസ്ഥയിൽ നൽകുന്നതിന് തീരുമാനിക്കുകയും ടി വിവരം അപേക്ഷകയെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചിട്ടില്ലാത്തതായി അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. അപേക്ഷകയ്ക്ക് വീണ്ടും കത്ത് നൽകി ടി വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ശേഷിക്കുന്ന തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-40-1 കുത്തകക്കാരുമായി വാടകക്കരാറിൽ ഏർപ്പെട്ടിട്ടില്ല

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം പാലാ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ എണ്ണം, വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	ഷോപ്പിംഗ് കോംപ്ലംക്സ്	ആകെയുള്ള മുറികൾ	ഒഴിഞ്ഞ് കിടക്കുന്ന മുറികൾ
1	മുൻസിപ്പൽ കോംപ്ലക്സ് ബിൽഡിംഗ്	115	0
2	ന്യൂ കോംപ്ലക്സ് ബിൽഡിംഗ്	49	0
3	ടൗൺ ഹാൾ ബിൽഡിംഗ്	19	0

4	ടൗൺ ബസ്സ്റ്റാന്റ് ഗാരേജ്	21	03
5	കൊട്ടാരമറ്റം പഴയ കോംപ്ലക്സ്	21	0
6	വിശ്രാംസങ്കേത്	12	0
7	കൊട്ടാരമറ്റം ന്യൂകോംപ്ലക്സ്	71	06
8	തെക്കേക്കര കോംപ്ലക്സ്	53	0
9	മുൻസിപ്പൽ കൊമേഴ്സ്യൽ കോംപ്ലക്സ് ബിൽഡിംഗ്	64	01
10	മൂന്നാനി ലോയേഴ്സ് കോംപ്ലക്സ്	72	നിലവിലെ സ്ഥിതി വ്യക്തമല്ല
	ആകെ	497	10

2000-ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7, 8 പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായതോ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കളുടെ കൈമാറ്റം നിശ്ചിത മാതൃകയിലുള്ള വാടക കരാറിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം മൂന്നാനി ലോയേഴ്സ് കോംപ്ലക്സിലേതൊഴികെ 415 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും (മൂന്നാനി ലോയേഴ്സ് കോംപ്ലക്സിലെ ഒഴികെ) 126 കുത്തകക്കാരുമായി നിയമാനുസൃത കരാറിലേർപ്പെട്ടിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. മൂന്നാനി ലോയേഴ്സ് കോംപ്ലക്സിലെ 11 മുറികൾ ജലജീവൻ മിഷന്റെ ഓഫീസിന് വാടകയ്ക്ക് നൽകിയിട്ടുള്ളതായി ഭരണ സമിതിയുടെ 24.02.2025ലെ 25(1) യോഗ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. ശേഷിക്കുന്ന മുറികൾ ഐ.ഐ.ഐ.ടി. എന്ന സ്ഥാപനത്തിന് വാടകയ്ക്ക് നൽകുന്നതിനായി തീരുമാനിച്ചതായി 27.02.2026ലെ ഓഡിറ്റ് സമാപനയോഗത്തിൽ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത ഷോംപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുകയോ. കരാർ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരം നിശ്ചിതമൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കുന്നതിലുണ്ടാകുന്ന വീഴ്ച 1959- ലെ കേരള സ്റ്റാമ്പ് ആക്റ്റ് വ്യവസ്ഥകളുടെ ലംഘനമാണ്. കരാറിൽ ഏർപ്പെടാത്തതിനാൽ വ്യവസ്ഥകൾ ലംഘിക്കുന്ന കുത്തകക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിൽ പരിമിതി ഉണ്ടാകുന്നുവെന്ന് മാത്രമല്ല സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടവുമുണ്ടാകുന്നു. കുത്തക്കാരുമായി കരാറിൽ ഏർപ്പെടാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 40/23.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിലെ കടമുറികളുടെ കുത്തകക്കാരുമായി ഏർപ്പെടേണ്ട കരാറിന്റെ പ്രാബല്യത്തീയതികൾ പരിശോധിച്ച് (കരാർ പുതുക്കലുൾപ്പെടെ) പ്രസ്തുത തീയതി പ്രാബല്യത്തിൽ കരാർ പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി ഇമ്പൗണ്ടിംഗ് നടപടികൾ സ്വീകരിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സംസ്ഥാനസർക്കാരിനുണ്ടായ നഷ്ടം പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-40-2 ബൈലോ തയാറാക്കിയിട്ടില്ല

നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്ന് വാടകയാണ്. നഗരസഭയുടെ ഉടമസ്ഥതയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്റ്റാന്റുകൾ, ഓപ്പൺ സ്റ്റേജുകൾ, ഹാളുകൾ, സ്റ്റേഡിയം, ബങ്കുകൾ, കച്ചവടങ്ങൾക്കും സമ്മേളനങ്ങൾക്കും മറ്റുമായി വാടകയ്ക്ക് നൽകുന്ന ഭൂമി തുടങ്ങി നിരവധി ആസ്തികളുണ്ട്. മുറികൾ വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 567 പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭ വാടകയ്ക്കായി നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ മുതൽ ദൈനംദിനാടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്ന ഭൂമിയുൾപ്പെടെ വ്യത്യസ്തങ്ങളായ ആസ്തികൾ ഉള്ളതിനാൽ ബൈലോ തയ്യാറാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ബൈലോ തയ്യാറാക്കി അംഗീകാരം നേടാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 40/23.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-40-3 വാടക കുടിശ്ശിക,അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

2024-25 ലെ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക ഇനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

	ഡിമാന്റ്	കളക്ഷൻ,	ബാലൻസ്
അരിയർ	3810510 (2023-24 ബി-15 ഷെഡ്യൂൾ പ്രകാരം)	3312163 (2024-25 ആർ-പി -17)	243890 (2024-25 ബി-14 ഷെഡ്യൂൾ പ്രകാരം)
തൻവർഷം	17442505 (2024-25 ഐ)-3)	12064501(2024-25 ആർ-പി -17)	5369730 (2024-25 ബി-14 ഷെഡ്യൂൾ പ്രകാരം)

2023-24 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക ബി-15 ഷെഡ്യൂളിലെ കണക്കുകൾ പ്രകാരം വാടക ഇനത്തിൽ അരിയർ ,തൻവർഷ കുടിശ്ശിക ഇനത്തിൽ ആകെ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നത് 3840510 രൂപയാണ് തൻ വർഷം രസീപ്റ്റ് ആൻഡ് പെയ്മെന്റ് പത്രിക പ്രകാരം ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത് 3312163 രൂപയാണ് ആയത് പ്രകാരം 2024-25 വർഷത്തിൽ വാടക (അരിയർ) അവശേഷിക്കേണ്ടത് (ഡിമാന്റ്- കളക്ഷൻ) 498347 രൂപയാണ്. നിലവിൽ ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ളത് 243890 രൂപയാണ്, 254457 രൂപ വാടക (അരിയർ) റെന്റ് ഡിപ്പോസിറ്റ്, റെന്റ് അഡ്വാൻസ് എന്നിവയിൽ നിന്നും ജേണൽ മുഖേന ക്രമീകരിച്ചിട്ടുണ്ട്, ടി ജേണൽ വൌച്ചറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ജേണൽ വൌച്ചർ നം.	ക്രഡിറ്റ്	നറേഷൻ
1	J-M050100-24000155	133342	Rent Deposit Of MCCB F9,F16,F17 Adjusted Towards Rent Arrear (11/21 To 03/24) Rent Of April 2024 Of MCCB F17
2	J-M050100-24000154	77387	Rent Deposit Of MCCB F 9 ,F 16, F 17 Adjusted Towards Rent Arrear (03/22 To 3/24) And Rent For April 24 Of MCCB F8
3	J-M050100-24000213	10457	Rent Advance Rs- 19012, Rent Deposit Rs 10457 Of KBT(N) G 21 Adjusted Towards Rent Arrear Rom 05/23 To 09/23.
4	J-M050100-24000213	19012	Rent Advance Rs- 19012, Rent Deposit Rs 10457 Of KBT(N) G 21 Adjusted Towards Rent Arrear From 05/23 To 09/23.
5	J-M050100-24000214	14259	Rent Advance Of KBT(N) G 19 Adjusted Towards Rent Arrear For The Months Of 10/23,11/23,12/23
	ആകെ	254457	

2024-25ൽ തൻവർഷ വാടക ഇനത്തിലെ ഡിമാന്റ് 17442505 രൂപയാണ് ഈ ഇനത്തിലെ പിരിവ് 12064501 രൂപയാണ് തമ്മിലുള്ള വ്യത്യാസം 5378004 രൂപയാണെങ്കിലും കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത് 5369730 രൂപയാണ്. 8274 രൂപ റെന്റ് ഡിപ്പോസിറ്റിൽ നിന്നും ക്രമീകരിച്ചിട്ടുണ്ട

ക്രമ നം	ജേണൽ നം.	ക്രെഡിറ്റ്	നറേഷൻ
1	J-M050100-24000155	4598	Rent Deposit Of MCCB F9,F16,F17 Adjusted Towards Rent Arrear (11/21 To 03/24) Rent Of April 2024 Of MCCB F17
2	J-M050100-24000154	3333	Rent Deposit Of MCCB F 9 ,F 16, F 17 Adjusted Towards Rent Arrear (03/22 To 3/24) And Rent For April 24 Of MCCB F8
3	J-M050100-24000400	343	Approved

റെന്റ് ഡിപ്പോസിറ്റ് ,റെന്റ് അഡ്വാൻസ് എന്നീ തുകകൾ ജേണൽ മുഖേന ക്രമീകരിച്ചതിന്റെ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല 2024-25 വർഷത്തിൽ കടമുറികൾ ഒഴിവായതായോ, പുനർലേലം നടത്തിയതായോ ഉള്ള വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ഡിപ്പോസിറ്റ്,അഡ്വാൻസ് ക്രമീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. വാടക്കാരൻ തന്നെ തുടരുന്ന സാഹചര്യത്തിൽ റെന്റ് ഡിപ്പോസിറ്റ്, അഡ്വാൻസ് ക്രമീകരിക്കുന്ന നടപടി ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം ലഭ്യമാകേണ്ടതാണ്.

2023-24 ലെ വാർഷിക ധനകാര്യ പത്രിക ബി-9 ഷെഡ്യൂൾ പ്രകാരം വാടക അഡ്വാൻസ് ഇനത്തിൽ 779779 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അഡ്വാൻസ് കളക്ഷൻ ഓഫ് റെവന്യൂസ് എന്ന ശീർഷകത്തിൽ 1501470 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത് ഇതിൽ വാടക ഇനത്തിൽ ലഭിച്ച അഡ്വാൻസ് എത്രയാണെന്നത് സംബന്ധിച്ച് വ്യക്തയില്ല. വാടക ഇനത്തിൽ മുൻവർഷം ലഭിച്ച അഡ്വാൻസ് തൻ വർഷം ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും, 2024-25 വർഷത്തിൽ വാടക അഡ്വാൻസ് ഇനത്തിൽ അവശേഷിക്കുന്ന തുക സംബന്ധിച്ചും,വാടക അരിയർ ക്രമീകരിച്ചത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.40/23.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക സെക്യൂരിറ്റി ഡിപ്പോസിറ്റുമായി ബന്ധപ്പെട്ട അപാകതകൾ ഖണ്ഡിക 1- 21 ൽ ചേർത്തിട്ടുണ്ട്. വാടക കുടിശ്ശിക

ഇനത്തിലുള്ള തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ അഡ്വാൻസ് കണക്കിന്റെ വിശദാംശങ്ങൾ എന്നിവ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
2024-25 ലെ വാടക അരിയറിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 2023-24ൽ അദർ റീസിവബിൾസ് എന്ന ശീർഷകത്തിൽ പെൻഷൻ ഫണ്ടിനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന 87809604 രൂപ 2024-25ൽ റെന്റ്/റെന്റ് അരിയർ ശീർഷകത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തിരുന്നത് തൻവർഷം ജേണൽ വൗച്ചറുകൾ മുഖേന ക്രമീകരിച്ചിട്ടുണ്ട് (J-M050100-25000284,J-M050100-25000283/31.03.2025) മുഖേന ക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.തുകകൾ ശരിയായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്യുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

1-40-4 വാടക രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

വാടക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല, ഒന്നിലധികം മാസത്തെ വാടക ഒടുക്കുന്ന സാഹചര്യത്തിൽ രസീത് നമ്പർ, കാലയളവ് എന്നിവ മാത്രം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. തുകകൾ മാസം തിരിച്ച് രേഖപ്പെടുത്തുകയോ പിഴ പലിശ അടവാക്കിയത് സംബന്ധിച്ചോ ഉള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഒന്നിലധികം സാമ്പത്തിക വർഷങ്ങളിലെ വാടക ഒരുമിച്ച് ഒടുക്കുന്ന സാഹചര്യത്തിൽ അഡ്വാൻസ്, അരിയർ, തൻവർഷ ഡിമാന്റ് എന്നിവ തരം തിരിച്ച് രേഖപ്പെടുത്താത്തതിനാൽ ഒടുക്ക് ഡിമാന്റ്/വിവരങ്ങളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്ററിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി അധികൃതമാക്കിയിട്ടില്ല. വാടക ഇനത്തിൽ ലഭിക്കാനുള്ള തുക സംബന്ധിച്ചോ, ലഭിച്ച തുക സംബന്ധിച്ചോ, അഡ്വാൻസ്, അരിയർ കളക്ഷൻ സംബന്ധിച്ചോ ഉള്ള കൃത്യമായ വിവരങ്ങൾ വാടക രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.40/23.02.2026) മറുപടി ലഭ്യമായിട്ടില്ല. നിലവിൽ കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ വാടക മൊഡ്യൂൾ ലഭ്യമാക്കാത്ത സാഹര്യത്തിൽ വാടക രജിസ്റ്റർ/രേഖകൾ എന്നിവ കൃത്യമായി പരിപാലിക്കേണ്ടതുണ്ട്. വാടക രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-40-5 വാടക ഇനത്തിൽ വൻ തുക കുടിശ്ശിക അവശേഷിക്കുന്നു.

വാർഷിക ധനകാര്യ പത്രിക ബി -14 ഷെഡ്യൂൾ പ്രകാരം തൻ വർഷം വാടക ഇനത്തിൽ 5369730 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വാടക രജിസ്റ്ററിൽ കുടിശ്ശിക ഏത് കെട്ടിടങ്ങളുടേതാണെന്നത് സംബന്ധിച്ചും, തുകയുടെ കൃത്യത സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല. വാടക ഇനത്തിൽ വൻ തുക കുടിശിക അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 40/23.02.2026 നു മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഈടാക്കാൻ അവശേഷിക്കുന്ന കടമുറികളുടെ കൃത്യമായ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, വാടക കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്. വസ്തു നികുതി കുടിശ്ശിക വരുത്തുന്ന സാഹചര്യത്തിൽ കുത്തകക്കാർക്കെതിരെ വാടക കരാറിലെ വ്യവസ്ഥകൾ പ്രകാരം യഥാസമയം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40-6 വാടക കുടിശ്ശിക വരുത്തിയിട്ടുള്ള കുത്തകക്കാർക്ക് തുടർന്നും കടമുറികൾ വാടകയ്ക്ക് നൽകിയത് നിയമാനുസൃതമല്ല.

കാലങ്ങളായി വാടക കുടിശ്ശിക വരുത്തിയിട്ടുള്ള കുത്തകക്കാർക്ക് 2024-25 വർഷത്തിൽ തുടർന്നും കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതായി രജിസ്റ്റർ പരിശോധനയിൽ കാണുന്നു ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം	കുത്തകക്കാരൻ	കുടിശിക കാലയളവ്
1	ടി.കെ.ആർ.എ - ജി - 1	സുജിത്ത് ഇ.എസ്.	12/2023 മുതൽ
2	ടി.കെ.ആർ.എ - എഫ്- 2	ശോഭിത് വി.എസ്.	04/2019 മുതൽ
3	ടി.കെ.ആർ.എ - എഫ്- 7	രാജേഷ് സി.	03/2022 മുതൽ
4	ടി.കെ.ആർ.എ - എഫ്- 9	ജ്യോതിഷ് കുമാർ എസ്.	12/2022 മുതൽ
5	ടി.കെ.ആർ.എ - എഫ്- 10	ജ്യോതിഷ് കുമാർ എസ്.	08/2022 മുതൽ
6	ടി.കെ.ആർ.എ - എസ്- 1	പി.കെ. പ്രകാശ്	കാലയളവ് വ്യക്തമല്ല
7	ടി.കെ.ആർ.എ - എസ്-2	അനിൽ കുമാർ വി.എസ്	02/2018 മുതൽ
8	ടി.കെ.ആർ.എ - എസ്-3	മഞ്ചുമോൾ പി.ആർ	07/2016 മുതൽ
9	ടി.കെ.ആർ.എ - എസ്-4	ജ്യോതിഷ് കുമാർ എസ്.	12/2021 മുതൽ
10	ടി.കെ.ആർ.എ - എസ്-5	ജ്യോതിഷ് കുമാർ എസ്.	12/2021 മുതൽ

11	ടി.കെ.ആർ.എ - എസ്-6	ടി.ജെ കുര്യൻ	04/2023 മുതൽ

കുടിശ്ശിക വരുത്തിയിട്ടുള്ള കുത്തകക്കാർക്ക് കരാറിലെ വ്യവസ്ഥകൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കാതെ കടമുറികൾ തുടർന്നും വാടകയ്ക്ക് നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 40/23.02.2026 നു മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക വരുത്തിയ കുത്തകക്കാർക്ക് കടമുറികൾ തുടർന്നും വാടകയ്ക്ക് നൽകുന്ന പ്രവണത അംഗീകരിക്കത്തക്കതല്ല. വർഷങ്ങളായി വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കെതിരെ നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-40-7 കടമുറികളുടെ കുത്തകാവകാശം കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പാലാ നഗരസഭ ഭരണ സമിതിയുടെ 13.02.2017 ലെ 4-ാം നമ്പർ തീരുമാനപ്രകാരം മുനിസിപ്പൽ കോംപ്ലക്സുകളിൽ ഒന്നിലധികം പേർ കുത്തകാവകാശത്തിൽ പങ്കാളികളാകുന്ന സാഹചര്യത്തിൽ മുറികളുടെ കുത്തകാവകാശത്തിൽ നിന്നും ഒരാൾ ഒഴിവാകുമ്പോഴും പാർട്ണറിൽ ഒരാൾ മരിച്ചുപോകുമ്പോഴും മുനിസിപ്പൽ കൗൺസിലിന്റെ രേഖാമൂലമുള്ള അനുവാദത്തോട് കൂടി മാത്രം ലൈസൻസ് 15% വർദ്ധനവോടെ 18 മാസത്തെ വാടക കൈമാറ്റ ഫീസായും, 4 മാസത്തെ വാടക അഡ്വാൻസ് ലൈസൻസ് ഫീസായും, നിലവിലുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ് 10,000/-രൂപയിൽ താഴെയുള്ളവരിൽ നിന്നും 24 മാസത്തെ വാടക സെക്യൂരിറ്റി ഡിപ്പോസിറ്റായും ഈടാക്കി സാമ്പത്തിക വർഷാടിസ്ഥാനത്തിൽ 5 വർഷത്തേക്ക് ലൈസൻസ് കൈമാറ്റം ചെയ്തു നൽകുന്നതിനും, ഭാര്യ/ഭർത്താവ്/മാതാപിതാക്കൾ തമ്മിലുള്ള കൈമാറ്റത്തിൽ 4 മാസത്തെ ഫീസ് ഈടാക്കിയാൽ മതിയെന്നും തീരുമാനിച്ചിരുന്നു. 2024-25 വർഷത്തിൽ ടി തീരുമാനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി കൈമാറ്റം ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം, അംഗീകരിച്ച കമ്മിറ്റി തീരുമാനം, ഈടാക്കിയ ഫീസുകളുടെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും. വാടക കൈമാറ്റ ഫീസ് തുക ഏത് ശീർഷകത്തിലാണ് സ്വീകരിക്കുന്നത് എന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം. 40/23.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. 13.02.2017 ലെ നാലാം നമ്പർ നമ്പർ തീരുമാനപ്രകാരം കൈമാറ്റം ചെയ്തിട്ടുള്ള കടമുറികളുടെ വിശദാംശങ്ങൾ, ഈടാക്കിയ ഫീസിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൗൺസിലിന്റെ മുൻകൂർ അനുമതി കൂടാതെ മുറികളുടെ കൈമാറ്റം നടക്കുന്നില്ല എന്നത് സംബന്ധിച്ച് നഗരസഭ പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്.

1-40-8 വാടകയിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല

2023-24 ലെയും, 2024-25 ലെയും വാടക രജിസ്റ്ററുകൾ താരതമ്യം ചെയ്ത് പരിശോധിച്ചതിൽ. 2023-24 വർഷത്തിൽ വിവിധ കടമുറികൾക്ക് ഈടാക്കി വന്നിരുന്ന അതേ നിരക്കിലുള്ള വാടക തന്നെയാണ് തൻവർഷവും ഈടാക്കിയിട്ടുള്ളത്. വ്യവസ്ഥകൾക്ക് വിധേയമായി വാടക വർദ്ധിപ്പിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം.	കുത്തകക്കാരൻ	2023-24, 2024-25 വർഷങ്ങളിൽ ഈടാക്കിയ പ്രതിമാസ വാടക
1	എം.സി.ബി. - എഫ്-8	ഫ്രഡി ജോസ്	1889
2	എം.സി.ബി. - എഫ്-25	മാനേജർ,ന്യൂ ഇൻഡ്യ	12973
3	എം.സി.ബി. - എസ്-2	എസ്.ജെ. റൊണൾഡ്	1308
4	എം.സി.ബി. - എസ്-29	റൂബിൾ തോമസ്സ്	1255
5	എം.സി.ബി. - സി-22 (2)	ജോസ്റ്റിൻ ബാബു	3000
6	എൻ.സി.ബി. - സി 1	മിനി ജോർജ്ജ്	1587
7	ടി.എച്ച്.ബി. -11	ജോർജ്ജ് സഖറിയാസ്	3605
8	ടി.കെ.ആർ.എ - ജി9	ഷിനോജ് സി.ആർ	3467
9	ടി.കെ.ആർ.എ - എഫ്- 2	ശോഭിത് വി.എസ്.	2444
10	ടി.കെ.ആർ.എ - എഫ്- 8	സന്ധ്യാമോൾ ടി.എം	2111

11	ടി.കെ.ആർ.എ എഫ്- 19	- എബ്രഹാം. കെ. ജോസഫ്	2201
12	ടി.കെ.ആർ.എ എഫ്-A 20	- എബ്രഹാം. കെ. ജോസഫ്	2201

വാടകയിൽ വാർഷിക വർദ്ധനവ് വരുത്താത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.40/23.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയിൽ വാർഷിക വർദ്ധനവ് വരുത്താതെ കടമുറികൾ വാടകയ്ക്ക് നൽകിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ ഖണ്ഡികളിൽ നിന്നും, നഗരസഭയുടെ പ്രധാന തനത് വരുമാന സ്രോതസ്സായ വാടക ഇനത്തിൽ, നടപടി ക്രമങ്ങളിലെയും, രജിസ്റ്റർ/രേഖ സൂക്ഷിപ്പിലെയും അപാകത മൂലം നഷ്ടം സംഭവിക്കുന്നുണ്ടെന്നത് വ്യക്തമാണ്. വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളുടെ കൃത്യമായ വിവരം രജിസ്റ്ററിൽ നിന്നോ ഫയലുകളിൽ നിന്നോ ലഭ്യമാകാത്തത് മൂലം വാടക കുടിശ്ശിക, അഡ്വാൻസ്,വാടക ഡെപ്പോസിറ്റ് എന്നീ കണക്കുകളുടെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. കാലങ്ങളായി വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് തുടർന്നും കടമുറികൾ വാടകയ്ക്കു നൽകിയിട്ടുള്ളത് ഈ മേഖലയിലുള്ള ജാഗ്രതക്കുറവാണ് വ്യക്തമാക്കുന്നത്. നഗരസഭ ഗൂരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന സാഹചര്യത്തിലും പ്രധാന തനതു വരവു സ്രോതസ്സായ വാടക കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. വാടക ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള കുത്തക്കാരിൽ നിന്നും വാടക കൃത്യമായി ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല. കുടിശ്ശിക വാടകയുടെയും നീക്കിയിരിപ്പിന്റെയും കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തത് മൂലം നഗരസഭയ്ക്ക് വാടക ഇനത്തിലും പലിശ ഇനത്തിലും ഗുരുതരമായ വരുമാനച്ചോർച്ച ഉണ്ടാവുന്നതായി കാണുന്നു. കരാർ ചമയ്ക്കുന്നത് ഉൾപ്പെടെ നടപടിക്രമങ്ങളിൽ വീഴ്ച്ച വരുത്തുന്നത് മൂലം കുടിശ്ശിക ഈടാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 ലെ വ്യവസ്ഥകൾ പ്രകാരം അതാത് കാലയളവിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കാലഹരണപ്പെട്ട കുടിശിക തുകകൾ പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കടമുറികളുടെ സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്ററുകൾ, രേഖകൾ എന്നിവ തയ്യാറാക്കി കുടിശ്ശിക തുകകളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിലേക്കായി മേൽ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-40 ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് നൽകിയതിലെ അപാകതകൾ

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയ്ക്ക് പുറമെ നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗമാണ് വാടക. ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിൽ 10 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 497 കടമുറികളുണ്ട്. പ്രസ്തുത കടമുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽ അപാകതകൾ തുടർ ഖണ്ഡികളിൽ ചേർക്കുന്നു.

1-41 കുത്തക ലേലം- കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല

കുത്തക ലേലവുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും പരിശോധിച്ചതിൽ, കൊട്ടാരമറ്റം ബസ് സ്റ്റാന്റ് , കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ലേലം നടത്തുകയും ശ്രീ.അലോഷ്യസ് ജോർജ്ജ് 6,56,000/-+18%GSTരൂപയ്ക്ക് ബസ് സ്റ്റാൻഡ് ഫീസ് പിരിവും ശ്രീ.അജയ്.എം.എം 5,38,888/-+18% GSTരൂപയ്ക്ക് കൊട്ടാരമറ്റം ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ പിരിവും ലേലം കൊള്ളുകയും ചെയ്തിട്ടുള്ളതാണെന്ന് കാണുന്നു. നഗരസഭയുടെ അധീനതയിലുള്ള മേൽ വസ്തു വകകൾ ലേലം ചെയ്തതിന്റെ ഫയൽ പരിശോധിച്ചതിൽ തുക ഒടുക്കു വരുത്തിയതിന്റെയും കുടിശ്ശികയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലേലം ചെയ്ത ആസ്തി	ലേലത്തുക	ലേലം/ക്വട്ടേഷൻ കൊണ്ട ആളുടെ പേര് വിവരങ്ങൾ	ഒടുക്കിയ തുക/രസീത് നം. /തീയതി
കൊട്ടാരറ്റം ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ പിരിവ്	5,38,888/- +GST =6,35,888	അജയ്.എം.എം	(1,79,629/-)23001460/16.02.24 (1,79,629/-)-24005304/6/07/2024 (1,67,614/-)-24010707/04.10.24=5,26,872/- =5,26,872/- (ജി.എസ്.ടി. ഒടുക്കിയിട്ടില്ല)

കൊട്ടാരമറ്റം ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് ഇനത്തിൽ 12016/-രൂപയും, ജി.എസ്.ടി. ഇനത്തിൽ 97000 രൂപയും കുടിശ്ശിക ഉണ്ട് . ലേല നിബന്ധനകൾ പ്രകാരം രണ്ടും മൂന്നും ഗഡുക്കൾ

യഥാക്രമം ജൂൺ 30 നകവും സെപ്റ്റംബർ 30 നകവും അടയ്ക്കേണ്ടതായിരുന്നു. എന്നാൽ മേൽ കുത്തകലേലങ്ങളുടെ ബാലൻസ് തുകകൾ പൂർണ്ണമായും സമയപരിധിയ്ക്കുള്ളിൽ ഒടുക്കിയിട്ടില്ല. 2024-25 ബാലൻസ് ഷീറ്റ് പ്രകാരം ബസ് സ്റ്റാൻഡ് ഫീസ് പിരിവ് ഇനത്തിൽ 308467/- രൂപ കുടിശ്ശിക രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കുടിശ്ശിക തുക അടവാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് 25-02-2026-ൽ 47-ാം നമ്പർ ഓഡിറ്റ് എൻകയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുകയും ജി.എസ്.ടി. യും പൂർണ്ണമായി ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2) **<u>കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ്- പുനർ ലേലം നടത്തിയില്ല</u>**

പാല നഗരസഭയുടെ ഉടമസ്ഥതയിലുള്ള കുരിശ്ശുപള്ളി ജംഗ്ഷൻ, വലിയ പാലത്തിനു താഴെ, ളാലം പാലത്തിനു സമീപം, ടൗൺ ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിലെ ടോയ്ലറ്റുകളുടെ ഫീസ് പിരിവ് 2024-25 വരെയുള്ള കാലയളവിലേയ്ക്കുള്ള കുത്തകാവകാശം 42,300/- രൂപയ്ക്ക് സാബു ജോസഫ് കാരയ്ക്കൽ കടപ്പാട്ടൂർ എന്ന വ്യക്തിക്ക് 02/03/2024- ൽ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ടെൻഡർ വ്യവസ്ഥകൾ (ക്രമ നം.8)പ്രകാരം ഫീസ് പിരിവിനുള്ള രസീതുകൾ മുനിസിപ്പൽ ഓഫീസ് മുദ്ര പതിപ്പിച്ചാണോ ഉപയോഗിക്കുന്നത് എന്നത് വിശദീകരിക്കേണ്ടതാണ്. തുക ഒടുക്ക് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലേലത്തുക	ലേലം/കവട്ടേഷൻ കൊണ്ട ആളുടെ പേര് വിവരങ്ങൾ	ഒടുക്കിയ തുക/രസീത് നം. / തീയതി
42300/-	സാബു ജോസഫ്	(42300/-)23001484/16.02.2024

സാബു ജോസഫിന്റെ 30/04/2024-ലെ കത്തിൽ ടൗൺ ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ ഒഴികെ മറ്റൊരിടത്തും ഫീസ് പിരിച്ചെടുക്കാൻ ഇരിപ്പിടം ഇല്ലാത്തതിനാൽ ജോലിക്കാരെ കിട്ടാത്ത സാഹചര്യത്തിൽ മറ്റു 3 കംഫർട്ട് സ്റ്റേഷനുകളും തിരിച്ച് ഏൽപ്പിക്കുന്നതായി അറിയിച്ചിട്ടുണ്ട്.തിരികെ ഏൽപിച്ചവ പുനർലേലം നടത്താൻ നടപടി സ്വീകരിച്ചിരുന്നോയെന്നത് വിശദീകരിക്കപ്പെട്ടിരുന്നില്ല. 47/25.02.26 നമ്പർ ഓഡിറ്റ് എൻകയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാർക്ക് കംഫർട്ട് സ്റ്റേഷനുകളിൽ ഫീസ് പിരിവിന് ആവശ്യമായ ഭൗതികസാഹചര്യം ഒരുക്കി നൽകേണ്ടതും ലേലം സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി, വരും വർഷങ്ങളിലെങ്കിലും ലേലം കാര്യക്ഷമമായി നടത്തുന്നതിനും ആസ്തികൾ നിഷ്ക്രീയാസ്തി ആയി തുടരാതെ നഗരസഭയുടെ വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ പ്രയോജന പ്രദമായി ഉപയോഗിക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

<u>1-42 ലൈബ്രറി വരവുകൾക്ക് രസീത് നൽകുന്നില്ല</u>

പാലാ മുനിസിപ്പൽ ലൈബ്രറിയുടെ 2024-25 വർഷത്തെ വരവ് രജിസ്റ്റർ പരിശോധിച്ചതിൽ ലൈബ്രറി വരിക്കാരിൽ നിന്നും മെമ്പർഷിപ്പ് ഫീസ്, മാസവരി എന്നിവ ഈടാക്കുമ്പോൾ ആയതിന് രസീത് നൽകിയതായി കാണുന്നില്ല. രസീത് നൽകാതിരുന്നതിന് മറുപടി ആവശ്യപ്പെട്ടപ്പോൾ രസീത് ബുക്കിന് നഗരസഭയിൽ കത്ത് നൽകിയെങ്കിലും ലഭിച്ചില്ലെന്നാണ് ലൈബ്രേറിയൻ മറുപടി നൽകിയത്. ലൈബ്രറി വരവ് തുക കൃത്യമായി രേഖപ്പെടുത്തൽ വരുത്തുന്നതിന് പ്രത്യേകം രസീത് നൽകേണ്ടത് അനിവാര്യമാണ്. ലൈബ്രറിയിലേയ്ക്ക് ഫീസ് പിരിവിന് രസീത് ബുക്ക് അനുവദിച്ച് നൽകാതിരുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 51/25.02.2026), 2024 മുതൽ സാമ്പത്തിക ഇടപാടുകൾ കെ സ്മാർട്ട് മുഖാന്തിരമായതിനാൽ മാനുവൽ രസീതുകൾ അനുവദനീയമല്ലെന്നും ലൈബ്രറിയിൽ ലഭിക്കുന്ന മാസവരി, അംഗത്വ ഫീസ് എന്നിവ ഈടാക്കുമ്പോൾ അംഗങ്ങൾക്ക് രസീത് നൽകുന്നതിന് കെ സ്മാർട്ട് മുഖേന ഡിമാൻറ് ചെയ്ത് തുക ഈടാക്കി, ടി തുക അന്നേ ദിവസം തന്നെ നഗരസഭാ ഓഫീസ് ക്യാഷ് കൌണ്ടറിൽ അടവാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ലൈബ്രേറിയന് കത്ത് നൽകിയിരുന്നുവെന്നും മറുപടി നൽകിയിട്ടുണ്ട്. വരവ് തുകകൾക്ക് രസീത് നൽകേണ്ടത് അനിവാര്യമായതിനാൽ ലൈബ്രറിയന് കെ സ്മാർട്ട് ലോഗിനിൽ ഡിമാൻറ് ചെയ്ത് പണം സ്വീകരിച്ച് രസീത് നൽകുന്നതിന് ഇ-പോസ് മെഷീൻ അനുവദിച്ച് നൽകുകയോ ഓൺലൈൻ സംവിധാനം വഴി ഫീസുകൾ ഈടാക്കുന്നതിനാവശ്യമായ കംപ്യൂട്ടറൈസേഷൻ നടപ്പാക്കുകയോ ചെയ്യേണ്ടതാണ്.

<u>1-43 കണ്ടിജൻറ് , റഗുലർ പെൻഷൻ - കണക്കുകളിൽ അവ്യക്തത</u>

<u>കെ സ്മാർട്ട് ഫയൽ നം (1146509-2024 –കണ്ടിജന്റ് പെൻഷൻ , 2575370-2024 റെഗുലർ പെൻഷൻ)</u>

പാലാ നഗരസഭയിൽ 58 റെഗുലർ പെൻഷൻകാരും (15 പേർ ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ) 53 കണ്ടിജന്റ് പെൻഷൻകാരും (11 പേർ ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ) ഉൾപ്പെടെ ആകെ 111 പെൻഷൻകാർ നിലവിലുണ്ട്. റെഗുലർ പെൻഷൻകാരിൽ ഒരാൾ റെഗുലർ പെൻഷനും ഫാമിലി

പെൻഷനും കൈപ്പറ്റുന്നുണ്ട്. നഗരസഭയിലെ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.) പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിയ്ക്കുന്നില്ല – തനത് ഫണ്ടിന് ബാദ്ധ്യത

1996 -ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ (റഗുലർ വിഭാഗം&കണ്ടിജന്റ് വിഭാഗം) ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് നഗരകാര്യ ഡയറക്ടർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരിയ്ക്കുന്നു. 2022-23 വരെയുള്ള റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അതത് മുനിസിപ്പാലിറ്റികളിൽ സൂക്ഷിക്കേണ്ട മുനിസിപ്പൽ പെൻഷൻ ഫണ്ടിലും പൂർണ്ണമായി അടവാക്കിയതായി 27.02.2026 ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ നഗരസഭ അറിയിച്ചു. ഇത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയില്ല. 2023-24 മുതലുള്ള കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിയ്ക്കുന്നില്ല. പെൻഷൻ ഫണ്ട് ഇനത്തിൽ നഗരസഭയ്ക്ക് ഏത് വർഷം മുതലുള്ള കുടിശ്ശിക തുക ലഭിക്കാനുണ്ടെന്ന വിവരം നഗരസഭയിൽ ഇല്ല. നഗരസഭയ്ക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 89728523/- രൂപ ലഭിക്കാനുള്ളതായി വാർഷികകണക്കുകളിലെ B14 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുന്ന വിധം പെൻഷൻ ഫണ്ട് പ്രത്യേകമായി പരിപാലിച്ചിരുന്നുവെങ്കിൽ പ്രസ്തുത തുക പെൻഷൻ ഫണ്ടിലേയ്ക്ക് ലഭിക്കാനുള്ള തുകയായി മാത്രമായി അക്കൗണ്ട് ചെയ്യാൻ കഴിയുമായിരുന്നുള്ളൂ. (തനത് ഫണ്ടിലേയ്ക്ക് ലഭിക്കാനുള്ള തുക അല്ലാത്തതിനാൽ.) ഇപ്രകാരം ലഭിക്കാനുള്ളതായി കണക്കാക്കിയ തുകയുടെ കൃത്യത വ്യക്തവുമല്ല. പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. തൻവർഷം റെഗുലർ പെൻഷൻ വിതരണത്തിനായി 15414999/- രൂപയും കണ്ടിജന്റ് പെൻഷൻ വിതരണത്തിനായി 11630069 /- രൂപയും നഗരസഭാഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തനത് വരുമാനം കുറവായ നഗരസഭയ്ക്ക് ഈ ഇനത്തിൽ അധികച്ചെലവുണ്ടാകുന്നത് വലിയ സാമ്പത്തിക ബാദ്ധ്യതയിലേയ്ക്കും പ്രതിസന്ധിയിലേയ്ക്കും വഴിതെളിച്ചേക്കാം.

2.) നഗരസഭയുടെ പെൻഷൻഫണ്ട് അക്കൌണ്ടുകളിലൂടെ വിനിമയം നടക്കുന്നില്ല.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്- കം- റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി മാത്രമായി ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ അക്കൗണ്ട് തുടങ്ങേണ്ടതും 9-ാം ചട്ടത്തിലെ 3, 4 ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിയ്ക്കുന്ന തുക ഈ അക്കൗണ്ടിൽ വരവ് വെയ്ക്കേണ്ടതും ചട്ടം 11 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വിതരണം ചെയ്യേണ്ടതുമാണ്. നിലവിൽ കണ്ടിജന്റ്/റഗുലർ ജീവനക്കാരുടെ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ വിഹിതം കണക്കാക്കി പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുന്നില്ല. ഏത് കാലയളവ് മുതലാണ് പെൻഷൻ വിഹിതം ഒടുക്കാതിരിക്കുന്നത് എന്നത് സംബന്ധിച്ച് നഗരസഭയിൽ കൃത്യമായ രേഖകളില്ല.

3.) പെൻഷൻകാരുടെ രജിസ്റ്ററുകളും രേഖകളും സൂക്ഷിപ്പിലെ അപാകതകൾ.

നഗരസഭയിലെ റെഗുലർ കണ്ടിജന്റ് പെൻഷൻകാരുടെ സമഗ്രമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. റിട്ടയർ ചെയ്ത ജീവനക്കാരുടെ പേര്, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം അർഹമായതും അനുവദിച്ചതും ആയ പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻ റീസ്റ്റോറേഷൻ വിവരം, ഫാമിലി പെൻഷനർക്ക് ഉയർന്ന നിരക്ക് അനുവദിക്കുന്ന കാലയളവ്, പെൻഷൻ റിവിഷൻ എന്നിവ രേഖപ്പെടുത്തി പെൻഷൻ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. പെൻഷൻകാരുടെ വ്യക്തിഗതഫയലുകൾ കൃത്യമായി പരിപാലിക്കുന്നില്ല. വെരിഫിക്കേഷൻ റിപ്പോർട്ടുകളും പെൻഷൻ റിവിഷൻ ചെയ്തതിന്റെ രേഖകളും പരിപാലിക്കുന്നില്ല. ഫണ്ടിന്റെ കുറവുമൂലം, പെൻഷൻ ആനുകൂല്യങ്ങൾ പല തവണകളായിട്ട് മിക്കപ്പോഴും റിട്ടയർ ചെയ്ത ജീവനക്കാർ കോടതിയിൽ കേസ് ഫയൽ ചെയ്ത്, കോടതി ഉത്തരവ് നൽകുമ്പോൾ മാത്രമാണ് അനുവദിക്കാറുള്ളത്. ഓരോ ജീവനക്കാരനും അനുവദിക്കേണ്ടതും അനുവദിച്ചതും ആയ പെൻഷൻ ആനുകൂല്യങ്ങളുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ ഇരട്ടിപ്പ്, കുറവ് എന്നിവയുണ്ടായാൽ കണ്ടുപിടിക്കുന്നതിന് കഴിയാതെ വരുന്നു. മാത്രമല്ല കമ്മ്യൂട്ടേഷൻ കാലയളവിന് ശേഷമുള്ള പെൻഷൻ റീസ്റ്റോറേഷൻ, ഫാമിലി പെൻഷൻ ഉയർന്ന നിരക്കിൽ നിന്നും സാധാരണ നിരക്കിലേക്ക് മാറ്റുന്നുണ്ടോ, സമയബന്ധിതമായി പെൻഷൻ പരിഷ്കരിക്കുന്നുണ്ടോ തുടങ്ങിയവയും യഥാസമയം പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. പെൻഷൻ റീസ്റ്റോറേഷൻ സംബന്ധിച്ച രജിസ്റ്റർ

പരിപാലിക്കാത്തതിനാൽ റീസ്റ്റോറേഷൻ കാലാവധിക്ക് ശേഷവും പെൻഷൻ യഥാവിധി പുനസ്ഥാപിച്ച് നൽകുന്നുണ്ടോയെന്നും ഇതിനുള്ള നടപടികൾ ശരിയായ രീതിയിലാണോ നടത്തുന്നതെന്നും ഉറപ്പാക്കാനാവുന്നില്ല. മേലുദ്ധരിച്ച ചട്ടങ്ങൾ പ്രകാരം ഈ വിഷയങ്ങളിൽ ഒരു ട്രഷറി ഓഫീസറിൽ നിക്ഷിപ്തമായ ഏല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതായ മുനിസിപ്പൽ സെക്രട്ടറിക്ക് ഇതിന് കഴിയാറില്ലയെന്നതും ഇത് സംബന്ധമായ സുസജ്ജമായ സംവിധാനവും കൃത്യമായ ഡാറ്റാബേസും നഗരസഭയിൽ ലഭ്യമല്ലയെന്നതും അടിയന്തിരമായി പരിഹരിക്കേണ്ട അപാകതകളാണ്.

4).പെൻഷൻ വിതരണ രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് ഒരു കേന്ദ്രീകൃത സോഫ്റ്റ്വെയർ സംവിധാനം നിലവിലില്ല. നിലവിലെ പെൻഷൻ വിതരണ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. 2024-25 ലെ തനത് ഫണ്ട് വൗച്ചറുകളോടൊപ്പം ബിൽ കോപ്പിയും ജീവനക്കാർക്ക് അനുവദിയ്ക്കുന്ന പെൻഷൻ/ ഫാമിലി പെൻഷൻ തുക എന്നിവ കാണിക്കുന്ന പത്രികയും അക്കൌണ്ട് വിശദാംശങ്ങളും മാത്രമാണ് സൂക്ഷിച്ചിരിയ്ക്കുന്നത്. ഈ പത്രികകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലേക്ക് തന്നെയാണോ യഥാർത്ഥത്തിൽ പെൻഷൻ തുക അനുവദിക്കുന്നത് എന്നത് ഉറപ്പാക്കാനുള്ള ബാങ്കിന്റെ സീൽ പതിച്ച സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ/രേഖകൾ ബാങ്കിൽ നിന്ന് വാങ്ങി സൂക്ഷിയ്ക്കുന്നില്ല. പെൻഷൻ ഫയലിലും ഇതേ വിശദാംശങ്ങൾ തന്നെയാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്. പെൻഷൻ വിതരണം ചെയ്ത വിവരം എക്സൽ ഫോർമാറ്റിൽ രജിസ്റ്ററിൽ അതാത് മാസം ഒട്ടിച്ച് വെക്കുന്നുണ്ട്. എന്നാൽ ഇത് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കുന്നതിനും പെൻഷൻ ഫണ്ട് അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പെൻഷൻ ഫണ്ട് വേറിട്ട് സൂക്ഷിക്കാതെ തനത് ഫണ്ടിൽ നിന്നും നേരിട്ട് (ഫണ്ടിന്റെ ലഭ്യതയക്ക് അനുസരിച്ച്) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന അവസ്ഥ ആത്യന്തികമായി വലിയ പ്രതിസന്ധിയിലേയ്ക്ക് നയിക്കും. മാത്രമല്ല അനാവശ്യമായി നിരവധി വ്യവഹാരങ്ങളും നേരിടേണ്ടിവരുകയും ചെയ്തേക്കാം. പെൻഷൻ ഫണ്ടുമായി ബന്ധപ്പെട്ട സാമ്പത്തിക വിനിമയങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിനും സെൻട്രൽ പെൻഷൻ ഫണ്ടിന്റെ കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുത്തി, ലഭിക്കാനുള്ള ഫണ്ട് വിഹിതം പൂർണ്ണമായും ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കൃത്യമായ ലൈഫ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കമ്മ്യൂട്ടേഷൻ റീസ്റ്റോറേഷൻ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. കൂടാതെ റിട്ടയർ ചെയ്ത ജീവനക്കാരുടെ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനും പെൻഷൻ വിതരണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിയ്ക്കേണ്ടതുമാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-44 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 86, 187 എന്നിവ പ്രകാരവും 1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും ഒരു നഗരസഭയുടെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. പാലാ നഗരസഭാ പരിധിയിൽ 2024-25 വർഷം കെ സ്മാർട്ട് സംവിധാനം പരിശോധിച്ചതിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	സ്ഥാപനം
1	ജോൺ മരിയൻ ഹോസ്പിറ്റൽ
2	ഉപാസന ഹോസ്പിറ്റൽ
3	ഫാത്തിമ ഐ ഹോസ്പിറ്റൽ
4	ഐ എച്ച് എം ഹോസ്പിറ്റൽ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (29/21.02.2026) മറുപടി ലഭ്യമാക്കിയില്ല. നഗരസഭാ പരിധിയിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നുണ്ടെന്നും ആവശ്യമായ ലൈസൻസോടെ പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

1-45 ദേശീയ ചേരി നിർമ്മാർജ്ജനത്തിനായുള്ള വായ്പ ബാധ്യത തിരികെ ഒടുക്കാതെ കണക്കിൽ ഒഴിവാക്കി

ദേശീയ ചേരി നിർമ്മാർജ്ജനത്തിനായുള്ള സംസ്ഥാന സർക്കാരിൽ നിന്നുള്ള വായ്പയിനത്തിൽ 3.83 ലക്ഷം രൂപ മുന്നിരിപ്പ് ബാധ്യതയുണ്ടായിരുന്നു. ടി വായ്പ 2000-01 വർഷം നഗരസഭയ്ക്ക് ലഭ്യമായിട്ടുള്ളതും വായ്പ തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. തൻ വർഷം 31-03-2025 ലെ J-M050100-25000469 നം. ജേർണൽ വൗച്ചറിലൂടെ 1607099-Other Grants & Contributions For Specific Purpose ശീർഷകത്തിലേക്ക് റവന്യൂ ഗ്രാന്റായി മാറ്റി ബാധ്യത ഒഴിവാക്കിയിരിക്കുന്നു. നഗരസഭ ഫണ്ടിന് ബാധ്യതയായുള്ള വായ്പ തുക തിരിച്ചടവ് നടത്താതെ ബാധ്യത ഒഴിവാക്കുന്ന നടപടി ആധികാരികമല്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/2024-25/16-02-2026) മറുപടി ലഭ്യമാക്കിയില്ല. നഗരസഭക്ക് ബാധ്യതയായ വായ്പ കൃത്യമായി കണക്കുകളിൽ തിരികെ ഉൾപ്പെടുത്തേണ്ടതാണ്. വായ്പ തിരികെ ഒടുക്കു വരുത്തി മാത്രം ബാധ്യത തീർപ്പാക്കേണ്ടതാണ്.

1-46 HUDCO വായ്പയെടുത്തതിൽ 36 ലക്ഷം രൂപ ചെലവഴിക്കാതെ നഗരസഭ ഫണ്ടിൽ സൂക്ഷിക്കുന്നു

ഭവന പദ്ധതിക്കായുള്ള HUDCO വായ്പ 3,610,652/- രൂപ തൻവർഷം എടുത്തത് ചെലവഴീക്കാതെ 2 ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു (2025 വരെ ക്രെഡിറ്റ് ചെയ്യപ്പെട്ട വായ്പ തുക). ഭവന വായ്പ പദ്ധതിയുടെ പ്രോഗ്രസീവ് ചെലവും വായ്പ രജിസ്റ്ററിൽ നിരീക്ഷിക്കുന്നില്ല. ഭവനപദ്ധതി വായ്പയെടുത്ത ശേഷം ചെലവഴിക്കാതെ ദീർഘകാലം നഗരസഭ ഫണ്ടിൽ സൂക്ഷിക്കുന്നത് സർക്കാരിന് പലിശയിനത്തിൽ ബാധ്യതയുണ്ടാകുന്നതാണ്. കൂടാതെ കോംപ്ലെക്സുകളുടെ നിർമ്മാണത്തിനായി KURDFC യിൽ നിന്നുള്ള വായ്പ തിരിച്ചടവ് 364619/- രൂപ ഭവന പദ്ധതിയുടെ ചെലവ് അക്കൗണ്ട് ചെയ്യുന്ന Prepaid Programme Expense ശീർഷകകത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തതിട്ടുണ്ട്. ഭവന നിർമ്മാണത്തിന് ചെലവഴിക്കുന്ന വായ്പയുടെ ചെലവാണ് ടി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. ഈ വിഷയത്തിലെ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/2024-25/11-06-2025) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. തുടർ വർഷം 28/02/2026 വരെയും തുക ചെലവഴിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

വായ്പയിനത്തിൽ അവശേഷിക്കുന്ന 3,610,652/- രൂപ തുടർ വർഷം ചെലവഴിക്കേണ്ടതാണ്. വായ്പാ രജിസ്റ്ററും ചെലവ് വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയ രേഖകളും കൃത്യമായി സാക്ഷ്യപ്പെടുത്തേണ്ടതാണ്. വായ്പയെടുത്ത് ദീർഘകാലം സൂക്ഷിക്കുന്ന നടപടി ഒഴിവാക്കേണ്ടതും വായ്പയുടെ പ്രോഗ്രസീവ് ചെലവ് വിവരം നിരീക്ഷിക്കേണ്ടതുമാണ്. Prepaid Programme Expense ശീർഷകകത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തത് തുടർ വർഷം കൃത്യമാക്കേണ്ടതാണ്. ഭവന പദ്ധതി വായ്പയിലെ മേൽ വിവരിച്ച പോരായ്മകൾ പരിഹരിച്ച് വിശദമായ മറുപടി നൽകേണ്ടതാണ്.

1-47 ശബരിമല ഗ്രാന്റ് വിനിയോഗം കൃത്യമായി നിരീക്ഷിക്കുന്നില്ല

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നഗരസഭക്ക് ശബരിമല ഗ്രാന്റ് ലഭിക്കുന്നുണ്ട്. വാർഷിക കണക്കുകൾ പ്രകാരം 2024-25 വർഷം 1,022,941/- രൂപ ലഭിച്ചതും മുന്നിരിപ്പും ഉൾപ്പടെ 1,303,777/- രൂപ നഗരസഭ ഫണ്ടിലുണ്ട്. തൻവർഷം 480/25 പ്രകാരം 125,703/- രൂപയും 355/25 പ്രകാരം 150,507/- രൂപയും ഉൾപ്പടെ 276,210/- രൂപ ചെലവുണ്ട്. എന്നാൽ ടി ഫണ്ട് ചെലവ് തനത് ഫണ്ട് ചെലവായി കണക്കാക്കി ശബരിമല ഗ്രാന്റ് ബാധ്യത കുറവ് ചെയ്തിട്ടില്ല. അപാകത തുടർ വർഷം പരിഹരിച്ച് ശബരിമല ഗ്രാന്റ് കണക്കുകൾ കൃത്യമാക്കേണ്ടതാണ്. കൃത്യമായ എ.സി.ആർ. തയ്യാറാക്കി ശബരിമല ഗ്രാന്റ് വിനിയോഗം സാക്ഷ്യപ്പെടുത്തി 31-03-2025 ലെ കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ശബരിമല ഗ്രാന്റിൽ നിന്നും സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

1-48-1 വാഹനങ്ങളുടെ ലോഗ് ബുക്കിലും ഇന്ധന സ്റ്റോക്കിലും അപാകത

നഗരസഭ ചെയർമാന്റെ ഔദ്യോഗിക വാഹനം KL-35 B 6060 രജിസ്ട്രേനായുള്ള Tayota Innova 2.5 ന്റെ ലോഗ് ബുക്കിൽ പൂർണ്ണമായ യാത്ര വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. യാത്ര തുടങ്ങിയ സ്ഥലം, യാത്രയുടെ ഉദ്ദേശ്യം, എത്തിച്ചേർന്ന സ്ഥലം തുടങ്ങിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇന്ധന അക്കൗണ്ട് രേഖപ്പെടുത്തുന്നില്ല. ഓരോ മാസത്തെയും യാത്രയുടെ സംക്ഷിപ്തവും ഇന്ധന സ്റ്റോക്കും മാസാവസാനം സാക്ഷ്യപ്പെടുത്തുന്നില്ല.
KL-35 C 625 രജിസ്ട്രേഷനുള്ള ഓട്ടോയുടെ ലോഗ് ബുക്കിലും യാത്ര വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. KL-35 C 620 നം. ഓട്ടോ 2024-25 വർഷത്തിൽ ഓടിക്കാതെ നഗരസഭ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
സെക്രട്ടറിയുടെ ഔദ്യോഗിക വാഹനമായ KL-35 K 2139 രജിസ്ട്രേഷനായുള്ള Maruthi Suzuki Swift Dzire ന്റെ ലോഗ് ബുക്കിൽ ഇന്ധന അക്കൗണ്ട് ഓരോ മാസത്തിലും ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല. ഇന്ധനം നിറച്ചതിന്റെ കണക്കും ഇന്ധന സ്റ്റോക്കും രേഖപ്പെടുത്തിയിട്ടില്ല. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.45/2024-25/24-02-2026) നൽകിയതിന് മറുപടി ലഭിച്ചില്ല. നഗരസഭയിലെ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ എല്ലാം ഇന്ധന അക്കൗണ്ട് 31-03-2025 വരെ കൃത്യമാക്കി വാർഷിക ക്ലോസിങ്ങ് നടത്തേണ്ടതാണ്. അപാകതകൾ ചൂണ്ടിക്കാട്ടിയ വാഹനങ്ങളുടെ ലോഗ് ബുക്കുകളുടെ മാസ ക്ലോസിങ്ങ് നടത്തേണ്ടതും 31-03-2025 വരെയുള്ള ഇന്ധന അക്കൗണ്ട് കൃത്യമാക്കി വിശദാംശം അറിയിക്കേണ്ടതുമാണ്.

1-48 കാലഹരണപ്പെട്ട വാഹനങ്ങൾ നഗരസഭ ലേലം ചെയ്യുന്നില്ല

പാലാ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 8 വാഹനങ്ങളാണ് 2024-25 വർഷം പ്രവർത്തനക്ഷമമായിരുന്നത് എന്നും മറ്റ് 13 വാഹനങ്ങൾ പ്രവർത്തനക്ഷമമല്ലാതെ അവശേഷിക്കുന്നതായും നഗരസഭ ലഭ്യമാക്കിയ വിവരങ്ങളിൽ കാണുന്നു. പ്രവർത്തനക്ഷമല്ലാത്ത വാഹനങ്ങൾ കയ്യൊഴിയാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു.

ഉപയോഗക്ഷമമല്ലാതെ തുടരുന്ന വാഹനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

വാഹന ഇനം	രജിസ്ട്രേഷൻ
ഓട്ടോറിക്ഷ 10 എണ്ണം	KL-35C 620, 625, 612, 626, 637, 623, 640, 618, 629, 631
ട്രാക്ടർ	KL-05 G 5336
സ്വരാജ് മസ്ദ ലോറി	KL-01-5361
റോഡ് റോളർ	രജിസ്ട്രേഷൻ ഇല്ല

ജനകീയാസൂത്രണ പദ്ധതി 2010-11 കാലയളവിൽ വാങ്ങിയ 10 ഓട്ടോറിക്ഷകളിൽ KL-35C 620, KL-35C 625 എന്നീ രണ്ട് ഓട്ടോറിക്ഷകൾ പ്രവർത്തനക്ഷമമാണ് എന്ന് 5-ാം നം. ഓഡിറ്റ് റിക്വസിഷന് മറുപടിയായി സെക്രട്ടറി അറിയിച്ചത്. എന്നാൽ പ്രവർത്തനക്ഷമമമായ ഓട്ടോറിക്ഷകളുടെ 2024-25 ലെ ലോഗ് ബുക്ക് ലഭ്യമാക്കിയിട്ടില്ല. ഒരേ സമയത്ത് വാങ്ങിയ മറ്റ് 8 ഓട്ടോറിക്ഷകൾ ഉപയോഗക്ഷമമല്ലാതായതിന്റെ കൃത്യമായ കാരണം വിശദീകരിക്കേണ്ടതാണ്. കാലഹരണപ്പെട്ട ട്രാക്ടർ, സ്വരാജ് മസ്ദ ലോറി, റോഡ് റോളർ എന്നിവ ലേലം ചെയ്ത് കയ്യൊഴിയാനും നഗരസഭക്ക് സാധിച്ചിട്ടില്ല. വാഹന പരിപാലനം, കാലഹരണപ്പെടുന്ന ആസ്തി കയ്യൊഴിയൽ നടപടികളിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.42/2024-25/23-02-2026) നൽകിയതിന് മറുപടി ലഭിച്ചില്ല. ഈ വിഷയത്തിൽ നടപടി സ്വീകരിക്കുമെന്ന് 27-02-2026 ലെ ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ ഭരണസമിതി അംഗങ്ങൾ അറിയിച്ചു. തുടർ നടപടി സ്വീകരിച്ച് കാലഹരണപ്പെട്ട വാഹനങ്ങൾ ലേലം ചെയ്ത് വിശദാംശം അറിയിക്കേണ്ടതാണ്.

1-49 പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് റിക്കവറി തുക കൃത്യമായി ഒടുക്കുന്നില്ല

മുനിസിപ്പൽ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, ജനറൽ പ്രോവിഡന്റ് ഫണ്ട് എന്നിവയിലേക്ക് വിവിധ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് റിക്കവർ ചെയ്യുന്ന വിഹിതം അതാത് പ്രോവിഡന്റ് ഫണ്ടുകളിലേക്ക് സമയബന്ധിതമായി ഒടുക്കുന്നില്ല. പ്രോവിഡന്റ് ഫണ്ട് തുകകൾ കൃത്യമായി ഒടുക്കാതെ തുടരുന്നത് ജീവനക്കാർക്ക് പലിശയിനത്തിൽ ലഭിക്കേണ്ട തുക ലഭിക്കാതെ വരുന്നതിന് ഇടയാക്കുന്നു. ധനകാര്യ പത്രിക പ്രകാരം 2024-25 വർഷം ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോവിഡന്റ് ഫണ്ട് ഇനം	ആകെ തുക	കാലയളവ്	തുക	ഒടുക്കിയ തീയതി
1.	ജനറൽ പ്രോവിഡന്റ് ഫണ്ട് (GPF) ഫയൽ 2312529-2024, 458236-2025	316,000/-	12/2023 - 02/2024	60,000/-	13-05-2024
			03/2024 - 07/2024	98,000/-	05-09-2024
			ദീപ്തി എൻ നായർക്ക് പി.എഫ്. അഡ്വാൻസ്	50,000/-	24-10-2024
			08/2024 - 01/2025	108,000/-	14-03-2025
2.	മുനിസിപ്പൽ പ്രോവിഡന്റ് ഫണ്ട് (KMEPF) (ഫയൽ 1028543-2024, 1028750-2024)	3,982,725/-	12/2023	473,933/-	15-05-2024
			01/2024	457,050/-	19-07-2024
			02/2024	434,487/-	27-08-2024
			03/2024 - 08/2024	2,321,055/-	25-03-2025
			ബെന്നി തോമസ് സാനിട്ടേഷൻ വർക്കർ (3/2024-05/2024)	35,000/-	22-11-2024
			സന്തോഷ് കുമാർ, ഹെൽത്ത് ഓഫീസർ ജെയ്സൺ വി. ജോസ്, ക്ലാർക്ക് (03/2024 - 01/2025)	261,200/-	26-03-2025
3.	പഞ്ചായത്ത് പ്രോവിഡന്റ് ഫണ്ട് (KPEPF)	252,566/-	12/2023 - 02/2024	59,970/-	13-05-2024
			03/2024 - 07/2024	71,480/-	05-09-2024
			08/2024 - 01/2025	121,116/-	14-03-2025

പ്രോവിഡന്റ് ഫണ്ട് തുകകൾ ഒടുക്കുന്നതിന്റെ ചെലാനുകൾ K-SMART ഫയലിൽ ലഭ്യമല്ല. നഗരസഭയിൽ ഫയൽ കൈകാര്യം ചെയ്യുന്ന സമയത്ത് സ്കാൻ ചെയ്ത് ഉൾപ്പെടുത്തുന്നില്ല.റിക്കവറി ഒടുക്കിന്റെ രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും സോഫ്റ്റ്വെയറിൽ രജിസ്റ്റർ ലഭ്യമാക്കുന്ന സംവിധാനം ഇല്ലാത്തതിനാലും ദീർഘകാലമായി ഒടുക്കാത്ത ഇനങ്ങൾ നിരീക്ഷിക്കാനും സംവിധാനമില്ല. സമയബന്ധിതമായി ഒടുക്കാതെ തുടരുന്നതിനാൽ മുനിസിപ്പൽ പ്രോവിഡന്റ് ഫണ്ട് ക്ലോസ് ചെയ്ത മൂന്ന് ജീവനക്കാരുടെ വിഹിതങ്ങൾ മാത്രമായി ഒടുക്കേണ്ടി വന്നു. ശമ്പളത്തിൽ റിക്കവറി നടത്തി നഗരസഭയുടെ ബാധ്യതയാക്കിയ ശേഷം 6-7 മാസങ്ങൾക്ക് ശേഷം പ്രോവിഡന്റ് ഫണ്ടുകൾ ഒടുക്കുന്നതിനാൽ ജീവനക്കാർക്കുള്ള വ്യക്തിഗത ആനുകൂല്യത്തിൽ കാലതാമസം മൂലമുള്ള നഷ്ടങ്ങൾ സംഭവിക്കുന്നു. അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.52/2024-25/25-02-2026) നൽകിയതിന് മറുപടി ലഭിച്ചില്ല. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടുകൾ റിക്കവർ ചെയ്യുന്നതിന്റെ തൊട്ടടുത്ത മാസം തന്നെ ഒടുക്ക് വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ നടപടി സ്വീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

1-50 ജനറൽ ആശുപത്രിയിൽ റേഡിയേഷൻ മെഷീൻ -KMSCL ൽ നിക്ഷേപിച്ച 1.68 കോടി രൂപ

നിഷ്കൃിയം

പാലാ ജനറൽ ആശുപത്രിയിൽ കാൻസർ ചികിത്സയ്ക്കായി കൊബാൾട്ട് റേഡിയേഷൻ മെഷീൻ വാങ്ങുന്നതിന് 2021-22 വർഷം ജില്ലാപ്പഞ്ചായത്ത് (മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ) പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നു. ആയതിലേക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എംഡിയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ടനം 3624001800000037) 1.05 കോടി നിക്ഷേപിച്ചിരുന്നു (68 ലക്ഷം രൂപ ജില്ലാപ്പഞ്ചായത്ത് വിഹിതവും 37ലക്ഷം രൂപ വിവിധ ഗ്രാമപഞ്ചായത്തുകളുടെ വിഹിതവും). ഇത് കൂടാതെ ഓഡിറ്റ് വർഷം പാലാ നഗരസഭ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 16844448/- രൂപയും(ബിൽ നം /തീ 15/2024-25 തീ 10-10-2024) ഇതേ ആവശ്യത്തിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട് (ആകെ 27344448/-രൂപ).
നിലവിൽ ഓങ്കോളജി വിഭാഗത്തിൽ കീമോതെറാപ്പി സൗകര്യം ഒരുക്കിയിട്ടുണ്ട്. റേഡിയേഷൻ മെഷീൻ സ്ഥാപിക്കുന്നതിനുള്ള ബങ്കർ നിശ്ചിത അളവിലും സ്ഫെസിഫിക്കേഷനിലും ഉള്ളത് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്ഥലം എം എൽ എ യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും അനുവദിക്കുകയും നിർമാണചുമതല KHRWS ന് നല്കിയതായും കാണുന്നു. മെഷീൻ ലഭിക്കുന്നതിന് മുൻപ് ആയതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമോ എന്നതിൽ വ്യക്തത ഇല്ല. പുതിയ ഓങ്കോളജി ബ്ലോക്ക് സ്ഥാപിച്ച് റേഡിയേഷൻ യൂണിറ്റ്, മറ്റ് ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതോടെ ജില്ലയിലെ തന്നെ റേഡിയേഷൻ സൗകര്യമുള്ള സർക്കാർ ആശുപത്രി ആക്കുകയാണ് ലക്ഷ്യം. താഴ്ന്ന വരുമാനക്കാർക്ക് മികച്ച ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യം പരിഗണിച്ചാണ് മറ്റ് തദ്ദേശ സ്ഥാപനങ്ങൾ വിഹിതം നല്കിയിട്ടുള്ളത്. എന്നാൽ 2021-22 ൽ ആരംഭിച്ച പദ്ധതിക്ക് 2.73 കോടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിക്ഷേപിച്ചതൊഴികെ തുടർ പ്രവൃത്തികൾ നടത്തുന്നതിൽ കാലതാമസം വന്നിട്ടുള്ളതായി കാണുന്നു. ആശുപത്രി തലത്തിൽ നടത്തേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ ആശുപത്രിയുടെ ഉടമസ്ഥാവകാശം ഉള്ള നഗരസഭക്കും വീഴ്ച വന്നിട്ടുണ്ട്.

മെഷീൻ വാങ്ങുന്നതിനായി KMSCL ടെണ്ടർ ക്ഷണിച്ചതായി ഫയലിൽ കാണുന്നുണ്ടെങ്കിലും ആയതിന്റെ പ്രഫോർമ ഇൻവോയ്സ് നഗരസഭക്ക് നല്കുകയോ, മെഷീന്റെ വില സംബന്ധിച്ച് വ്യക്തത വരുത്തുകയോ ചെയ്യാതെയാണ് 2.73 കോടി രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിക്ഷേപിച്ചിട്ടുള്ളത്. ഓങ്കോളജി വിഭാഗത്തിന്റെ ചുമതലയുള്ള മെഡിക്കൽ ഓഫീസർ അറിയിച്ചതനുസരിച്ച് 11,34,39,007/- രൂപ വിലവരുന്ന (നികുതികൾ കൂടാതെ) ADVANCED LINEAR ACCELERATOR SIDDHARTH II ICONIC മെഷീൻ ആണ് വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ ബജറ്റിൽ പാലാജനറൽ ആശുപത്രിക്ക് ഈ ആവശ്യത്തിനായി 25 കോടി വകയിരുത്തിയിട്ടുണ്ടെന്നും ആയതു കൂടി വിനിയോഗിച്ച് മെഷീൻ വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും മറുപടി നല്കി.
വാങ്ങാൻ ഉദ്ദേശിക്കുന്ന മെഷീന്റെ പ്രഫോർമ ഇൻവോയ്സ് ലഭ്യമാക്കി ആയതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചതിന് ശേഷം ഫണ്ട് ലഭ്യത ഉറപ്പാക്കി തുക നിക്ഷേപിക്കുകയായിരുന്നു ചെയ്യേണ്ടത്. വിവിധ വർഷങ്ങൾ കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ബഹുവർഷ പ്രോജക്ടായി തയ്യാറാക്കുകയും ഓരോ വർഷവും ചെലവഴിക്കാനുദ്ദേശിക്കുന്ന തുക വ്യക്തത വരുത്തുകയും വേണം. മറ്റ് വികസന പദ്ധതികൾക്ക് വിനിയോഗിക്കാമായിരുന്ന 1.68 കോടി രൂപ റോഡിതരമെയിന്റനൻസ് ഗ്രാന്റ് നിലവിൽ KMSCL ൽ നിഷ്ക്രിയമായി കിടക്കുന്നു. നിബന്ധനകൾ പാലിക്കാതെ തൻവർഷം ചെലവഴിച്ച 16844448/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.പ്രവൃത്തി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കി വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-51 ജനറേറ്ററുകൾ ,മോർച്ചറി ഫ്രീസർ എന്നിവക്ക് റിപ്പയർ, എ എം സി എടുക്കൽ- നിർവ്വഹണത്തിൽ അപാകം

പാലാ ജനറൽ ആശുപത്രിയിലെ ജനറേറ്ററുകൾ, മോർച്ചറി ഫ്രീസർ എന്നിവയ്ക്ക് റിപ്പയർ, എ എം സി എടുക്കൽ എന്ന 422/25 നമ്പർ പ്രോജക്ടിനായി റോഡിതരമെയിന്റനൻസ് ഗ്രാന്റിൻ നിന്നും 12,00,000/- രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ പാലാ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടിന്റെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ക്രമം	ചെലവ് ഇനം	ചെലവ്		ബിൽ നം/ തീ
1	തകരാറിലായ 200 KVA ജനറേറ്റർ റിപ്പയർ ചെയ്യുന്നതിന്	600000/- രൂപ	പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിക്ഷേപിച്ചു.	85/24-25 - 21-03-2025
2	മോർച്ചറി ഫ്രീസർ AMC	126000/-	പൊതുമരാമത്ത്	87/24-25 -

		രൂപ	ഇലക്ട്രിക്കൽ വിഭാഗത്തിൽ നിക്ഷേപിച്ചു.	21-03-2025
3	200 KVA ജനറേറ്റർ 2 എണ്ണം, 75 KVA ജനറേറ്റർ 1 എണ്ണം, AMC	275000/- രൂപ	പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിക്ഷേപിച്ചു.	84/24-25 - 21-03-2025
4	റൂഫ് നിർമാണം	63200/- രൂപ	ക്വട്ടേഷൻ പ്രകാരം ചെയ്തു	89/24-25 - 22-03-2025
5	75 KVA ജനറേറ്റർ പാനൽ അപ്ഗ്രഡേഷൻ	135800/- രൂപ	പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിക്ഷേപിച്ചു.	88/24-25 - 22-03-2025
	ആകെ	12,00,000/-		

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

.ആശുപത്രിയിൽ ഉള്ള രണ്ട് 200 KVA ജനറേറ്ററുകളിൽ തകരാറിലായ ഒരെണ്ണം നന്നാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ഈ തുക 21-03-2025 ൽ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചതിന് ശേഷം മാത്രം തുടർന്നുള്ള കാലയളവിലേക്ക് AMC ക്ക് തുക വകയിരുത്താമെന്നിരിക്കെ ക്രമ നം. 3 പ്രകാരം നിക്ഷേപിച്ച 275000/- രൂപയിൽ തകരാറിലായ ജനറേറ്ററിനും 2025-26 വർഷത്തേക്ക് AMC ക്ക് തുക വകയിരുത്തി നല്കി. ജനറേറ്റർ അറ്റകുറ്റപ്പണി പൂർത്തിയാക്കി കരാർ കമ്പനി നല്കുന്ന വാറന്റി കാലയളവും കണക്കിലെടുത്തശേഷം മാത്രം തുടർന്നുള്ള കാലയളവിലേക്ക് AMC എടുത്താൽ മതിയാകും. ഇലക്ട്രീഷ്യൻ അറിയിച്ചത് പ്രകാരം ജനറേറ്ററിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കിയത് 10/2025 ലാണ്.

.75 KVA ജനറേറ്റർ പാനൽ അപ്ഗ്രഡേഷൻ പൂർത്തിയായ ശേഷം തുടർന്നുള്ള കാലയളവിലേക്ക് AMC ക്ക് തുക വകയിരുത്താമെന്നിരിക്കെ ക്രമ നം. 3 പ്രകാരം നിക്ഷേപിച്ച 275000/- രൂപയിൽ അപ്ഗ്രഡേഷൻ നടത്തിയ ജനറേറ്ററിനും AMC ക്ക് തുക വകയിരുത്തിയിരുത്തി നല്കി.

.പൊതുമരാമത്ത് വകുപ്പ് ഹാജരാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നിക്ഷേപിക്കുന്നതല്ലാതെ എസ്റ്റിമേറ്റിന്റെ കൃത്യത പരിശോധിക്കപ്പെടുന്നില്ല.

.പൊതുമരാമത്ത് വകുപ്പും, AMC ഏറ്റെടുക്കുന്ന സ്ഥാപനവും, നഗരസഭയും ചേർന്ന് ത്രികക്ഷി കരാർ തയ്യാറാക്കുന്നില്ല.

.റൂഫ് നിർമ്മാണത്തിന് 63000/- രൂപ ചെലവഴിച്ചെങ്കിലും ക്വട്ടേഷൻ വിവരങ്ങൾ, അളവ് രേഖപ്പെടുത്തിയതിന്റെ വിവരം, മൂല്യ നിർണ്ണയം നടത്തിയതിന്റെ വിവരം എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 24/19-02-2026 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. മേൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 1200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-52 വെള്ളക്കരം - വാട്ടർ അതോറിറ്റി നല്കുന്ന ബില്ലുകൾ സൂക്ഷ്മപരിശോധന നടത്താത്തതിനാൽ ധനനഷ്ടം

പ്രോജക്ട് /നമ്പർ	ജനറൽ ആശുപത്രിയിലെ വാട്ടർ ചാർജ്, ഇലക്രിസിറ്റി ചാർജ്, ടെലഫോൺ ചാർജ് ഒടുക്കൽ, 41/25
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആശുപത്രി
ഫണ്ടിനം	റോഡിതരമെയിന്റനൻസ് ഗ്രാന്റ്
വകയിരുത്തിയ തുക	9975000/-
ചെലവഴിച്ച തുക	9974908/-

മേൽ പ്രോജക്ട് പ്രകാരം ജനറൽ ആശുപത്രിയിൽ ലഭിക്കുന്ന വെള്ളം ,കറന്റ്, ടെലഫോൺ തുടങ്ങിയ സേവനങ്ങളുടെ ചാർജുകൾ ഒടുക്കുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ വാട്ടർ ചാർജ് റീഡിംഗ് പ്രകാരം നല്കേണ്ട തുക 1279318 /- രൂപ മാത്രമാണെന്നിരിക്കെ 2159560/-രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്(മറ്റിനങ്ങളിൽ 880242/- രൂപ).വിശദവിവരം വിവരം ചുവടെ ചേർക്കുന്നു. ക്ര നം

	തുക	ബിൽ നം/തീ
1	310932/-	22/24-25 തീ 7-11-2024
2	1179135.60	33/24-25 തീ 26-12-2024
3	399759/-	42/24-25 തീ 15-02-2025
4	269734/-	59/24-25 തീ 07-03-2025
	2159560/-	

ആശുപത്രിയുടെ പേരിലുള്ള വാട്ടർ കണക്ഷന്റെ (കൺസ്യൂമർ നമ്പർ 2354110768) 2024-25 വർഷം ലഭിച്ച ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	18-09-2024 ൽ ലഭിച്ച ബില്ലിന്റെ വിവരം	16-11-2024 ൽ ലഭിച്ച ബില്ലിന്റെ വിവരം	29-01-2025 ൽ ലഭിച്ച ബില്ലിന്റെ വിവരം	28-02-2025 ൽ ലഭിച്ച ബില്ലിന്റെ വിവരം
ഫൈൻ	20986/-	33364/-	47166/-	14104/-
കുടിശിക ക്രമീകരണം	558074/- 255014/-	834078/-	00	- 48482/-
പരിശോധനാ ഫീസ്	4/-	4/-	4/-	4/-
റീഡിംഗ് പ്രകാരം	310932.20	311689.60	352589.20	304108
ആകെ	1145010.20	1179135.00	399759/-	269734

.18-09-2024 ൽ ലഭിച്ച ബില്ലിൽ റീഡിംഗ് പ്രകാരം എടുത്ത വെള്ളത്തിന്റെ ചാർജായ 310932.2 മാത്രം ഒടുക്കി, തുടർന്നുള്ള ബില്ലുകൾ പ്രകാരമുള്ള മുഴുവൻ തുകയും ഒടുക്കി കുടിശിക ഒഴിവാക്കിയിട്ടുള്ളതാണ്.2024-25 ലെ ബില്ലുകൾ പരിശോധിച്ചതിൽ പിഴ ഇനത്തിൽ മാത്രം 94634/- രൂപ ഒടുക്കിയതായി കാണുന്നു. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വെള്ളം അത്യാവശ്യ ഘടകമായതിനാൽ ആശുപത്രി വികസന ഫണ്ടിൽ നിന്നും ബില്ലുകൾ യഥാസമയം ഒടുക്കുവരുത്തി പിഴ വരുന്ന സാഹചര്യം ഒഴിവാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ചയാണ്. പ്രോജക്ട് പ്രകാരമുള്ള മെയിന്റനൻസ് ഗ്രാന്റ് ലഭിക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ തനത് ഫണ്ട് ലഭ്യമാക്കി ബില്ല് അടക്കുന്നതിന് നഗരസഭയിൽ അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല..

.16-11-2024 വരെയുള്ള ബില്ല് പരിശോധിച്ചതിൽ കുടിശിക പൂർണ്ണമായും പിഴ സഹിതം ഒടുക്കിയതായി കാണുന്നു. എന്നാൽ ഇതിന് ശേഷവും തുടർന്നുള്ള ബില്ലിൽ 47166/- രൂപ ഫൈൻ നിശ്ചയിച്ചത് അടവാക്കിയതായി കാണന്നു. എന്നാൽ അപാകതക്കെതിരെ വാട്ടർ അതോറിറ്റിയെ സമീപിച്ചതായി കാണുന്നില്ല.

.29-1-2025 ൽ ലഭിച്ച ബില്ല് പ്രകാരം 6552 കലോലിറ്റർ വെള്ളത്തിന് 352589.2 രൂപ (53.81/ KL പ്രകാരം) ഈടാക്കിയപ്പോൾ അവസാന ബില്ലിൽ 2347 കലോലിറ്റർ വെള്ളത്തിന് 53.81 രൂപ പ്രകാരം 126292.07 രൂപ ഈടാക്കുന്നതിന് പകരം 304108/ രൂപ (129.57/K) ഈടാക്കിയതായി കാണുന്നു. കൂടാതെ പ്രസ്തുത ബില്ലിലും 14104/- രൂപ ഫൈൻ നിശ്ചയിച്ചതായും കാണുന്നു. അപാകതകളിൽ വ്യക്തത വരുത്താതെ ഈ തുകയും പൂർണ്ണമായി ഒടുക്കിയിട്ടുണ്ട്

അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 27/20-02-2026നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ കുടിശിക പൂർണ്ണമായും പിഴ സഹിതം ഒടുക്കിയ ശേഷം തുടർന്നുള്ള ബില്ലിൽ 47166/- രൂപ ഫൈൻ അടവാക്കിയത് അംഗീകരിക്കുന്നില്ല. ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ അവസാനം ലഭിച്ച ബില്ല് സൂക്ഷ്മപരിശോധന നടത്തി നഗരസഭക്ക് നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും പിഴ ഇനത്തിൽ തുക ഒടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

1-53 ജനറൽ ആശുപത്രിയിൽ ലിഫ്റ്റുകൾക്ക് എ എം സി-അപാകതകൾ

പ്രോജക്ട് /നമ്പർ	ജനറൽ ആശുപത്രിയിൽ ലിഫ്റ്റുകൾക്ക് എ എം സി, 418/25
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ ,പാലാ ജനറൽ ആശുപത്രി

ഫണ്ടിനം	റോഡിതര മെയിന്റനൻസ് ഗ്രാന്റ്
വകയിരുത്തിയ തുക	1100000/-
ചെലവഴിച്ച തുക	1100000/- 354350/-ബിൽ നം 66/24-25 തീ 12-03-2025 305620/- ബിൽ നം 54/24-25 തീ 07-03-2025 325600/- ബിൽ നം67/24-25 തീ 12-03-2025 114430/- ബിൽ നം 92/24-25 തീ 25-03-2025

പാലാ ജനറൽ ആശുപത്രിയിലുള്ള 7 ലിഫ്റ്റുകളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തി വരുന്നത് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ മുഖേനയാണ് (PMC). പൊതുമരാമത്ത് വകുപ്പ് നല്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മെഡിക്കൽ ഓഫീസർ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ കണ്ടെത്തി മെഡിക്കൽ ഓഫീസറും, വകുപ്പും കരാറുകാരനുമായി ചേർന്ന് ത്രികക്ഷികരാർവെക്കുന്നതിന് പകരമായി , പൊതുമരാമത്ത് വകുപ്പും കരാറുകാരനും ചേർന്ന് ദ്വികക്ഷി കരാർ തയ്യറാക്കുകയാണ് ചെയ്യുന്നത് . ഇതുകാരണം കരാർ കാലയളവ് , വ്യവസ്ഥകൾ , യഥാർത്ഥ ചെലവ് തുടങ്ങിയവ സംബന്ധിച്ച വിവരം നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർക്ക് ലഭിക്കുന്നില്ല. 2024-25 വർഷം ഈ ആവശ്യത്തിന് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സമഗ്രമായ എ എം സി കാലയളവിൽ അറ്റകുറ്റപ്പണിക്ക് തുക നല്കിയത് അംഗീകരിക്കുന്നില്ല

ആശുപത്രി ഡയഗനോസ്റ്റിക് സെന്ററിൽ സ്ഥാപിച്ചിട്ടുള്ള 2 ലിഫ്റ്റുകൾ 2023-24 വർഷം അറ്റകുറ്റപ്പണി നടത്തിയിരുന്നില്ല. 2024-25 വർഷം 305620/- രൂപ **സമഗ്രമായ എ എം സി (Comprehensive AMC)** ചാർജിനത്തിൽ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷനിൽ നല്കിയിട്ടുണ്ട്. 14-11-2024 ൽ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നല്കിയ കത്ത് പ്രകാരം 2024-25 വർഷത്തേക്കുള്ള സമഗ്രമായ എ എം സി ചാർജായി 305620/- രൂപ അടവാക്കണമെന്നും, എന്നാൽ ലിഫ്റ്റിൽ സ്ഥാപിച്ചിട്ടുള്ള ബാറ്ററി,ARD (Automatic Rescue Device) എന്നിവ പ്രവർത്തനക്ഷമമല്ലെങ്കിൽ മാറ്റി സ്ഥാപിക്കുന്നതിന് വരുന്ന ചെലവ് അധികമായി നല്കണമെന്ന് M/S INFRA ELEVATORS അറിയിച്ചതായി കാണുന്നു. എന്നാൽ ഈ ആവശ്യങ്ങൾക്കല്ലാതെ 174400/- രൂപ (ബിൽ നം67/24-25 തീ 12-03-2025)ഇതേ ലിഫ്റ്റുകളുടെ അറ്റകുറ്റപ്പണിയ്ക്കായി (2025-26 എ എം സി ക്ക് മുൻപായി) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06-02-2025 ലെ DB1-2379/2025 നമ്പർ കത്ത് അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. **സമഗ്രമായ എ എം സി കാലയളവിൽ അറ്റകുറ്റപ്പണിക്ക് 174400/- നല്കിയത് അംഗീകരിക്കാവുന്നതല്ല.**

2. മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക മുൻകൂറായി പിൻവലിക്കുന്നു

11-8-2025 വരെ ഡി എൽ പി (Defects Liability Period) ഉള്ള , ഓ പി കം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ 20 Bed Cum Passenger ലിഫ്റ്റിന് 1-9-2025 മുതൽ 31-08-2026 വരെയുള്ള കാലയളലിലേക്കുള്ള എഎംസി തുകയായ 114430/- രൂപ 2024-25 വർഷ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 92/24-25 തീ 25-03-2025 ബില്ല് പ്രകാരം പിൻവലിച്ച് പൊതുമരാമത്ത് വകുപ്പിൽ നല്കിയിട്ടുള്ളതായി കാണുന്നു. 25-26 വർഷം ചെലവ് നടത്തേണ്ട മെയിന്റനൻസ് ഗ്രാന്റ് 24-25 വർഷ ഗ്രാന്റിൽ നിന്നും മുൻകൂറായി മാറിയത് (6 മാസം നേരത്തെ) അംഗീകരിക്കാവുന്നതല്ല.

അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 30/21-2-2026 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. **Comprehensive AMC കാലയളവിൽ അറ്റകുറ്റപ്പണിക്ക് 174400/-രൂപ നല്കിയത് പൊതുമരാമത്ത് വകുപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. മറ്റ് അപാകതകളിൽ നഗരസഭ പരിശോധന നടത്തി നഗരസഭക്ക് നഷ്ടം വന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.**

<u>1-54 മാലിന്യം വലിച്ചെറിയുന്നത് നിരീക്ഷിക്കാൻ സ്ഥാപിച്ച ക്യാമറയുടെ എ.എം.സി-അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം പ്രവൃത്തി നിർവ്വഹിച്ചില്ല</u>

2022-23 വർഷം നഗരസഭയുടെ എസ്.ഒ.191/2023 നമ്പർ പ്രോജക്ടായ വെയിസ്റ്റ് നിരീക്ഷണ ക്യാമറയ്ക്ക് എ.എം.സി.യ്ക്കായി M/S..ബി കെയർ സൊലൂഷൻസ് എന്ന സ്ഥാപനം ടെണ്ടർ കൊണ്ടിട്ടുള്ളതായിരുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അഡ്വാൻസായി അനുവദിച്ച 45,000/- രൂപ 18% പലിശ ഉൾപ്പെടെ M/S.ബി കെയർ സൊലൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതിനും, തിരിച്ചടയ്ക്കാത്ത പക്ഷം നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും 27-5-24 ലെ കൗൺസിലിന്റെ 8(1) നമ്പരായി തീരുമാനിച്ചിരുന്നു. തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം54/25-2-26) മറുപടി

ലഭ്യമാക്കിയിരുന്നില്ല. M/S.ബി കെയർ സൊലൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും മുൻകൂർ നൽകിയ തുക കരാർ വ്യവസ്ഥകൾക്ക് വിധേയമായി മുൻകൂർ നൽകിയ 45,000/- രൂപ പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-55 സ്വയം തൊഴിൽ സബ് സിഡി നൽകൽ (വനിത വ്യക്തിഗതം) പദ്ധതി- തുക തിരികെ ക്രമീകരിച്ച വിവരങ്ങളില്ല

പാലാ നഗരസഭ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസായ വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിതാ സ്വയം തൊഴിൽ വ്യക്തിഗതം പദ്ധതിയിൽ ഗുണഭോക്താവായ ജിഷ മോൾ കെ എസ് ന് സബ്സിഡി തുകയായി 19,875/- രൂപ നൽകിയിരുന്നു. എന്നാൽ ടി ഗുണഭോക്താവ് ഇപ്പോൾ മറ്റൊരു ജോലിയുടെ ഭാഗമായി കുവൈറ്റിൽ ആണ് എന്ന് മനസ്സിലാക്കുവാൻ സാധിച്ചെന്നും ആയതിനാൽ ടിയാളിൽ നിന്നും സബ്സിഡി തുകയായ 19,875/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുവാൻ നഗരസഭാ കൗൺസിലിന്റെ അനുമതി വേണമെന്ന് കാണിച്ച് വ്യവസായ വികസന ഓഫീസർ കത്ത് നൽകിയിരുന്നു. ശ്രീമതി.ജിഷ മോൾ കെ എസ് എന്നയാളിൽ നിന്നും സബ്സിഡി തുകയായ 19,875/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുന്നതിന് കൗൺസിൽ 22-7-24-ലെ 4(1)നമ്പർ തീരുമാനപ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത വിഷയത്തിലെ തുടർന്നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം 54/25-2-26) മറുപടി ലഭ്യമാക്കിയിരുന്നില്ല. തുക ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കിയതായി എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചിരുന്നുവെങ്കിലും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുകയുടെ യഥാവിധിയുള്ള ക്രമീകരണ വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-56 കമ്മ്യൂണിറ്റിഹാൾ നിർമ്മാണത്തിന് ലഭ്യമായ തുക വിനിയോഗിച്ചില്ല- അധികവിഹിതം സമാഹരിക്കാൻ നടപടി സ്വീകരിച്ചില്ല

പാലാ നഗരസഭയിൽ പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് മുൻവർഷം എസ്.സി.പി ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 37,44,612/- രൂപ നഗരസഭയുടെ എൽ.ജി.റ്റി.എസ്.ബി അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആയുർവ്വേദ ഹോസ്പിറ്റലിന് ചേർന്നുള്ള നഗരസഭ വക സ്ഥലത്ത് ടി കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് നഗരസഭ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതുമാണ്. ടി തുകയുടെ 50% തുകയായി 18,72,306/- രൂപ നഗരസഭയുടെ വാർഷിക പദ്ധതിയിൽ വികസന ഫണ്ടിൽ (ഡവലപ്പ്മെന്റ് ഫണ്ട്) നിന്നും അനുവദിക്കുന്നതിനും, 20,00,000/- രൂപ എം.പി/എം.എൽ.എ ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനും 30-9-24 ലെ കൗൺസിൽ തീരുമാനനമ്പർ 2(1) പ്രകാരം തീരുമാനിച്ചു. എന്നാൽ നഗരസഭ വികസനഫണ്ടിൽ നിന്നും കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് തുക വകയിരുത്തി പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നില്ല. മുൻ തീരുമാനപ്രകാരമുള്ള എം.പി/എം.എൽ.എ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നതിനും അധികൃതർക്ക് സാധിച്ചിരുന്നില്ല. തുക ലഭ്യമായതിന്റെ വിശദാംശങ്ങൾ പ്രത്യേകഗ്രാന്റുകൾക്കുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാത്തതിനാൽ തുകയുടെ വിനിയോഗം തുടർവർഷങ്ങളിൽ നിരീക്ഷിക്കാൻ സംവിധാനം ഉണ്ടാവേണ്ടതുണ്ട്. കെട്ടിടനിർമ്മാണത്തിന്റെ തത്സ്ഥിതി വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം 54/25-2-26) മറുപടി ലഭ്യമാക്കിയിരുന്നില്ല. ലഭ്യമാകുന്ന ഫണ്ടുകൾ സമാഹരിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-57 വിവിധ പർച്ചേസ് ബില്ലുകളിൽ നിന്നും ജിഎസ് ടി - ടിഡിഎസ് കുറവ് ചെയ്തില്ല.

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്റ്റുകളുടെ ബിൽ തുക നൽകിയതിൽ നിന്നും 2% തുക ജിഎസ്ടി വിഹിതം കിഴിവ് ചെയ്യേണ്ടിയിരുന്നു. 2.5ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന ബില്ലുകളിൽ നിന്നും സ്രോതസിൽ ജിഎസ് ടി യായി 2% തുകകിഴിവ് വരുത്തേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നം 196/25 -ഹോമിയോ ആശുപത്രിയ്ക്ക് ലാപ് ടോപ്പ് ,ഇൻവെർട്ടർ, പ്രിന്റർ (ഫയൽ നം G5-13897/23)

അടങ്കൽ -5,00,000/- (റോഡിതരസംരക്ഷണഗ്രാന്റ്)

ചെലവ്- 3,97,960(ബിൽ നം 8/9-5-24)

പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് 5 ലാപ് ടോപ്പുകൾ, 1ഇൻവെർട്ടർ 6 ബാറ്ററികൾ എന്നിവ വാങ്ങുന്നതിനായി 3,97,960/- രൂപ ചെലവഴിച്ചിരുന്നു.

ജെം മുഖേന യുള്ള വാങ്ങൽ നടത്തിയത് ITപ്രൊഫഷണൽ കോഓപ്പറേറ്റീവ് സൊസൈറ്റി മുഖേനയായിരുന്നു(ഇൻവോയിസ് നം IT/23-24L1115/27-3-24). ബിൽ തുക നൽകിയതിൽ നിന്നും 2% തുക ജിഎസ്ടി വിഹിതം കിഴിവ് ചെയ്തിരുന്നില്ല.

2. പ്രൊജക്റ്റ് നം 412/25നഗരസഭാ ഓഫീസിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ

അടങ്കൽ -3,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്- 2,94,980(ബിൽ നം 213/8-1-25)

പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് 2 ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ വാങ്ങുന്നതിനായി 2,94,980/- രൂപ ചെലവഴിച്ചിരുന്നു. ജെം മുഖേന യുള്ള വാങ്ങൽ നടത്തിയത് RJഎന്റർപ്രൈസസ് എന്ന സ്ഥാപനം മുഖേനയായിരുന്നു(ഇൻവോയിസ് നം RJE02515/24-25/14-12-24). ബിൽ തുക നൽകിയതിൽ നിന്നും 2% തുക ജിഎസ്ടി വിഹിതം കിഴിവ് ചെയ്തിരുന്നില്ല.

മേൽ പ്രൊജക്റ്റുകൾക്ക് ബിൽതുക നൽകിയതിൽ നിന്നും GST വിഹിതം ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം 35/23-2-26) മറുപടി ലഭ്യമായിരുന്നില്ല. ഈടാക്കാനുള്ള ജിഎസ്ടി വിഹിതം ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുകയോ സ്ഥാപനങ്ങൾ GST റിട്ടേൺ ഫയൽ ചെയ്ത രേഖകൾ ഹാജരാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-58 തെരുവുവിളക്ക് പരിപാലനം - എഎംസി നൽകൽ – നഗരസഭയ്ക്ക് അധികച്ചെലവ്

തെരുവുവിളക്ക് എഎംസി നൽകുന്നതിനായി 2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭയിൽ ചുവടെ ചേർക്കുന്ന പ്രൊജക്റ്റുകൾക്ക് തുക ചെലവഴിച്ചിരുന്നു.

പ്രൊ.നം 212/25 തെരുവുവിളക്കുകൾക്ക് സോഡിയം വേപ്പർലാമ്പ് മാറ്റി എൽഇഡി സ്ഥാപിക്കൽ (സ്പിൽ ഓവർ)	213/25 തെരുവുവിളക്കുകൾക്ക് എഎംസി(സ്പിൽ ഓവർ)
അടങ്കൽ- 5,32.000(CFC Grant)	അടങ്കൽ -14,26,250/-(CFC Grant)
ചെലവ് -4,67,280/-Bill No 174/26-11-24(2023-24 വർഷത്തെ ഉൾപ്പടെ ആകെ ചെലവ് 6,79,680)	ചെലവ് -10,31,887/-(Bill No 79/23-8-24)+ 8,17,062(Proj No 30/25പ്രകാരം ചെലവഴിച്ചത്Bill No 455/20-3-25) ആകെ ചെലവ് = 18,48,949
കരാർ കാലാവധി- 9-5-23മുതൽ 8-5-24 വരെ	കരാർ കാലാവധി- 22-12-23മുതൽ 21-12-24 വരെ

മേൽപറഞ്ഞ രണ്ടു പ്രൊജക്റ്റുകൾക്കും കരാർ നൽകിയിരിക്കുന്നത് രാജു മുട്ടത്ത്, മുട്ടത്ത് എജൻസീസ് എന്ന കരാറുകാരനാണ്. ചുവടെ ചേർത്തിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്റ്റ് നം 212/25 പ്രകാരം 480 എണ്ണം 50W LED ലൈറ്റുകളുടെ എഎംസിയ്ക്കായി 900+18%Gstനിരക്കിൽ കരാർ അംഗീകരിച്ചിരിന്നു. 4,32,000/- +GST(18%) എന്നതായിരുന്നു അംഗീകരിച്ച കരാർ. ഇതിൽ ജിഎസ് ടി ഉൾപ്പടെ 2,12,400/-രൂപ 2023-24വർഷം നൽകുകയുണ്ടായി. കരാർ കാലാവധിയായ 8-5-24 വരെയുള്ള ബാക്കി തുകനൽകുന്നതിന് പകരം 8-9-24വരെ കരാർ ദീർഘിപ്പിച്ച് ടിയാൾക്ക് ജിഎസ്ടി ഉൾപ്പടെ 4,67,280/- രൂപ നൽകിയിരുന്നു. 5,32,000/-രൂപ മാത്രം ആകെ അടങ്കലുള്ള പ്രൊജക്റ്റിന് രണ്ട് വർഷങ്ങളിലുമായി 6,79,680/- നൽകിയത് ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കിയിരുന്നില്ല.

2. പ്രൊജക്റ്റ് നം 213/25 പ്രകാരം നഗരസഭയിലെ 3931 ലൈറ്റുകൾക്ക് 450/-രൂപ നിരക്കിലും 4ഹൈമാസ്റ്റ് ലൈറ്റുകൾക്ക് 20000/-രൂപ നിരക്കിലും 18,48,950/-രൂപയ്ക്കാണ് കരാർ ഉറപ്പിച്ചിരുന്നത്. പ്രസ്തുത കരാർ പ്രകാരമുള്ള പ്രവൃത്തിയുടെ തുക നൽകിയത് രണ്ട് പ്രൊജക്റ്റുകളിലായാണ്. പ്രൊ.നം 213/25 പ്രകാരം 10,31,887- രൂപയും പ്രൊ.നം 30/25 പ്രകാരം 8,17,062/- രൂപയും ഉൾപ്പടെ 18,48,949 രൂപ നൽകിയതായി കാണുന്നു. പുതിയതായി രൂപീകരിച്ച പ്രൊജക്റ്റിൽ ഉൾപ്പെടുത്തി സ്പിൽ ഓവർ പ്രൊജക്റ്റ് തുക നൽകാനിടയായ സാഹചര്യം വിശദീകരിക്കപ്പെട്ടില്ല. കൂടാതെ ചുവടെ ചേർത്തിരിയ്ക്കുന്ന അപാകതകൾക്കും വിശദീകരണം ലഭ്യമാക്കിയിരുന്നില്ല.

3.നഗരസഭയുടെ ഉടമസ്ഥതയിൽ വരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് സംബന്ധിച്ച് പഠനം നടത്തി നഗരസഭയ്ക്കുണ്ടാകുന്ന വാർഷിക ചെലവ് വിലയിരുത്താതെയാണ് കരാർ അംഗീകരിച്ചിട്ടുള്ളത്. നഗരസഭാ പരിധിയിലുള്ള മുഴുവൻ തെരുവ് വിളക്കുകൾക്കും വാർഷിക നിരക്ക് നിശ്ചയിക്കുമ്പോൾ ഗ്യാരന്റി ഉള്ള ലൈറ്റുകളും ഇതിൽ ഉൾപ്പെടുകയും കരാറുകാരന് തുക നല്കേണ്ടി വരുകയും ചെയ്യുന്നു. ലൈറ്റിന് മെയിന്റനൻസ് നിരക്ക് നിശ്ചയിച്ച് അറ്റകുറ്റപ്പണികൾ നടത്തിയവയ്ക്ക് തുക

നല്കുന്ന രീതിയിൽ കരാർ തയ്യാറാക്കുന്നതിന് പകരം മുഴുവൻ വിളക്കുകളും AMC പരിധിയിൽ ഉൾപ്പെടുത്തി (ഗ്യാരന്റി ഉള്ളവ ഉൾപ്പെടെ) കരാർ തയ്യാറാക്കിയത് യുക്തിസഹവും നഗരസഭയുടെ സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതുമല്ല.

4.കരാർ പ്രകാരം കരാറുകാരൻ എത്ര ലൈറ്റുകൾ യഥാസമയം അറ്റകുറ്റപ്പണി നടത്തിയിരുന്നുവെന്നത് പരിശോധിക്കപ്പെട്ടിരുന്നില്ല. കരാറുകാരൻ ഉപയോഗിക്കേണ്ട സാധനം, ഗുണ നിലവാരം, വാട്ട്സ്, തുടങ്ങിയവ സംബന്ധിച്ച നിർദ്ദേശം നഗരസഭ നല്കുകയോ, ഉപയോഗിച്ച സാധനങ്ങളുടെ വിവരം കരാറുകാരൻ അറിയിക്കുകയോ ചെയ്തിരുന്നില്ല. പ്രധാന ഇനമായ LED ബൾബ് എത്രവാട്ടിന്റെയാണ് ഉപയോഗിച്ചതെന്നും ഫയലിൽ കൃത്യമായ രേഖപ്പെടുത്തലില്ല.

5.പരാതി രജിസ്റ്റർ കരാറുകാർ തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിൽ സൂക്ഷിക്കണമെന്ന നിബന്ധനയും പാലിച്ചിരുന്നില്ല.

6.കരാറുകാരൻ ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണ നിലവാരംഅംഗീകൃത സ്ഥാപനങ്ങളിൽ പരിശോധിച്ചിരുന്നതിന്റെ വിവരം ഫയലിലില്ല.

7. നഗരസഭയിൽ ആകെയുള്ള ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ രേഖകൾ നഗരസഭയിൽ ലഭ്യമായിരുന്നില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം 34/23-2-26)മറുപടി ലഭ്യമായിരുന്നില്ല. അപാകതകൾ പരിഹരിച്ച് കൃത്യമായ വിവരം ലഭ്യമാക്കേണ്ടതും യുക്തിസഹവും നഗരസഭയുടെ സാമ്പത്തിക താത്പര്യങ്ങൾക്ക് നിരക്കുന്നതുമായ നിരക്കിൽ കരാറിലേർപ്പെട്ട് പ്രോജക്റ്റ് നിർവ്വഹണം നടത്തി അധികച്ചെലവ് വരുത്തുന്നില്ലായെന്നത് ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-59 ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ഓഫ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം - പ്രോജക്ചിന്റെ വിശദമായ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട്	ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ഓഫ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം
പ്രോജക്ട് നം.	376/25
അടങ്കൽ	50,000/- വികസന ഫണ്ട്(ജനറൽ)
ചെലവ്	49,815/- രൂപ Bill No.520/25-03-2025
നിർവ്വഹണം	ഹെൽത്ത് ഓഫീസർ

മേൽ പ്രോജക്ടിന്റെ ചെലവ് സാധൂകരിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. പ്രോജക്ട് ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി ഓഡിറ്റിൽ നിരാകരിക്കാതിരിക്കാൻ K-SMART സോഫ്റ്റ്വെയറിലോ, മാന്വലായോ ഫയൽ ലഭ്യമെങ്കിൽ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.53/2024-25/25-03-2026) നൽകിയതിന് മറുപടിയായി ബിൽ പ്രകാരമുള്ള തുക 27 ഹരിതകർമ്മസേന അംഗങ്ങൾക്ക് 1845 രൂപ വീതം MCF, Mini MCF കൾ, നാല് തുമ്പൂർമൂഴി യൂണിറ്റുകൾ എന്നിവയുടെ ക്ലീനിങ്ങിനായി നൽകിയതായി വ്യക്തമാക്കി പ്രോജക്ട് ചെലവ് ബിൽ ഹാജരാക്കി. എന്നാൽ പ്രവൃത്തി ചെയ്തതിന്റെ മസ്റ്റർ റോൾ, വാല്യുവേഷൻ എന്നിവ ലഭ്യമാക്കിയില്ല. ചെലവ് വിശദാംശം ലഭ്യമാക്കാത്തതിനാൽ 49,815/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-60 യാചക പുനരധിവാസത്തിന് ഓർഫനേജിന് ധനസഹായം - സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

ഹെൽത്ത് ഓഫീസർ നിർവ്വഹിച്ച 33/25 നം. പ്രോജക്ടിൽ മരിയ സദനം എന്ന സ്ഥാപനത്തിന് യാചകരുടെ പുനരധിവാസം, താമസം എന്നിവയ്ക്ക് നഗരസഭ ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ട്. തൻവർഷം വികസന ഫണ്ട് 7 ലക്ഷം രൂപ വകയിരുത്തി 3/2024 മുതൽ 2/2025 വരെയുള്ള കാലയളവിൽ അന്തേവാസികളുടെ താമസത്തിന് ചെലവായ തുകയായി മരിയ സദനം ഡിമാന്റ് ചെയ്ത 699,034/- രൂപ അനുവദിച്ചു. സർക്കാർ മാർഗ്ഗരേഖ പ്രകാരമല്ലാതെ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന

പ്രോജക്ടുകൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായിരുന്നു. 14-03-2022 ലെ സ.ഉ.(സാധാ) നം.607/2022/തസ്വഭവ നം. ഉത്തരവ് പ്രകാരം 2018-19 വർഷത്തെ ഇതേ ഇനത്തിൽ ചെലവഴിച്ച തുകക്ക് സർക്കാർ സാധൂകരണം നൽകിയിരുന്നു എങ്കിലും തുടർ വർഷങ്ങളിലേക്കുള്ള അനുമതി നൽകിയതായി കാണുന്നില്ല. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും മരിയസദനം എന്ന സ്ഥാപനത്തിന് സാമൂഹ്യ നീതി വകുപ്പിന്റെ അംഗീകാരമുണ്ട് എന്ന് കാണുന്നു.
അംഗീകാര സർട്ടിഫിക്കറ്റ് : 0198/2022/KTM/SJD തീയതി : 10-08-2022
രജിസ്റ്റർ നം.SJD/5464/2021-RPWD1
കാലാവധി : 10-08-2022 മുതൽ 09-08-2025 വരെ
സ്ഥാപനം വിഭാഗം : Psycho Social Rehabilitation Centre
പ്രവേശിപ്പിക്കാവുന്ന പരമാവധി അന്തേവിസികൾ : 300
2024-25 വർഷം ഓരോ മാസവും 20 മുതൽ 25 വരെ അന്തേവാസികൾക്കുള്ള താമസ ഭക്ഷണ ചെലവു തുകയാണ് സ്ഥാപനത്തിന്റെ ഡിമാന്റിന് അനുസരിച്ച് നഗരസഭ ഫണ്ടിൽ നിന്ന് അനുവദിക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരമുള്ള ഓർഫനേജുകൾക്ക് 10-10-2018 ലെ സ.ഉ.(സാധാ) നം.590/2018/സാ.നീ.വ. ഉത്തരവ് പ്രകാരമുള്ള സർക്കാർ ഗ്രാന്റിന് അർഹതയുള്ളതാണ്. വരവ് ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച ശേഷം ഓഡിറ്റ് നടത്തിയാണ് വാർഷിക ഗ്രാന്റിന് ശുപാർശ ചെയ്യുന്നത്. സ്ഥാപനത്തിന് വിദേശ ധനസഹായം(Foreign Aid) ലഭിക്കുന്നുണ്ട് എങ്കിൽ ആയത് കൂടി പരിഗണിച്ചിട്ടാണ് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത്. മരിയസദനം എന്ന സ്ഥാപനത്തിന്റെ വരവ്-ചെലവ് കണക്കുകൾ പരിശോധിക്കപ്പെടുന്നില്ല എന്നതിനാൽ മറ്റ് ധനസഹായങ്ങൾ സ്ഥാപനത്തിന് ലഭിക്കുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല. നഗരസഭയുടെ വാർഷിക പദ്ധതിയിൽ വകയിരുത്തി തുക ചെലവഴിക്കുമ്പോൾ മേൽപറഞ്ഞ സാമൂഹ്യ നീതി വകുപ്പ് നിഷ്കർഷിക്കുന്ന സർക്കാർ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നതിൽ അവ്യക്തതയുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.36/2024-25/23-02-2026) നൽകിയതിന് മറുപടി ലഭിച്ചില്ല.
നഗരസഭയിൽ നിന്ന് യാചക പുനരധിവാസത്തിന് ധനസഹായം നൽകുന്ന സ്ഥാപനത്തിന് ഇതേ ആവശ്യത്തിന് വിദേശ ധനസഹായം ലഭിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ടി സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കി സാമൂഹ്യനീതി വകുപ്പിന്റെ നേരിട്ടുള്ള ഗ്രാന്റ് ലഭിക്കാനുള്ള നടപടിയും സ്ഥാപനത്തിന് സ്വീകരിക്കാവുന്നതാണ്.

1-61 നഗരസഭയുടെ എം.സി.എഫ്. സംവിധാനത്തിന് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

Solid Waste Management Rules-2016, Plastic Waste Management Rules-2016, LSGD യുടെ 16-01-2021 ലെ G.O.(Rt) No.113/2021 നം. ഉത്തരവ് പ്രകാരം MCF ന് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കും മറ്റ് അഡ്മിനിസ്ട്രേറ്റീവ് തലത്തിലും അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്.

മാലിന്യ നിർമ്മാർജ്ജന പ്രക്രിയ	അഡ്മിനിസ്ട്രേറ്റീവ് തലം
Incoming Waste Storage, Tripping Area, Bailing Area, Bailed Waste Storage, Machinary Area, Sorting Area, Utility Area, Loading/Unloading Area, Passage	Office Room, Rest/Dining Room, Storage For Tools, Toilets For Ladies & Gents, Dress Changing Room, Three Phase Electricity For Machinary, Water Supply, Compund Wall & Gate, Fire Fighting Equipments, Parking, CCTV

നഗരസഭയിൽ നിലവിൽ പ്രവർത്തിക്കുന്ന എം.സി.എഫിൽ അജൈവ മാലിന്യങ്ങൾ സൂക്ഷിക്കാൻ മാത്രമാണ് സംവിധാനമുള്ളത്. നഗരസഭയുടെ 26 വാർഡുകളിലായി ആകെ 28 ഹരിതകർമ്മ സേന അംഗങ്ങളാണ് നാല് ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തോടെ ഗ്രൂപ്പുകളായി പ്രവർത്തിക്കുന്നത്. ഹെൽത്ത് ഓഫീസറുടെ(ക്ലീൻ സിറ്റി മാനേജർ) നിയന്ത്രണത്തിലുള്ള ആരോഗ്യ വിഭാഗം നഗരസഭയിലുണ്ട്. എന്നാൽ തൻവർഷം ശേഖരിച്ച അജൈവ മാലിന്യങ്ങൾ പ്രോസസ് ചെയ്യാതെ ലെഗസി മാലിന്യമായിട്ടാണ് നഗരസഭ ഫണ്ട് ചെലവഴിച്ച് ഏജൻസികൾ മുഖേന നീക്കം ചെയ്തത്. കൃത്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയിരുന്നു എങ്കിൽ ബെയിൽ ചെയ്ത അജൈവ മാലിന്യങ്ങൾക്ക് നിശ്ചിത വരുമാനം നഗരസഭക്ക് ലഭിക്കുമായിരുന്നു.
യൂണിവേഴ്സൽ ബയോഗ്യാസ് - കോഴിക്കോട് എന്ന സ്ഥാപനമായിരുന്നു 2023-24 വർഷം കിലോഗ്രാമിന് 6.8 രൂപ നിരക്കിൽ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കരാറെടുത്തിരുന്നത്. എന്നാൽ 2023 ഡിസംബർ മാസം മുതൽ കരാർ ലംഘനം നടത്തി മാലിന്യ നീക്കം നിർത്തിയതിനാൽ കൗൺസിൽ തീരുമാന പ്രകാരം ഫൈൻ ചുമത്തി ഏജൻസിയെ ഒഴിവാക്കുകയും ക്ലീൻ കേരള കമ്പനിയുമായി കിലോഗ്രാമിന് 10 രൂപ നിരക്കിൽ 2024-25 ലേക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. തൻവർഷം 382/25 നം. പ്രോജക്ട് പകാരം 1,091,437/- രൂപയും 478/25 പ്രകാരം 1,774,675/- രൂപയും ഉൾപ്പടെ 2,866,112/- രൂപ ലെഗസി മാലിന്യ നീക്കത്തിന് ചെലവഴിച്ചു. 2017-18 വാർഷിക പദ്ധതിയിൽപ്പെടുത്തി 3,16,816/- രൂപ ചെലവഴിച്ച് വാങ്ങിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് എംസിഎഫിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതായി കാണുന്നില്ല. ഹരിതകർമ്മസേന മുഖേന കളക്ട് ചെയ്യുന്ന മാലിന്യങ്ങൾ സ്റ്റേഡിയത്തിന് പുറത്ത്

സൂക്ഷിച്ച് വയ്ക്കുന്നതിനാൽ വലിയ മാലിന്യക്കൂമ്പാരമായി മാറിയിട്ടുണ്ട്. 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ എന്നിവയനുസരിച്ച് പാലാ നഗരസഭയിൽ ആക്ഷൻ പ്ലാൻ പ്രകാരം മാലിന്യ സംസ്ക്കരണത്തിൽ വീഴ്ചകളുണ്ടാവുന്ന പക്ഷം ദേശീയ/സംസ്ഥാന ഹരിത ട്രൈബ്യൂണലിൽനിന്നും ശിക്ഷാനടപടികൾ ഉണ്ടാകാനുള്ള സാദ്ധ്യതകളും നിലനിൽക്കുന്നു. എം.സി.എഫ്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഷ്രെഡിംഗ്/ബെയ്ലിങ്ങ് നടത്തി പ്രോസസ് ചെയ്ത അജൈവ മാലിന്യങ്ങൾക്ക് വരുമാനം ലഭിക്കേണ്ട സ്ഥാനത്താണ് നഗരസഭക്ക് 28 ലക്ഷത്തിലധികം രൂപ ഈയിനത്തിൽ ചെലവ് വന്നിരിക്കുന്നത്. അജൈവ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യക്ഷമതയില്ലാതെ തുടരുന്നതിനും എം.സി.എഫ്. ന് കൃത്യമായ സ്ഥലം കണ്ടെത്തി അടിസ്ഥാന സൗകര്യം ഏർപ്പെടുത്താൻ കഴിയാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 37/2024-25/23-02-2026) നൽകിയതിന് മറുപടി ലഭിച്ചില്ല. നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്ന ബെയ്ലിങ്ങ് മെഷീൻ പ്രവർത്തനസജ്ജമാക്കേണ്ടതാണ്. എം.സി.എഫ്. സംവിധാനം ഈ ഖണ്ഡികയുടെ ആദ്യ ഭാഗത്ത് പരാമർശിച്ച എല്ലാ സംവിധാനങ്ങളോടും കൂടി സജ്ജമാക്കേണ്ടതാണ്. അജൈവ മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിലെ എല്ലാ അപാകതകളും പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-62 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം നഗരസഭക്ക് അധികച്ചെലവ്

പ്രോജക്ട് /നമ്പർ	ഹോമിയോ ഹോസ്പിറ്റൽ മെയിന്റനൻസ്, 292/2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ	പ്രദീപ് ആർ
ഫണ്ടിനം	റോഡിതര മെയിന്റനൻസ് ഫണ്ട്
വകയിരുത്തിയ തുക	5 ലക്ഷം
ചെലവഴിച്ച തുക	340010/-(ബിൽ നം /തീ 178/28-11-2024) 123755/-(ബിൽ നം /തീ 322/27-02-2025) 463765/-
എസ്റ്റിമേറ്റ് നമ്പർ	125716/2023

നഗരസഭ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിയിലെ നവീകരണപ്രവർത്തനങ്ങൾക്കായാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഹോമിയോ ആശുപത്രിയിലെ നിലവിലെ പെയിന്റിന്റെ നിറം, ഭരണസമിതി നിശ്ചയിച്ചു തന്ന കളറുമായി (NAM കളർ കോഡ് പ്രകാരമുള്ളത്) പൊരുത്തപ്പെടാത്തതിനാൽ, നിലവിലുള്ള പെയിന്റ് ചുരണ്ടി നീക്കിയ ശേഷം (Scrapping) DSR കോഡ് 13-46-1 പ്രകാരമുള്ള അക്രിലിക് പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്യുകയും, മറ്റ് അറ്റകുറ്റപ്പണികളുമായിരുന്നു പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം Scrapping ഒഴിവാക്കി നിലവിലുള്ള സർഫസിൽ പെയിന്റ് അടിക്കുകയും എക്സ്ട്രാ ഇനമായി സ്റ്റീൽ വർക്ക് ഉൾപ്പെടുത്തുകയും ചെയ്തു. II Nd & Final Bill പരിശോധിച്ചതിൽ 1557.955 ച മീ പെയിന്റ് ചെയ്തതിന് 184.95 രൂപ (എസ്റ്റിമേറ്റ് നിരക്ക് 195.10 രൂപയിൽ നിന്നും 5.2% ടെണ്ടർ കുറവ്) പ്രകാരം 288143.78 രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ നിലവിലുള്ള പെയിന്റ് ചുരണ്ടി മാറ്റുന്ന പ്രവൃത്തി ഒഴിവാക്കിയെങ്കിലും പുതിയ സർഫസിൽ പെയിന്റ് അടിക്കുന്നതിനുള്ള ഇനമായ DSR കോഡ് 13-46-1 നിലനിർത്തുകയാണ് ചെയ്തത്. നിലവിലുള്ള പെയിന്റ് സർഫസിൽ മെയിന്റനൻസ് പ്രവൃത്തികൾക്ക് നല്കുന്ന 13-111-2 നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 25/19-2-2026 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പഴയ പെയിന്റ് ചുരണ്ടി മാറ്റുന്ന പ്രവൃത്തി ഒഴിവാക്കിയെങ്കിലും പ്രതലം പ്രഷർ വാഷ് ചെയ്ത് വൃത്തിയാക്കിയെന്നും ആയത് അളവ്പുസ്തകത്തിൽ രേഖപ്പെടുത്തുകയോ കരാറുകാരനു തുക നല്കുകയോ ചെയ്തില്ലെന്നും പുതിയ ഭിത്തിയിൽ പെയിന്റ് ചെയ്യുന്ന DSR കോഡ് 13-46-1 പാലിച്ച് പ്രവൃത്തി പൂർത്തിയാക്കിയതെന്നും മറുപടി നല്കി. 13-111-2 എന്നത് നിലവിലുള്ള പെയിന്റിന് മുകളിൽ 1 കോട്ട് പെയിന്റ് ചെയ്യുന്നതിനുള്ളതാണെന്നും പ്രഷർ വാഷ് ചെയ്ത് വൃത്തിയാക്കിയ ഭിത്തിയിൽ 2 കോട്ട് NAM കളർ കോഡ് പ്രകാരമുള്ള പെയിന്റ് ചെയ്തു എന്നും മറുപടി നല്കി.

മറുപടി വിശദമായി പരിശോധിച്ചതിൽ അളവ്പുസ്തകത്തിൽ രേഖപ്പെടുത്താത്ത പ്രവൃത്തി അംഗീകരിക്കേണ്ടതില്ലെങ്കിലും (ഭരണസമിതിയുടെയോ, സാങ്കേതിക അനുമതി നല്കിയ ഉദ്യോഗസ്ഥന്റെയോ മുൻകൂർ അനുമതി രേഖാമൂലം വാങ്ങാതെയാണ് കരാറുകാരൻ, സൈറ്റ് ചുമതലയുള്ള എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ പ്രവൃത്തിയിൽ മാറ്റം വരുത്തിയത്. എസ്റ്റിമേറ്റ് റിവിഷന് എഞ്ചിനീയർ കത്ത് നല്കിയത് 17-2-2025 ലും അംഗീകരിച്ചത് 24-2-2025 ലും മാത്രമാണ് എന്നാൽ 27-10-24 മുതൽ 30-10-24 വരെയുള്ള തീയതികളിൽ പെയിന്റ് ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്.) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽനോട്ടം വഹിച്ചിരുന്നു എന്ന

മറുപടി അംഗീകരിക്കുന്നു. എങ്കിലും നിലവിൽ പെയിന്റ് ചെയ്ത ഭിത്തിയിൽ വീണ്ടും പ്രൈമർ അടിക്കേണ്ടതില്ലാത്തതിനാൽ പുതിയ പെയിന്റ് ചെയ്യുന്നതിനുള്ള അളവിൽ പെയിന്റ് ഉൾപ്പെടുന്നതും (1.67ലിറ്റർ/ ച.മീ)എന്നാൽ പ്രൈമർ ഒഴിവാക്കിയതുമായ DSR 13-111-1 പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്. അനുവദിക്കാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

Sor/Spec Code	MR Code	Description			Remarks	
		Unit	Quantity	Rate (₹)	Amount	Label
	Header Unit	Sqm	Header Quantity	10.0		
Header Details	Details Of Cost For 10 Sqm					
Material						M
8505		Acrylic Exterior Paint				
		Litre	1.67	170.0	283.9	M1
Carriage						C
9977		Carriage Of Materials				
		L.S	0.91	2.0	1.82	C1
Labour						L
0131		Painter				
		Day	0.46	679.0	312.34	L1
0115		Coolie				
		Day	0.23	558.0	128.34	L2
Tools & Plants						L
9999		Sundries Brushes, Sand Paper Etc				
		L.S	4.81	2.0	9.62	T1
9999		Sundries				
		L.S	5.33	2.0	10.66	T2
TOTAL			10.0	Sqm	746.68	
UNIT TOTAL			1	Sqm	**74.67**	
Water Charge @ 1.00 %				74.67	0.75	
TOTAL					**75.42**	
Contractors Profit & Overhead @ 15.00 %				75.42	11.31	
TOTAL					**86.73**	
Grand Total					**₹86.73/ Sqm**	
CI 1.3644					₹118.33/**Sqm**	

തെറ്റായ ഡാറ്റാ പ്രകാരം എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത് മൂലം കരാറുകാരന് അധികം തുക നല്കിയതിന്റെ വിവരം

1557.955 ച മീറ്റർ അക്രിലിക് പെയിന്റിംഗിന് നല്കിയ തുക @ 184.95/M2 (കരാറുകാരൻ ഈ ഇനത്തിന് രേഖപ്പെടുത്തിയ തുക 5.20% കുറവിൽ)	288143.78
1557.955 ച മീറ്റർ അക്രിലിക് പെയിന്റിംഗിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നല്കേണ്ടിയിരുന്നത് @ 112.18 /M2 (DSR നിരക്കായ 118.33 -5.20% ടെണ്ടർ കുറവ്)	174771.39
അധികം നല്കിയത്	113372.39 + 20407.03 (GST) 133779.42 Say 133779/-

അധികം നല്കിയ 133779/- രൂപ ഉത്തരവാദിയായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ,സാങ്കേതിക അനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.

1-63 കുടിവെള്ള പദ്ധതികൾക്കുള്ള HD പൈപ്പുകളുടെ ഡാറ്റാ തയ്യാറാക്കിയതിൽ അപാകം-നഗരസഭയ്ക്ക് അനാവശ്യ ചെലവ്

2024-25 വർഷം മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുണ്ടാങ്കൽ കുടിവെള്ള പദ്ധതിയുടെ (പ്രോജക്ട് നം 386/2025എസ്റ്റിമേറ്റ് നം 4516/24) പമ്പിംഗ് മെയിൻ പൂർത്തീകരണം, വിതരണ ലൈൻ സ്ഥാപിക്കൽ തുടങ്ങിയവ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിൽ പ്രധാന ഇനമായ HD പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് നഗരസഭ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരമാണ് നിരക്ക് നിശ്ചയിച്ചത്. ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കാനായി ചില ഇനങ്ങൾക്ക് ലോക്കൽ മാർക്കറ്റ് നിരക്ക് (**LMR**) നല്കേണ്ടി വരുമ്പോൾ **പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് വകുപ്പ് പദ്ധതികൾക്ക് ഉപയോഗിക്കുന്ന LMR നിരക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിച്ചിട്ടുള്ളത്**. പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ **LMR-ൽ** 75 Mm, 90mm എന്നീ അളവുകളിലുള്ള

HDPE പൈപ്പുകൾക്ക് മാത്രമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത് (പൈപ്പുകളുടെ (10 Kg/Cm^2, 12.5 Kg/Cm^2) എന്നാൽ ഗ്രേഡ് ഏതെന്ന വിവരം വ്യക്തമാക്കിയിട്ടില്ല).



നഗരസഭയിൽ LMR പരിഗണിക്കാതെ മുൻകാലങ്ങളിൽ തുടർന്ന് വന്നിരുന്ന നിരക്ക് ഉൾപ്പെടുത്തി ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. നിലവിൽ PRICE 3 സോഫ്റ്റ് വെയറിൽ ലഭ്യമായ വാട്ടർ അതോറിറ്റിയുടെ മാർക്കറ്റ് നിരക്കിനേക്കാളും (വിവിധ വകുപ്പുകളുടെ LMR ലഭ്യമാണ്) വളരെ ഉയർന്ന മാർക്കറ്റ് നിരക്ക് ആണ് ഡാറ്റാ തയ്യാറാക്കുന്നതിനായി നഗരസഭയിൽ സ്വീകരിച്ചിട്ടുള്ളത്. നിലവിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ കുടിവെള്ള പദ്ധതികൾക്കായി High Density Poly Ethylene (PE ഗണത്തിൽ ഉൾപ്പെട്ടതും PE 80 മുതൽ PE 100 വരെ ഗ്രേഡ് ഉള്ളതുമായ പൈപ്പുകളാണ് HDPE പൈപ്പുകൾ) പൈപ്പുകൾ വൻതോതിൽ ഉപയോഗിക്കുന്നുണ്ടെങ്കിലും എല്ലാ ഇനം പൈപ്പുകളുടെയും കൃത്യമായ നിരക്ക് നിശ്ചയിച്ച് പ്രൈസ് സോഫ്റ്റ് വെയറിൽ (LSGD) ഉൾപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിലാണ് നഗരസഭ ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരമുള്ള നിരക്ക് നിർണ്ണയിക്കുന്നതിന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പരിഗണിച്ച മാനദണ്ഡങ്ങൾ വ്യക്തമല്ല. കേരള വാട്ടർ അതോറിറ്റിയിൽ HDPE പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് LMR അടിസ്ഥാനമാക്കി കൃത്യമായ നിരക്ക് നിർണ്ണയിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് നിർണ്ണയിച്ച നിരക്ക്, വാട്ടർ അതോറിറ്റി നല്കുന്ന നിരക്ക് എന്നിവ നഗരസഭ നല്കുന്ന നിരക്കുമായി താരതമ്യം ചെയ്താൽ HD പൈപ്പ് സ്ഥാപിക്കുന്നതിന് നഗരസഭ തലത്തിൽ തയ്യാറാക്കിയ നിരക്ക് വളരെ കൂടുതൽ ആണെന്നും ഇതു മൂലം **കരാറുകാർക്ക് നല്കുന്നത് വളരെ കൂടിയ തുകയാണെന്നും (ഇരട്ടിയോളം) കാണുന്നു**. കൂടാതെ പൈപ്പുകൾ പരസ്പരം യോജിപ്പിച്ച് സ്ഥാപിക്കുന്നതിന് തദ്ദേശ സ്ഥാപനതലത്തിൽ തയ്യാറാക്കിയ ഡാറ്റായിൽ വ്യക്തത ഇല്ലാത്തതും ആവശ്യമായ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തിയുള്ളതല്ലെന്നും വാട്ടർ അതോറിറ്റി തയ്യാറാക്കിയ ഡാറ്റാ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്.

PRICE 3 സോഫ്റ്റ്വെയറിൽ മിക്ക വകുപ്പുകളുടെയും LMR നിരക്ക് നിലവിൽ ലഭ്യമാണ്. HDPE പൈപ്പ് സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി നിരക്കും നഗരസഭ തയ്യാറാക്കിയ എസ്റ്റിമേറ്റിലെ നിരക്കുംതമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

ക്രമ നം	പൈപ്പ് ഇനം	വാട്ടർ അതോറിറ്റി LMR നിരക്ക്	നഗരസഭ വകയിരുത്തിയ നിരക്ക്	വ്യത്യാസം
1	90 Mm HD പൈപ്പ് (PE100) 10 Kg	223.30	497.00	273.70
2	63mm HD പൈപ്പ് (PE100) 10 Kg	109.03	244.00	134.97

വാട്ടർ അതോറിറ്റി LMR നിരക്കിന്റെ ഇരട്ടിതുക നഗരസഭ പ്രോജക്ടിന് വകയിരുത്തിയിട്ടുള്ളതായി കാണാവുന്നതാണ്. (പൊതുമരാമത്ത് വകുപ്പിന്റെ LMRൽ പൂർണ്ണമായ ഡാറ്റ ഉൾപ്പെടുത്തിയിട്ടില്ല). മുൻവർഷങ്ങളിലുൾപ്പെടെ ആവർത്തിക്കപ്പെടുന്ന വിഷയം ഭരണസമിതിയും എൽഎസ്ജിഡി എഞ്ചിനീയറിംങ് വിഭാഗവും ഗൗരവമായി പരിഗണിക്കേണ്ടതും എല്ലാ തരത്തിലുമുള്ള PE പൈപ്പുകളുടെയും ലോക്കൽ മാർക്കറ്റ് നിരക്ക് നിശ്ചയിച്ച് പ്രൈസ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ HDPE പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് നഗരസഭക്ക് അമിത ചെലവ് ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണെന്ന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

1-64 അങ്കണവാടി പോഷകാഹാര പദ്ധതി-കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

പ്രോജക്ട്	അങ്കണവാടി പോഷകാഹാര പദ്ധതി (S007/25)
അടങ്കൽ	131578/- (വികസന ഫണ്ട് പൊതു വിഭാഗം) 1168422/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 10,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ്	131578/- (വികസന ഫണ്ട് പൊതു വിഭാഗം) 1168422/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 0 (കേന്ദ്രാവിഷ്കൃത ഫണ്ട്)
ബിൽ നം&തീയതി	(107589/-)- 146/30.10.24 (22366/-)- 205/31.12.24 (1623/-)- 468/21.03.25
നിർവ്വഹണോദ്യോഗസ്ഥൻ	ഐ,സി.ഡി.എസ്. സൂപ്പർവൈസർ

അംഗൻവാടി പോഷകാഹാരം എന്ന പ്രോജക്ടിനായി (പ്രോ. നം. 7/25) കേന്ദ്രാവിഷ്കൃത ഫണ്ട് 10ലക്ഷം ഉൾപ്പടെ 2300000/- രൂപ വകയിരുത്തിയിരുന്നെങ്കിലും വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 13,00,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക കണക്കുകൾ (R11) പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട് 12,65,717/-രൂപ നഗരസഭയ്ക്ക് 2024-25 വർഷം ലഭിച്ചിരുന്നതായി കാണുന്നു. കൂടാതെ വാർഷിക കണക്കുകൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ചത് ഉൾപ്പെടെ നിലവിൽ 35,50,720/- കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത പ്രോജക്റ്റിനായി കേന്ദ്രാവിഷ്കൃത ഫണ്ട് 1000000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും അത് പ്രയോജനപ്പെടുത്താതെ വികസന ഫണ്ടും ധനകാര്യ കമ്മീഷൻ ഗ്രാന്റും മാത്രം ചെലവഴിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 19-02-2026- ലെ 19-ാം നം ഓഡിറ്റ് എൻകയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കേന്ദ്രാവിഷ്കൃത ഫണ്ട് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ടിലേയ്ക്കാണ് ലഭ്യമാകുന്നത് എന്നും ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് റിക്വിസിഷൻ നൽകുമ്പോൾ തനത് ഫണ്ടിൽ നൽകവാൻ ആവശ്യമായ ഫണ്ടില്ല എന്ന മറുപടിയാണ് ലഭിക്കുന്നത് എന്നും 2024-25 സാമ്പത്തിക വർഷം 2,56,960/- രൂപയുടെ ബിൽ അടുത്ത സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത് എന്നും മുൻ വർഷങ്ങളിലും കേന്ദ്രാവിഷ്കൃത ഫണ്ട് ലഭ്യമാകാത്തതിനാൽ പ്ലാൻ ഫണ്ട് ഉപയോഗിച്ചതിനുശേഷം ചെലവുകൾ അടുത്ത വർഷം പ്ലാൻഫണ്ടിൽ നിന്നുമാണ് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നതെന്നും അറിയിച്ചിരുന്നു. .ഈ പദ്ധതിയ്ക്കായി കേന്ദ്രവിഹിതമായി ലഭ്യമാകുന്ന തുക തനതുഫണ്ടിൽ നിക്ഷേപിക്കുന്നതിനാൽ, വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക നഗരസഭയുടെ ആവർത്തന ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്ന സാഹചര്യവും സംജാതമാകുന്നതാണ്. പൂരകപോഷകാഹാരവിതരണത്തിനായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ വകമാറ്റി ചെലവഴിക്കുന്ന നടപടി ഗുരുതരമായ ക്രമക്കേട് ആണ്. ആയതിനാൽ ഓരോവർഷവും പൂരകപോഷകാഹാരവിതരണത്തിനായി ലഭ്യമാകുന്ന തുക പ്രസ്തുത ആവശ്യത്തിന് തന്നെ വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും കേന്ദ്രവിഹിതമിനത്തിൽ അവശേഷിക്കുന്ന 35,50,720/- രൂപ (വാർഷിക ധനകാര്യ പത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരം) അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനും പോഷകാഹാരപരിപാടി നടത്തിപ്പിനും വേണ്ടി വിനിയോഗിക്കേണ്ടതുമാണ്.

1-65 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ വാഹനം - ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിയില്ല.

പ്രോജക്ട്	ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ വാഹനം (S0009/25)
അടങ്കൽ	135700 (വികസന ഫണ്ട് പൊതു വിഭാഗം)
ചെലവ്	118500
ബിൽ നം. & തീയതി	469/21-03-2025
നിർവ്വഹണോദ്യോഗസ്ഥൻ	ഐ,സി.ഡി.എസ് സൂപ്പർവൈസർ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ "ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയ വാഹനം" എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി ടെൻഡർ/ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക കോട്ട് ചെയ്ത ജൂബിലി ഓട്ടോമൊബൈൽസ് എന്ന സ്ഥാപനത്തിൽ നിന്നും "ഹീറോ ഡെസ്റ്റിനി പ്രൈം സ്കൂട്ടർ" എന്ന വാഹനം വാങ്ങി നൽകിയിട്ടുണ്ട്. മേൽ പ്രോജക്ട് പരിശോധിച്ചതിൽ വാഹനം നൽകിയ നന്ദകുമാർ ആർ. എന്ന ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസ്, വാഹനം ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ എന്നിവ

ഫയലിൽ ലഭ്യമല്ലാതിരുന്നതിനാൽ ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് **19-02-2026** ലെ 19-ാം നം ഓഡിറ്റ് എൻകൃയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വാഹനം നൽകിയ നന്ദകുമാർ.ആർ എന്ന ഗുണഭോക്താവിന് വാഹനം നൽകിയ സമയത്ത് ലേണേഴ്സ് ലൈസൻസ് (Licence No. KL35/0007566/2024 Dt.18/11/2024) ഉണ്ടായിരുന്നുവെങ്കിലും പിന്നീട് ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിക്കൊള്ളാം എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് വാഹനം നൽകിയതെന്നും എന്നാൽ വാഹന പരിശീലന സമയത്ത് അപകടം സംഭവിച്ചതിനാലാണ് ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കാതിരുന്നത് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കി ലൈസൻസ് ലഭിക്കാതെ വാഹനം ഉപയോഗിക്കുന്നത് ശരിയായ നടപടിയല്ല. ഗുണഭോക്താവ് ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കി ലൈസൻസ് രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ലഭ്യമാക്കുന്നത് വരെ 1,18,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-66 വൗച്ചറുകൾ മുഖേനയുള്ള ചെലവ് - അനുബന്ധവിവരങ്ങൾ പൂർണ്ണമല്ല.

നഗരസഭയിലെ 2024-25 വർഷത്തെ ചെലവ് രേഖകൾ കെ സ്മാർട്ട് സംവിധാനം മുഖേന പരിശോധിച്ചതിൽ ചെലവുകൾ സംബന്ധിക്കുന്ന അനുബന്ധരേഖകൾ മേൽ സംവിധാനത്തിൽ ലഭ്യമല്ലെന്ന് കാണുന്നു. വിശദാശംങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വൗച്ചർ നം/ തുക	ഫയൽ നം	ചെലവ് ഇനം	റിമാർക്ക്സ്
1	24000510/ 18.11.2024 – 40425/-	2105400-2024	നഗരസഭാ ലൈബ്രറിയിലെ തടി കസേരകൾ റിപ്പയർ	പ്രവൃത്തിയുടെ വാല്യുവേഷൻ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (31/21.02.2026) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിക്ക് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അനുമതി ലഭ്യമായിരുന്നതായി അറിയിച്ചുവെങ്കിലും മറുപടി സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. മുൻസിപ്പൽ ഫണ്ടിൽ നിന്നും നടത്തുന്ന ചെലവുകൾ സംബന്ധിച്ച് വൗച്ചറുകൾ, അനുബന്ധവിവരങ്ങൾ, ചെലവിന്റെ ആധികാരികത ഉറപ്പാക്കുന്നതിനുള്ള ഒടുക്കുവിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കെ സ്മാർട്ട് സംവിധാനത്തിൽ കൃത്യമായി അപ്ലോഡ് ചെയ്ത് ആധികാരികമാക്കുന്നില്ല. കോടതി വിധികളുടെ അടിസ്ഥാനത്തിൽ പെൻഷൻ, മറ്റു വിരാമ ആനുകൂല്യങ്ങൾ, കുടിശ്ശികകൾ എന്നിവ വിതരണം നടത്തുമ്പോൾ പെൻഷൻ പേയ്മെന്റ് ഉത്തരവുകൾ, പെൻഷറുടെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ തുടങ്ങിയവ നിലവിൽ കെ സ്മാർട്ട് സംവിധാനത്തിലില്ല. കെ സ്മാർട്ട് സംവിധാനത്തിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം GPAIS റിക്കവറിയായി 68000/- രൂപ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്തെങ്കിലും മേൽ തുക ഒടുക്ക് വരുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ പട്ടിക പ്രകാരമുള്ള 40,425/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-67 പങ്കാളിത്ത പെൻഷൻ പദ്ധതി - ജീവനക്കാരുടെ വിഹിതവും സ്ഥാപന വിഹിതവും ഒടുക്കുന്നില്ല.

(ഫയൽ നം 1271804-2024)

2013 ഏപ്രിൽ 1 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടെ കേരള സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകം. ഇത് സംബന്ധിച്ച 07.01.2013 ലെ സ ഉ (അ) 20/2013 ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായ ഒരു ജീവനക്കാരൻ തന്റെ ഒരു മാസത്തെ അടിസ്ഥാന ശമ്പളം,ക്ഷമാബത്ത എന്നിവ ഉൾപ്പെട്ട തുകയുടെ 10% പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. ടി ജീവനക്കാരൻ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം തത്തുല്യമായ തുകയും ജീവനക്കാരന്റെ പേരിലുള്ള പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. പാലാ നഗരസഭയിൽ 37 ജീവനക്കാരാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. 2024-25 വർഷത്തെ ഒടുക്ക് വിശദാംശങ്ങൾ (കെ സ്മാർട്ട്, എൻ പി എസ് രജിസ്റ്റർ എന്നിവയിൽ നിന്ന് ശേഖരിച്ചതിൻ പ്രകാരം) ചുവടെ ചേർക്കുന്നു.

ക്രമ നം	മാസം	തുക	ഒടുക്ക് വരുത്തിയ തീയതി/ വിവരം
1	04/24	233906	10/09/2024 – CTOOHZQOT6
2	05/24	234798	10/09/2024 – CTOOHZQXK2
3	06/24	238250	19/03/2025 – CNRB2025 – 6669484
4	07/24	245920	19/03/2025 – CNRB2025 – 6669484
5	08/24	252870	19/03/2025 – CNRB2025 – 6669484
6	09/24	259776	19/03/2025 – CNRB2025 – 6669484

7	10/24	251398	28/06/2025 – CTOORXXRZ4
8	11/24	248566	28/06/2025 – CTOORXXRZ4
9	12/24	250452	19/12/2025 – CTOOYHPMJ0
10	01/25	256302	19/12/2025 – CTOOYHPOB0
11	02/25	128330 (ജീവനക്കാരുടെ വിഹിതം)	ഒടുക്കു വരുത്തിയിട്ടില്ല
12	03/25	132026 (ജീവനക്കാരുടെ വിഹിതം)	ഒടുക്കു വരുത്തിയിട്ടില്ല

മേൽ ജീവനക്കാരുടെ രണ്ട് വിഹിതങ്ങളും 2025 ഫെബ്രുവരി മുതൽ ഒടുക്കുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (49/25.02.2026) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ എൻ പി എസ് വിഹിതം ഒടുക്കു വരുത്തയിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കിയില്ല. മേൽ വിവരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. നഗരസഭ നേരിടുന്ന പൊതു സാമ്പത്തിക പ്രതിസന്ധിയാണ് പെൻഷൻ വിഹിതങ്ങൾ ഒടുക്കാതിരിക്കുന്നതിന് കാരണമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. സമയബന്ധിതമായി എൻ. പി. എസ്. വിഹിതം ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരിക്കുന്നതു മൂലം ഭാവിയിൽ ജീവനക്കാരനുണ്ടാകാവുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുമെന്ന് സ. ഉ. നം. 75/2022/ധന തീയതി 03.03.2022 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പെൻഷൻ വിഹിതം കൃത്യസമയത്ത് ഒടുക്കവരുത്താതിരിക്കുന്നത് ജീവനക്കാർക്ക് മേൽ പെൻഷൻ പദ്ധതിയിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ സ്ഥിരനഷ്ടമായ സ്ഥിതി സംജാതമാക്കിയിരിക്കുന്നു. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തര ശ്രദ്ധക്ഷണിക്കുന്നു.

1-68 ലൈബ്രറി സെസ്സ് ഒടുക്കുന്നില്ല

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥ ശാലാസംഘം) ആക്ട്-1989 ലെ വകുപ്പ് 48(1) പ്രകാരം വസ്തുനികുതിയോടൊപ്പം ഈടാക്കുന്ന ലൈബ്രറി സെസ്സ് സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കണം. 29-12-2000 ലെ സർക്കുലർ നം. 17263/എൽ3/99/LSGD പ്രകാരം ഓരോ അർദ്ധവർഷവും പിരിക്കുന്ന ലൈബ്രറി സെസ്സ് അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം ഈടാക്കിയ തുക ഒടുക്കാതെ വന്നാൽ അത് നൽകേണ്ട തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം പിഴപ്പലിശ സഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനം ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. നഗരസഭ പിഴപ്പലിശ നൽകേണ്ടി വരുന്നതിന് സെക്രട്ടറിക്കും ചെയർപേഴ്സണും കൂട്ടുത്തരവാദിത്തം ഉണ്ടായിരിക്കുന്നതും ടി തുക വ്യക്തിപരമായ ബാധ്യതയായി അവരിൽ നിന്ന് ഈടാക്കേണ്ടതുമാണ്. പാലാ നഗരസഭയിലെ ലൈബ്രറി സെസ്സ് കൃത്യമായി ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നില്ല. 2024-25 വർഷത്തിൽ ടി തുക ഒടുക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ച് ദൈനംദിന ചെലവുകൾക്ക് വിനിയോഗിക്കുന്നു. ലൈബ്രറി സെസ്സ് നിക്ഷേപിക്കാൻ തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ ടി തുക നിക്ഷേപിക്കാതെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം 8,234,642/- രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ ബാധ്യതയായുണ്ട്. നാളിതുവരെ അടവാക്കാനുള്ള ലൈബ്രറി സെസ്സ് തുക കണക്കാക്കി അടിയന്തരമായി സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കിയ ശേഷം കൈപ്പറ്റ് രസീത് ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടി നൽകേണ്ടതാണ്.

1-69 പി.എം.എ.വൈ. പദ്ധതി - അവലോകനം

കുടുംബശ്രീ ഏക്സിക്യൂട്ടീവ് ഡയറക്ടറുടെ 22-10-2023 ലെ 1/100485/2023 നം. നടപടിക്രമം പ്രകാരം ഡി.പി.ആർ. 10 ൽ പാലാ നഗരസഭയിലെ 18 ഗുണഭോക്താക്കളാണ് പി.എം.എ.വൈ. ഭവന പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്. ഇതിൽ 12 ഗുണഭോക്താക്കൾ 2024-25 വർഷം കരാർ ചമച്ചു(10 ജനറൽ, 2 SC). ഹെൽത്ത് ഓഫീസർ നടപ്പാക്കിയ 372/25 നം. പ്രോജക്ട് പകാരം വികസന ഫണ്ട്(ജനറൽ) ഫണ്ടിൽ നിന്ന് 20.8 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീയിൽ നിന്ന് 14.2 ലക്ഷം രൂപ സെൻട്രൽ-സ്റ്റേറ്റ് ഷെയറും ലഭിച്ചത് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സെൻട്രൽ-സ്റ്റേറ്റ് ഷെയർ ചെലവ് നഗരസഭയുടെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഡി.പി.ആർ. 10 ലെ ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവ് മാത്രം അഡ്വാൻസ് തുക കൈപ്പറ്റി ഭവന നിർമ്മാണ പുരോഗതിയില്ലാതെ തുടരുന്നുണ്ട്.

ഗുണഭോക്താവിന്റെ പേര്	വാർഡ്	കൈപ്പറ്റിയ തുക
തോമസ് ഒ. എ., ഓടയ്ക്കാലിൽ, പാലാ	V	40,000/-, 26-09-2024

പി.എം.എ.വൈ. അകൗണ്ടന്റ്സ് രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ പൂർണ്ണമായ വിവരങ്ങൾ ചേർക്കാതെയാണ് സൂക്ഷിക്കുന്നത്. ഓരോ ഗഡുക്കളും നൽകുന്നത് ഫണ്ടിനം രേഖപ്പെടുത്തുന്നില്ല. വീട് പൂർത്തിയായതിന്റെ വിവരം ചേർത്ത് ഹെൽത്ത് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. ഗുണഭോക്താക്കളുടെ വിവരം കൃത്യമായി ഇൻഡെക്സും ചേർക്കുന്നില്ല. ഗുണഭോക്താവിന്റെ ഭവനനിർമ്മാണ പുരോഗതിയിലെ അപാകതയ്ക്കും രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതയ്ക്കും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 55/2024-25/25-02-2026) നൽകിയതിന് മറുപടി

ലഭിച്ചില്ല. മേൽപറഞ്ഞ ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിച്ച് തുടർന്നുള്ള ഗഡുക്കൾ അനുവദിക്കേണ്ടതാണ്. പ്രോജക്ട് അകൗിറ്റൻസ് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ചേർത്ത് ഹെൽത്ത് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ വിവരങ്ങൾ പ്രിന്റ് ചെയ്ത PMAY രജിസ്റ്റർ ലഭ്യമാക്കി ഉപയോഗിക്കാനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

1-70 അമൃത് 2.0 ജലശക്തി അഭിയാൻ പദ്ധതി - അവലോകനം

(ഫയൽ നം 745617-2024)

നഗരപ്രദേശങ്ങളിൽ മതിയായ മലിനജല നിർമ്മാർജ്ജന ശൃംഖലകളും ജലവിതരണവും ഉറപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 2015-ൽ ആരംഭിച്ചതാണ് കേന്ദ്രാവിഷ്കൃതമായ അമൃത് പദ്ധതി. (നിശ്ചിത ശതമാനം സംസ്ഥാന-നഗരസഭാ വിഹിതം ഉൾപ്പടെ)

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിവിധ നഗരങ്ങളിലുള്ള ജലവിതരണത്തിലും മലിനജല നിർമ്മാർജ്ജനത്തിനും AMRUT (അടൽ മിഷൻ ഫോർ റെജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ) പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കാനുള്ള ചുമതല കേരള ജല അതോറിറ്റിക്കാണ്. പാലാ നഗരസഭയിൽ ജലവിതരണത്തിലും മലിനജല നിർമ്മാർജ്ജനത്തിനുമായി 4.96 കോടി രൂപയ്ക്കും (24-11-2022 ലെ സ ഉ (സാധാ) 2906/2022/തസ്വഭവ ഉത്തരവ്) 1.31 കോടി രൂപയ്ക്കുമായി (22.11.2024 ലെ സ ഉ (സാധാ) 2263/2024/ തസ്വഭവ ഉത്തരവ്) കേരള ജല അതോറിറ്റി സമർപ്പിച്ച പദ്ധതി രേഖയ്ക്ക് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. അമൃത് മിഷന്റെ മേൽനോട്ടത്തിൽ 2024-25 കേരള ജല അതോറിറ്റി ജലവിതരണവുമായി ബന്ധപ്പെട്ട പവൃത്തികൾ നടപ്പാക്കി അമൃത് മിഷൻ മുഖേന ബില്ലുകൾ അംഗീകരിച്ച് ബിംസ് മുഖേന തുക അനുവദിക്കുമ്പോൾ ടി തുക അതോറിട്ടിക്ക് മുൻസിപ്പാലിറ്റിയിൽ നിന്നും അനുവദിച്ച് നൽകുന്നതാണ് നിലവിൽ അനുവർത്തിച്ച് വരുന്നതെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (10/18.02.2026) ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ അറിയിച്ചു. ഓഡിറ്റ് വർഷം 10000000/- രൂപ ഇത്തരത്തിൽ ബിൽ മുഖേന കൈമാറിയിട്ടുണ്ട് (28.03.2025 ലെ പി ഡബ്ലയു 3 797459/25 നമ്പർ നടപടിക്രമങ്ങൾ). ഇത് കൂടാതെ 1070000/- (വൗച്ചർ നം 40/03/2025 പ്രോജക്ട് നം 156/25 അമൃത് പദ്ധതിക്ക് തുക വകയിരുത്തൽ) മേൽ പദ്ധതിക്കായി കേരള വാട്ടർ അതോറിട്ടിക്ക് നഗരസഭാ വിഹിതമായി ധനകാര്യകമ്മീഷൻ ടൈഡ് ഫണ്ടിൽ നിന്നും കൈമാറിയിട്ടുണ്ട്. പദ്ധതി പ്രകാരം നാളിതുവരെ 230 പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും 70% പ്രവൃത്തി പൂർത്തീകരിച്ചതായും കേരള വാട്ടർ അതോറിട്ടി അസി. എഞ്ചിനീയർ ഫോൺ മുഖേന അറിയിച്ചതായി നഗരസഭ അറിയിച്ചു. പ്രവൃത്തിയുടെ മോണിട്ടറിംഗിനായി 28.04.2025 ലെ പിഡബ്ല്യൂ 3-15733/21 ഉത്തരവ് പ്രകാരം കൺവർജൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും 30.10.2025 ൽ കമ്മിറ്റി അവലോകനം നടത്തിയതായും കാണുന്നു. പദ്ധതി വിജയകരമായി നടപ്പാക്കുന്നുവെന്ന് കൺവർജൻസ് കമ്മിറ്റി ഭൗതിക പരിശോധനയുടെ അടിസ്ഥാനത്തിൽ ഉറപ്പുവരുത്തേണ്ടതും ആയത് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ അമൃത് പദ്ധതിയെ എൻ യു എൽ എം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്ന അമൃത് മിത്ര പദ്ധതിയുടെ ഭാഗമായി 2 കുടുംബശ്രീ അംഗങ്ങളെ കേരള വാട്ടർ അതോറിട്ടിയുടെ മീറ്റർ റീഡിങ്ങിനായി തെരെഞ്ഞെടുത്തിട്ടുള്ളതും ആയതിനുള്ള പരിശീലനം 03.02.2026 ൽ ആരംഭിച്ചിട്ടുള്ളതുമാണെന്ന് നഗരസഭ അറിയിച്ചു. പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ കുമാരനാശാൻ പാർക്ക് നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ ആരംഭിച്ചതായി എഞ്ചീനീയറിംഗ് വിഭാഗം അറിയിച്ചു.

1-71 ദേശീയനഗര ഉപജീവനമിഷൻ (എൻ.യു.എൽ.എം) പദ്ധതി നിർവ്വഹണം - അവലോകനം

(ഫയൽ നം 2818956-2024)

2024-25 വർഷത്തിൽ എൻ.യു.എൽ.എം (National Urban Livelihood Mission)പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

പ്രാരംഭബാക്കി	0
വരവ്	732767/-
ആകെ	732767/-
ചെലവ്	732767/-
നീക്കിയിരിപ്പ്	0

സിറ്റിമിഷൻ മാനേജർ, കമ്മ്യൂണിറ്റി ഓർഗനൈസർ, മൾട്ടിടാസ്ക്ക് പേഴ്സണൽ എന്നീ ജീവനക്കാരുടെ ശമ്പളം ,ലീവ് സറണ്ടർ, ഉത്സവബത്ത എന്നീ ഇനങ്ങളിൽ 728567/- രൂപയും റിവോൾവിംഗ് ഫണ്ടിനത്തിൽ 4200/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വരവ് ചെലവ് കണക്കുകൾ കാനറാബാങ്കിലുള്ള പ്രത്യേക അക്കൗണ്ട് മുഖാന്തിരമാണ് നടത്തുന്നത് (അക്കൗണ്ട് നമ്പർ 110006089777 കാനറാ ബാങ്ക് പാലാ). മേൽ ഇനങ്ങളിലും 732767/- രൂപയുടെ വരവ് ചെലവ് കണക്കുകൾ കാഷ്ബുക്കിലും രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25 വർഷം മേൽ പദ്ധതി പ്രകാരം നഗരസഭയിൽ നടത്തിയ പ്രവർത്തനങ്ങൾ

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (13/18.02.2026) ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

1.നഗരപരിധിയിൽ വഴിയോരക്കച്ചവടം ചെയ്യുന്നുവർക്ക് ബാങ്കുമായി ബന്ധപ്പെടുത്തി Prime Ministers Street Vendors Atmanirbhar (PMSVA Nidhi) പദ്ധതി പ്രകാരം പലിശയിളവോടെ വായ്പ നൽകൽ. 301 ഗുണഭോക്താക്കൾക്ക് നാളിതുവരെ വായ്പ നൽകി.

2.PMSVA Nidhi പദ്ധതി പ്രകാരം വായ്പ എടുത്തിട്ടുള്ളവരെയും അവരുടെ കുടുംബാഗങ്ങളേയും ഉൾപ്പെടുത്തി സോഷ്യോ ഇക്കണോമിക് പ്രൊഫൈലിംഗ് പൂർത്തീകരിച്ച് അർഹമായ വിവിധ ക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തുന്ന പ്രവർത്തനം. നിലവിൽ 208 ഗുണഭോക്താക്കളുടെ പ്രൊഫൈലിംഗ് പൂർത്തികരിച്ചു.

3.സ്വാനിധി സെ സമൃദ്ധി പദ്ധതിയുടെ ഭാഗമായി ലോക് കല്യാൺ മേള നഗരസഭയിൽ സംഘടിപ്പിക്കുകയും 22 ഗുണഭോക്താക്കൾക്ക് FSSAI പരിശീലനം ലഭ്യമാക്കുകയും ചെയ്തു..PMSVA Nidhi ഗുണഭോക്താക്കൾക്ക് പോസ്റ്റ് ഓഫീസുമായി സഹകരിച്ച് ഡിജിറ്റൽ പേയ്മെന്റ് അക്ടിവേഷൻ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

4.മോഡൽ സി ഡി എസ്സ് ക്യാമ്പയിനുമായി ബന്ധപ്പെട്ട് സി ഡി എസ്സ് ഓഫീസ് നവീകരണം , അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ,വിഷൻ ബിൽഡിംഗ് പരിശീലനം,വിഷൻ ഡോക്കുമെന്റ് തയ്യാറാക്കൽ പ്രവർത്തനങ്ങൾ.

5. PMSVA Nidhi ഗുണഭോക്താക്കൾക്കുള്ള ക്രെഡിറ്റ് കാർഡ് സ്കീം പ്രവർത്തനങ്ങൾ.

ഇത് കൂടാതെ പദ്ധതി പ്രകാരം നഗരസഭയിൽ 52 അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നതിൽ 38 അയൽക്കൂട്ടങ്ങൾക്ക് 10000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്.

റിവോൾവിംഗ് ഫണ്ട്, ലിങ്കേജ് വായ്പകൾ സി.ഡി.എസ് മോണിട്ടർ ചെയ്യുന്നതിന്റെ രജിസ്റ്റർ , മോണിട്ടറിംഗ് റിപ്പോർട്ട്, ഫയലുകൾ, ലോൺ യഥാസമയം അടവാക്കാത്ത അയൽകൂട്ടങ്ങളിൽ നിന്ന് ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ ഓഡിറ്റിൽ ലഭ്യമായില്ല. PMSVA Nidhi പോർട്ടൽ വഴിയാണ്

മിഷനുമായി ബന്ധപ്പെട്ട പവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

രേഖകളുടെ സൂക്ഷിപ്പിലെയും സാമ്പത്തിക ഇടപാടുകളിലെയും അപാകതകൾ മൂലം പദ്ധതി പ്രകാരമുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഓഡിറ്റിൽ കൃത്യമായി അപഗ്രഥിക്കാൻ സാധിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ദേശീയ നഗര ഉപജീവന മിഷന്റെ കീഴിൽ കുടുംബശ്രീ നടപ്പിലാക്കി വരുന്ന നഗര ഉപജീവന പദ്ധതിയുടെ ഭാഗമായി പാലാ നഗരസഭയിൽ നഗര ഉപജീവനകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. മുനിസിപ്പൽ മാർക്കറ്റ് കോപ്ലക്സിലെ എഫ്.1-Xx/99 നമ്പർ മുറിയാണ് നഗര ഉപജീവനകേന്ദ്രമായിട്ട് പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ 10 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി 3 ലക്ഷം രൂപ എൻ.യു.എൽ.എം. ഉപജീവനകേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ആദ്യ ഗഡുവായി ലഭിച്ച 3 ലക്ഷം രൂപ കേന്ദ്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനായാണ് വിനിയോഗിച്ചിട്ടുള്ളത്. (ഓഫീസ് നവീകരണം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫർണീച്ചർ എന്നിവ വാങ്ങൽ). നഗരത്തിലെ പാവപ്പെട്ടവർ നടത്തുന്ന തൊഴിൽ സംരംഭങ്ങളിലെ ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും സാധ്യമാക്കുക,ദരിദ്രർക്ക് നൽകാൻ കഴിയുന്ന സേവനങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന കേന്ദ്രമായി പ്രവർത്തിക്കുക,ഉത്പന്നങ്ങളുടെ വിപണന സാധ്യത ഗുണഭോക്താക്കൾക്ക് മനസിലാക്കിക്കൊടുക്കുകയും വിപണന സംവിധാനങ്ങളുമായി കണ്ണിചേർക്കുകയും ചെയ്യുക,ഉത്പന്നങ്ങൾ ആകർഷകമായി പായ്ക്ക് ചെയ്ത് വിപണനം ചെയ്യുവാൻ വേണ്ട പരിശീലനം നൽകുക,നഗരപ്രദേശത്തെ പാവപ്പെട്ട തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കൊടുക്കുക,നഗര ഉപജീവന ഗുണഭോക്താക്കൾ നടത്തുന്ന സംരംഭങ്ങൾക്ക് വേണ്ട വിവിധ ലൈസൻസുകൾ വാങ്ങി നൽകുക, സൂക്ഷിക്കേണ്ട പ്രധാന രേഖകളെക്കുറിച്ചും വിവിധ നികുതികളെക്കുറിച്ചും അറിവുകൾ നൽകുക,തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി 2018-19 കാലയളവിൽ ആരംഭിച്ച നഗര ഉപജീവന കേന്ദ്രം നിലവിൽ പ്രവർത്തനം നിലച്ച സ്ഥിതിയിലാണെന്ന് ഇത് സംബന്ധിച്ച എൻകൗയറിക്ക് (13/18.02.2026) ലഭ്യമാക്കിയ മറുപടിയിൽ സിറ്റി മിഷൻ മാനേജർ അറിയിച്ചു. നഗര ഉപജീവന കേന്ദ്രം ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിന് ഉചിതമായ നടപടിക്രമങ്ങൾ ഭരണസമിതി സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-72 കെ-സ്മാർട്ട് - അവലോകനം

നഗരസഭകളിൽ 2023 ജനുവരിയിൽ കെ-സ്മാർട്ട് സോഫ്റ്റ് വെയർ പ്രവർത്തനം ആരംഭിച്ചിരുന്നെങ്കിലും 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക സാംഖ്യ മുഖേനയാണ് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിരുന്നത്. 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പൂർണ്ണമായും കെ-സമാർട്ട് വഴി തയ്യാറാക്കിയാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. ഫയൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പതിനായിരത്തോളം

ഫയലുകൾ പാലാ നഗരസഭയിൽ 2024-25 വർഷത്തിൽ കെ-സ്മാർട്ട് സോഫ്റ്റ് വെയർ മുഖേന കൈകാര്യം ചെയ്തിട്ടുണ്ട്. കെ- സ്മാർട്ട് സോഫ്റ്റ് വെയറിൽ നിലവിൽ ഓഡിറ്റർ ലോഗിനിൽ ലഭ്യമായ മൊഡ്യൂളുകൾ / ഫയലുകൾ ഓഡിറ്റ് വേളയിൽപരിശോധിച്ചതിൻ പ്രകാരം ശ്രദ്ധയിൽപ്പെട്ട സോഫ്റ്റ് വെയറിലെ അപാകതകൾ, മറ്റ് വിഷയങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സിസ്റ്റം

കെ- സ്മാർട്ട് സോഫ്റ്റ് വെയറിലെ പ്രധാനപ്പെട്ട മൊഡ്യൂൾ, മറ്റ് മൊഡ്യൂളുകൾ എല്ലാം ഫയൽ മാനേജ്മെന്റ് മൊഡ്യൂളുമായി ബന്ധപ്പെട്ടിരിക്കുന്നു . വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ഫയൽ നീക്കം ടി മൊഡ്യൂൾ വഴിയാണ് നടപ്പാകുന്നത്. ഓഡിറ്റ് ലോഗിനിൽ സെർച്ച് ഫയൽ, റിപ്പോർട്ടുകൾ എന്നിവയുൾപ്പെടെ അഞ്ചോളം കാർഡുകൾ ഈ മൊഡ്യൂളിനു കീഴിൽ ലഭ്യമാണ്. സെർച്ച് ഫയൽ എന്ന ഓപ്ഷൻ മുഖേന ഫയൽ നമ്പർ മുഖേനയും, അപേക്ഷകന്റെ പേര്, തീയതി എന്നീ വിവരങ്ങൾ മുഖേനയും ഫയലുകൾ തിരയാൻ സാധിക്കുന്നുണ്ട്. വിവിധ ഫയലുകൾ ടി മൊഡ്യൂൾ മുഖേന പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പൂർണ്ണമല്ല.

ഉദാ. ഫയൽ നം. 1028543-2024 ജീവനക്കാരുടെ പി.എഫ് റിക്കവറിയുമായി ബന്ധപ്പെട്ട ഫയലിൽ, തുക റിക്കവറി ചെയതതിന്റെ വിവരങ്ങൾ ലഭ്യമാണെങ്കിലും തുക ഒടുക്കു വരുത്തിയതിന്റെ വിവരങ്ങൾ മാനവൽ ഫയലായി സൂക്ഷിച്ചിരിക്കുകയാണ്. തുക റിക്കവറി ചെയ്യുന്നത് മുതൽ ഒടുക്ക് വരുത്തുന്നത് വരെയുള്ള വിവരങ്ങൾ കെ-സ്മാർട്ട് ഫയലിൽ ലഭ്യമാകുന്ന വിധത്തിൽ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്. ജി.ഐ.എസ്,എസ്.എൽ.ഐ എന്നിവയുടെ റിക്കവറി സംബന്ധിച്ച വൗച്ചറുകളിലും സമാന അപാകത ഉണ്ട്.

2.) നോട്ട് ഫയലിൽ നോട്ട് രേഖപ്പെടുത്തുന്നതിന് പകരം നോട്ട് പേപ്പറിൽ രേഖപ്പെടുത്തി ഫോട്ടോ എടുത്ത ശേഷം ഡോക്യുമെന്റായി അറ്റാച്ച് ചെയ്യുന്നു. (ഉദാ. 1224190-2024 അതിതാപന ക്രിമറ്റോറിയത്തിന്റെ വൈദ്യുതി ചാർജ്ജുമായി ബന്ധപ്പെട്ട ഫയൽ) നോട്ട് ചേർക്കാൻ പ്രത്യേക സംവിധാനമുള്ളപ്പോൾ നോട്ട് ഫോട്ടോ ആയി അപ്ലോഡ് ചെയ്യുന്ന പ്രവണത സിസ്റ്റം ലോഡ്, സെർവ്വർ യൂട്ടിലൈസേഷൻ എന്നിവ വർദ്ധിക്കുന്നതിന് കാരണമാകും. ഇത് കെ-സ്മാർട്ട് പോലെയുള്ള ഒരു കേന്ദ്രീകൃത സൈറ്റിന്റെ ലാറ്റൻസി (സെർവർ ഒരു അഭ്യർത്ഥനയോട് (Request) പ്രതികരിക്കുന്നതിനുള്ള താമസം) വർദ്ധിക്കുകയും ഭാവിയിൽ വെബ്സൈറ്റിന്റെ വേഗത കുറയുന്നതിനു(Lag) കാരണമാവുകയും ചെയ്യും . ഫോട്ടോ/ഡോക്യുമെന്റ് അപ്ലോഡ് ചെയ്യേണ്ട സാഹചര്യത്തിൽ മാത്രം ആയത് അപ്ലോഡ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതും നോട്ട് രേഖപ്പെടുത്തേണ്ട സാഹചര്യത്തിൽ ടൈപ്പ് ചെയ്ത് തന്നെ ചേർക്കേണ്ടതുമാണ്.

3.) ഫയൽ നമ്പർ/അനുബന്ധ വിവരങ്ങൾ ലഭ്യമാക്കി ഫയൽ സെർച്ച് ചെയ്ത് ലഭ്യമാക്കിയാണ് ഫയൽ പരിശോധിക്കാൻ സാധിക്കുന്നത്, ഇപ്രകാരം ഫയലുകൾ പരിശോധിക്കുമ്പോൾ ഹോം സ്ക്രീനിലേക്ക് തിരികെ പോകേണ്ടി വരുന്നത് കാലതാമസ്സം സൃഷ്ടിക്കുന്നുണ്ട്, ഫയലുകളിലേക്ക് നേരിട്ട് പ്രവേശിക്കുന്നതിനുള്ള ലിങ്ക് ലഭ്യമാക്കുന്നത് പരിശോധന കൂടുതൽ സുഗമമാക്കുന്നതിന് സഹായകമാണ്.

4.) ഫയൽ സെർച്ച് ഓപ്ഷനിൽ അക്കൌണ്ട് ഹെഡ് ഒരു സെർച്ച് ക്രൈറ്റീരിയായി ഉൾപ്പെടുത്തുന്നത് ഉചിതമാണ്.

ഫിനാൻസ് മാനേജ്മെന്റ് മൊഡ്യൂൾ

ഫിനാൻസ്, രസീത് സെർച്ച്, പെയ്മെന്റ് സെർച്ച് എന്നീ മൊഡ്യൂളുകൾ ഉൾപ്പെടുന്നു. ഫിനാൻസ് ടാബിൽ ക്യാഷ് ബുക്ക്, ഡേ ബുക്ക്, റിക്കൺസിൽ റിപ്പോർട്ട്, ലെഡ്ജർ തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്.

1.) 2007 കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 57 ൽ പരാമർശിച്ചിരിക്കുന്ന പകാരം റിക്കൺസിലിയേഷൻ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, പൊരുത്തപ്പെടുത്തൽ നടത്തിയ ചെക്കുകളുടെ / ഇൻസ്ട്രമെന്റുകളുടെ വിശദാംശങ്ങൾ ടി റിപ്പോർട്ടിൽ നിന്നും ലഭ്യമല്ല. (ഖണ്ഡിക 1- കാണുക).

2.) നിലവിൽ നഗരസഭ മറ്റിടപാടുകൾ നടത്താത്തതും, നിർജ്ജീവമായതുമായ അക്കൌണ്ടുകൾ കെ-സ്മാർട്ടിൽ ഫിനാൻസ് മൊഡ്യൂളിൽ നിലനിർത്തിയിട്ടുണ്ട്.

3.) 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 19 ലെ വ്യവസ്ഥകൾ പ്രകാരം ചെക്ക് മുഖേന വരവ് തുകകൾ സ്വീകരിക്കുമ്പോൾ സബ്ജക്ട് ടു റിയലൈസേഷൻ എന്ന വിവരം രേഖപ്പെടുത്തേണ്ടതും ഔട്ട് സ്റ്റേഷൻ ചെക്കുകൾ ബാങ്ക് ചാർജ്ജുകൾ ബാധകമാണെന്ന വ്യവസ്ഥയിൽ സ്വീകരിക്കേണ്ടതും, ചെക്ക് റീസീവ്ഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. കെ-സ്മാർട്ടിൽ നിലവിൽ ചെക്ക് മുഖേന ലഭിക്കുന്ന തുകകൾക്ക് നൽകുന്ന രസീതുകളിൽ ചട്ട പ്രകാരമുള്ള വ്യവസ്ഥ രേഖപ്പെടുത്തുന്നില്ല. ചെക്ക് റിസീവ്ഡ് രജിസ്റ്റർ ബാങ്കുകളുടെ അടിസ്ഥാനത്തിൽ ലഭ്യമാണെങ്കിലും, ചെക്കുകൾ നിക്ഷേപിക്കപ്പെടുന്ന ബാങ്കുകളുടെ രജിസ്റ്ററിൽ ഉൾപ്പെടുന്നതിന് പകരം മറ്റ് ബാങ്കുകളുടെ ചെക്ക് റീസീവ്ഡ് രജിസ്റ്ററിൽ ഉൾപ്പെടുന്ന സാഹചര്യം ഉണ്ട്.

ഉദാഹരണം. ലഭിച്ച 23,750/- രൂപയുടെ **4167644/02.08.2024** നമ്പർ ചെക്ക് എസ്.ബി.ഐ. ഇ-പെയ്മെന്റ് അക്കൌണ്ടിൽ നിക്ഷേപിച്ചതായാണ് പ്രസ്തുത അക്കൌണ്ടിന്റെ ചെക്ക് റീസീവ്ഡ് രജിസ്റ്ററിൽ

രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കാനറാ ബാങ്ക് ഇ-പോസ് അക്കൌണ്ടിലാണ് ടി തുക ക്രഡിറ്റായിരിക്കുന്നത്, മറ്റൊരു അക്കൗണ്ടിലാണ്. ആയത് ഡേറ്റാ എൻട്രിയിലെ അപാകതയാണോ, സോഫ്റ്റ് വെയർ അപാകത ആണോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. ചെക്ക് റീസീവ്ഡ് രജിസ്റ്ററിൽ ഡേറ്റ് ഓഫ് ക്ലിയറൻസ് എന്ന കോളം ഉണ്ടെങ്കിലും തീയതി രേഖപ്പെടുത്തുന്നില്ല. ചെക്ക് അക്കൌണ്ടിൽ ക്രഡിറ്റായ തീയതികൾ രേഖപ്പെടുത്തുന്നതിന് അക്കൌണ്ടന്റ് / ക്ലർക്ക് ലോഗിനുകളിൽ ഓപ്ഷനുകൾ ഉണ്ടെങ്കിൽ ആയത് പ്രയോജനപ്പെടുത്തുന്നത് ചെക്ക് ക്രഡിറ്റാകാത്ത സാഹചര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും റിക്കൺസിലിയേഷൻ വേളയിലും സഹായകമാണ്.

4.) ചെക്ക് സ്വീകരിക്കുമ്പോൾ കെ-സ്മാർട്ടിൽ ചെക്ക് നമ്പർ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ചെക്ക് റീസീവ്ഡ് രജിസ്റ്റർ പരിശോധിച്ചതിൽ ചെക്ക് തുക തന്നെ ചെക്ക് നമ്പർ ആയി ഉൾപ്പെടുത്തിയിരിക്കുന്നിതിനാൽ ലഭിച്ച തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

തുക ഒടുക്കിയ വ്യക്തി /സ്ഥാപനം	ചെക്ക്നം.	തീയതി	ബാങ്ക് അക്കൌണ്ട് നം.	തുക
KERALA WATER AUTHORITY	35000	11-03-2025	110169667780	35000
L I C Of India Pala	36250	28-08-2024	110169667780	36250
NEW INDIA ASSURANCE COMPANY	6250	24-02-2025	110169667780	6250
Manager , S B I , Pala	7000	17-02-2025	110169667780	7000
Manager	18500	27-02-2025	110169667780	18500

5.)രസീതുകൾ അതാത് ദിവസങ്ങളിൽ മാത്രമാണ് നിലവിൽ ക്യാൻസൽ ചെയ്യാൻ സാധിക്കുന്നത്. ചെക്ക് മുഖേന തുകകൾ സ്വീകരിക്കുകയും ചെക്ക് മടങ്ങുകയും ചെയ്യുന്ന സാഹചര്യത്തിൽ 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20 വ്യവസ്ഥ ചെയ്യുന്നത് പകാരം രസീത് ക്യാൻസൽ ചെയ്യേണ്ടതുണ്ട്. എന്നാൽ ചെക്ക് ബാങ്കിൽ നിക്ഷേപിച്ച ശേഷം മടങ്ങുന്ന സാഹചര്യത്തിൽ ഒരു പ്രവൃത്തി ദിവസത്തിന്റെയെങ്കിലും കാലതാമസ്സം വരുമെന്നതിനാൽ നിലവിൽ ഇത്തരത്തിലുള്ള രസീതുകൾ ക്യാൻസൽ ചെയ്യുന്നതിന് സാധിക്കുന്നില്ല (ഖണ്ഡിക 1-) കാണുക. വിഷയത്തിൽ ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6.) കെ- സ്മാർട്ടിൽ നിന്നും ലഭിക്കുന്ന പ്രതിമാസ വൌച്ചർ പട്ടിക പൂർണ്ണമല്ല

ഉദാ.

01/2025 മാസത്തിലെ നഗരസഭ സൂക്ഷിച്ചിരിക്കുന്ന ക്യാഷ്ബുക്ക് പ്രകാരം 52 വൌച്ചറുകൾ ഉണ്ടെങ്കിലും കെ-സ്മാർട്ടിൽ ലഭ്യമായ 01/2025ൽ 39 വൌച്ചറുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് ജീവനക്കാരുടെ വേതനം സംബന്ധിക്കുന്ന ഫയലുകൾ കെ സ്മാർട്ട് ഫയൽ സെർച്ചിൽ പ്രത്യേകമായി ലഭ്യമാണെങ്കിലും വൌച്ചറുകൾ ലിസ്റ്റിൽ പ്രതിഫലിച്ചിട്ടില്ല.

വസ്തു നികുതി

1) കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ നഗരസഭയുടെ കൺസോളിഡേറ്റഡ് ഫീൽഡ് കളക്ഷൻ റിപ്പോർട്ട് ലഭ്യമല്ല. വാർഡ് തലത്തിലുള്ള ഫീൽഡ് കളക്ഷൻ റിപ്പോർട്ടും അസസ്മെന്റ് രജിസ്റ്ററുകളും മാത്രമാണ് വസ്തു നികുതി പരിശോധനയ്ക്ക് നിലവിൽ ലഭ്യമാകുന്നത്. ലഭ്യമായ അസ്സസ്മെന്റ് രജിസ്റ്ററിൽ വസ്തു നികുതി നിർണ്ണയിച്ച തീയതി, ഉദ്യോഗസ്ഥന്റെ വിവരങ്ങൾ എന്നിവയ്ക്കുള്ള കോളം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ടി വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല . നഗരസഭയിൽ മുൻപ് ഉപയോഗിച്ച് വന്നിരുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ ടി വിവരങ്ങൾ ലഭ്യമാക്കിയിരുന്നു.

2) സപ്ലിമെന്ററി അസ്സസ്മെന്റ് രജിസ്റ്റർ (ഒരു സാമ്പത്തിക വർഷം നഗരസഭയിൽ നിലവിൽ വന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ), നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ കൺസോളിഡേറ്റഡ് വിവരങ്ങൾ, പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ രജിസ്റ്റർ, നികുതി ഒഴിവാക്കി നൽകിയിട്ടുള്ള എക്സ് സർവ്വീസ്മെന്റെ കെട്ടിടങ്ങളുടെ വിവരം, നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 60 ച.മീ. താഴെ വരുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ, വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങൾ എന്നിവയുടെ വിവരം എന്നിവ ഒന്നും തന്നെ ഓഡിറ്റർ ലോഗിനിലൂടെ കെ-സ്മാർട്ടിൽ നിന്നും ലഭ്യമല്ല.

3) വസ്തുനികുതി നിർണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും ഫോം 6 കെ സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. Failed To Load Pdf File എന്നാണ് ഫോം - 6 ഡൌൺലോഡ് ചെയ്യുമ്പോൾ കാണുന്നത്.

4) സഞ്ചയയിൽ Search > Building Details > Functionality Option -ൽ കെട്ടിടത്തിന്റെ ഉപയോഗക്രമ പ്രകാരം നഗരസഭയിലെ എല്ലാ വാർഡുകളിലേയും എല്ലാ കെട്ടിടങ്ങളേയും ഒന്നിച്ച് Sort ചെയ്ത് തെരഞ്ഞെടുക്കാമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയതിനുള്ള Option ഇല്ല. Reports > Building Details > Building List Reports> Building Usage ഓപ്ഷനിൽ വാർഡ് നമ്പറും Subusage ഉം സെലെക്ട് ചെയ്ത് മാത്രമുള്ളതാണ് കെ-സ്മാർട്ടിലെ ഓപ്ഷൻ. ഓരോ വാർഡിലേയും പ്രത്യേകമായും അതിൽ ഓരോ Building Usage -ന്റേയും Subusage പ്രത്യേകമായുമാണ് Sort ചെയ്യാനാകുന്നത്. നഗരസഭയിലെ ഒരു

ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളെ പൂർണ്ണമായി Sort ചെയ്യാനുള്ള ഓപ്ഷൻ കെ-സ്മാർട്ടിൽ ഇല്ല. ടി തെരഞ്ഞെടുപ്പിന് Reports > Building Details > Building List Reports> Building Usage മാത്രം സെലക്ട് ചെയ്താൽ നഗരസഭയിലെ സെലക്ട് ചെയ്ത ഉപയോഗക്രമത്തിലെ എല്ലാ കെട്ടിടങ്ങളും ലഭിക്കുമായിരുന്ന സെർച്ച് ഓപ്ഷനായിരുന്നു നിലവിലുള്ളതിനേക്കാൾ അഭികാമ്യം.

5) Unauthorised കെട്ടിടങ്ങളുടെ കെട്ടിട നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ സഞ്ചയയിൽ Building Details -ൽ Building Type ൽ Sort ചെയ്ത് ലഭിക്കുമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയത് ലഭ്യമല്ല.

6) കെ-സ്മാർട്ടിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ ഡൗൺലോഡ് ചെയ്താൽ മാത്രമാണ് പരിശോധിക്കാനാവുന്നത്. ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ വ്യക്തമല്ലാത്ത തരത്തിലാണ് കെ-സ്മാർട്ടിൽ അപ് ലോഡ് ചെയ്തിരിക്കുന്നത്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റേയും അനുബന്ധ വിവരങ്ങളുടേയും വിവരങ്ങൾ വ്യക്തമല്ല. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കാനായില്ല.

7) കെ-സ്മാർട്ടിൽ ചില കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങളിൽ കംപ്ലീഷൻ പ്ലാൻ ചേർത്തിട്ടില്ല. ഇവയുടെ വസ്തുനികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിക്കാനായില്ല.
ഉദാ. കെട്ടിട നം. 1/199/1 - ഡോക്യുമെന്റ് ഡീറ്റെയിൽസിൽ രേഖകൾ ലഭ്യമല്ല
കെട്ടിട നം. 1/244/4 – കംപ്ളീഷൻ പ്ളാൻ ലഭ്യമല്ലാത്തതായി കാണുന്നു.

8) ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ പാർക്കിങ്, റോഡ് വിവരങ്ങൾ ചേർത്തിട്ടില്ല.

9) സഞ്ചയയിൽ സൈൻ ചെയ്തിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ കെ-സ്മാർട്ടിൽ ലഭ്യമല്ല. ഇവയുടെ കളക്ഷൻ ഡിമാന്റ് വിവരങ്ങൾ ലഭ്യമാകുന്നുണ്ടെങ്കിലും എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയ വിവരങ്ങൾ ലഭ്യമല്ല. കെ-സ്മാർട്ടിൽ പുതിയതായി ചേർക്കുന്ന കെട്ടിടങ്ങളുടെ മാത്രം വസ്തുനികുതി നിർണ്ണയ വിവരങ്ങളാണ് പരിശോധിക്കാനാകുന്നത്.

10) നഗരസഭാ പരിധിയിലെ റോഡുകളുടെ വിവരങ്ങൾ ലഭ്യമാകുന്ന റോഡ് – മാസ്റ്റർ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

കെ-സ്മാർട്ടിൽ സഞ്ചയയിൽ ലഭ്യമായിരുന്നതുപോലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും ലഭിക്കുന്നതിനും ഓഡിറ്റർ ലോഗിനിൽ കൂടുതൽ പ്രിവിലേജുകൾ ലഭ്യമാക്കുന്നതിനും വിഷയം IKM -ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബിൽഡിംഗ് പെർമ്മിറ്റ്

ഓഡിറ്റർ ലോഗിനിൽ ,1. ജനറൽ പെർമ്മിറ്റ്, 2. സെൽഫ് സർട്ടിഫൈഡ് പെർമ്മിറ്റ് 3. റെഗുലറൈസേഷൻ പെർമ്മിറ്റ് 4. റിജക്ടട് പെർമ്മിറ്റ് എന്നിങ്ങനെ നാലു രജിസ്റ്ററുകളാണ് ബിൽഡിംഗ് പെർമ്മിറ്റ് മൊഡ്യൂളിൽ ലഭ്യമായിട്ടുള്ളത്. രജിസ്റ്ററുകളിൽ നിന്നും ലഭ്യമായ ഫയൽ നമ്പർ ഉപയോഗിച്ച് **ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് മൊഡ്യൂളിലെ സെർച്ച്** ഫയൽ ഓപ്ഷൻ വഴി പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകങ്ങളുണ്ട്.

1.) പെർമ്മിറ്റ് രജിസ്റ്ററിലെയും, ഫയലിലെയും, അപേക്ഷ തീയതി പെർമ്മിറ്റ് തീയതി പൊരുത്തക്കേടുകളുണ്ട്.

ഉദാഹരണം ചുവടെ ചേർക്കുന്നു - ഫയൽ നം. - 2876322-2024

ജനറൽ പെർമ്മിറ്റ് രജിസ്റ്ററിൽ ടി ഫയലിന്റെ അപേക്ഷ തീയതിയും, പെർമ്മിറ്റ് തീയതിയും ഒരേ തീയതിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (24.02.2025) നോട്ട് ഫയൽ പരിശോധിച്ചതിൽ 01.01.2025 നു അപേക്ഷ ലഭിച്ചതായും പരിശോധിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ഫയൽ ഓപ്പൺ ചെയ്ത് പരിശോധിക്കുമ്പോൾ ആപ്ലിക്കേഷൻ സമ്മറിയിൽ APPENDIX- A1 [See Rules 5(1)(b), 75(1), 87(1) And 93(1)] പ്രകാരമുള്ള അപേക്ഷയിൽ ലഭ്യമാകുന്നത് ഓഡിറ്റിനായി ഫയൽ പരിശോധനക്കായി ഓപ്പൺ ചെയ്ത തീയതിയാണ്. മറ്റ് പെർമ്മിറ്റ് ഫയലുകൾ ഓപ്പൺ ചെയ്യുമ്പോഴും ഇതേ അപാകത നിലനിൽക്കുന്നു. പെർമ്മിറ്റിനായി അപേക്ഷിച്ച തീയതി സോഫ്റ്റ് വെയറിൽ നിന്നും കൃത്യമായി ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ട്.

സിവിൽ രജിസ്ട്രേഷൻ

ജനന, മരണ, വിവാഹ, രജിസ്ട്രേഷൻ വിവരങ്ങൾ ടി മോഡ്യൂളിൽ നിന്നും ലഭ്യമാണ്.

പി.ആർ.ജി & കംപ്ലെയിന്റ്സ്

പൊതു ജനങ്ങളുടെ വിവിധ പരാതികൾ കൈകാര്യം ചെയ്യുന്നത് ടി മൊഡ്യൂൾ വഴിയാണ്.

ബിസിനസ്സ് ഫെസിലിറ്റേഷൻ

ഐ.എഫ്.ടി ക്& ഓ.എസ് ലൈസൻസ്, പെറ്റ് ലൈസൻസ്, പാരാ മെഡിക്കൽ ലൈസൻസ് എന്നീ സേവനങ്ങൾ ടി മൊഡ്യൂൾ വഴിയാണ് നൽകി വരുന്നത്, വാർഡടിസ്ഥാനത്തിലാണ് വിവരങ്ങൾ/പട്ടിക ലഭ്യമാകുന്നത്, ആയത് ലഭ്യമാകുന്നത് സ്റ്റാറ്റിസ്റ്റിക്സ് ടാബിലുള്ള റിപ്പോർട്ട്സിൽ നിന്നുമാണ്. ലൈസൻസ് രജിസ്റ്റർ എന്ന ടാബ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി ടാബ് നിലവിൽ പൂർണ്ണതോതിൽ പ്രവർത്തന

സജ്ജമായിട്ടില്ല. വിവിധ ലൈസൻസുകളുടെ ഡി.സി.ബി വിവരങ്ങളും ട്രേഡേഴ്സ് ലിസ്റ്റും ലഭ്യമാകുന്ന വിധത്തിലുള്ള ക്രമീകരണം ലഭ്യമല്ല.

സേവനാവാകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും,തുടർ നടപടികൾ സ്വീകരിക്കന്നതിനും കെ-സ്മാർട്ട് സോഫ്റ്റ് വെയർ മുഖേന സാധിക്കുന്നുണ്ടെങ്കിലും. സോഫ്റ്റ് വെയർ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. ബജറ്റ്, മീറ്റിംഗ് മാനേജ്മെന്റ് , ലേലം , വാടക ,തൊഴിൽ നികുതി , വിനോദ നികുതി, തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകൾ ഭാഗീകമായി ലഭ്യമാകുന്നുണ്ടെങ്കിലും നിലവിൽ ടി വിഷയങ്ങൾക്കായി മൊഡ്യൂളുകൾ ക്രമീകരിച്ചിട്ടില്ല. കെ-സമാർട്ട് സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന വേളയിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ പരിഹരിക്കുന്നതിലേക്കായി ഐ.കെ.എമ്മിനെ യഥാസമയം അറിയിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന വേളയിൽ ഡാറ്റാ എൻട്രിയിലും ഡോക്യുമെന്റുകൾ അപ് ലോഡ് ചെയ്യുന്നതിലും കൃത്യത ഉറപ്പാക്കേണ്ടതാണ്.

1-73 ആരോഗ്യമേഖലാ ഗ്രാന്റുകളുടെ വിനിമയം - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗം – സർക്കാർ ഉത്തരവുകളും സർക്കുലറുകളും

ക്രമ നം.	ഉത്തരവ് നമ്പർ, തീയതി
1	G.O(Rt) No. 2132/2022/LSGD Dated 31-08-2022
2	G.O(Rt) No. 2156/2022/LSGD Dated 01-09-2022
3	G.O(Rt) No. 3157/2022/LSGD Dated 21-12-2022 (നഗരപാലികാ സ്ഥാപനങ്ങൾ)
4	G.O(Rt) No. 1078/2022/LSGD Dated 20-05-2023 (നഗരപാലികാ സ്ഥാപനങ്ങൾ)
5	Circular No. FM3/138/2023/LSGD Dated 23-05-2023
6	G.O(Rt) No. 1625/2023/LSGD Dated 09-08-2023

ആരോഗ്യ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.
2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.
5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

നഗരസഭയിലെ ആരോഗ്യ മേഖലയിലെ സാഹചര്യം

നഗരസഭയിൽ സ്ഥിതിചെയ്യുന്ന പാലാ ഗവൺമെന്റ് ആശുപത്രി, ഗവ. ആയുർവേദ ആശുപത്രി -പാലാ, ഗവ. ഹോമിയോ ആശുപത്രി -പാലാ, പരമലക്കുന്ന് അർബൻ ഹെൽത്ത് വെൽനെസ് സെന്റർ, അരുണാപുരം അർബൻ ഹെൽത്ത് വെൽനെസ് സെന്റർ എന്നിങ്ങനെ ആരോഗ്യ സ്ഥാപനങ്ങളുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി നഗരസഭ വാർഷിക പദ്ധതിയിൽ ഫണ്ട് ചെലവഴിക്കുന്നുണ്ട്.

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റ്

വർഷം	ഇനം	മുന്നിരിപ്പ്	ലഭ്യമായ തുക	ആകെ തുക	ചെലവഴിച്ചത്	ബാക്കി തുക
2022-23	സ്കീം-5	0	0	0	0	0
2023-24	സ്കീം-5	0	2,367,000/- 16,173/-*	2,383,173/-	0	2,383,173/-
2024-25	സ്കീം-5	2,383,173/-	68,360/-*	2,451,533/-	2,367,000/-	84,533/-
2022-23	സ്കീം-6	0	8,200,000/- 127,096/-*	8,327,096/-	0	8,327,096/-
2023-24	സ്കീം-6	8,327,096/-	13,105,000/- 516,809/-*	21,948,905/-	16,329,736/-	5,619,169/-
2024-25	സ്കീം-6	5,619,169/-	2,166,000/- 261,175/-*	8,046,344/-	945,076/-	7,101,268/-

*ഹെൽത്ത് ഗ്രാന്റ് തുകകൾ അവ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ ഉൾപ്പടെയാണ്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായുള്ള ബാങ്ക് അക്കൗണ്ടുകൾ

കാനറാ ബാങ്കിന്റെ അരുണാപുരം ശാഖയിൽ താഴെപ്പറയും പ്രകാരം അക്കൗണ്ടുകൾ മുഖേനയാണ് ആരോഗ്യ ഗ്രാന്റിന്റെ വിനിമയം നടത്തുന്നത്.

ഇനം	അക്കൗണ്ട് നം.
സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.	110048960090
സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.	110048958180

ഗ്രാന്റുപയോഗിച്ച് നടന്നുവരുന്ന പ്രവർത്തനങ്ങൾ

സ്കീം 5 നഗരപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം-6 നഗരപ്രദേശങ്ങളിലെ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറാണ് നിർവ്വഹിക്കുന്നത്. സ്കീം 5 പ്രകാരം ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർക്ക് പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടുണ്ട് സ്കീം 6 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. അരുണാപുരം അർബൻ ഹെൽത്ത് വെൽനെസ് സെന്റർ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി സെന്ററിന് സ്വന്തമായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിട സൗകര്യം ഏർപ്പെടുത്താനുള്ള നടപടികൾ തുടർ വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ ഹെൽത്ത് ഗ്രാന്റ് തുക 1.38 കോടി രൂപ കെ.എം. മാണി മെമ്മോറിയൽ ജനറൽ ആശുപത്രി എച്ച്.എം.സി. ഫണ്ടിലേക്കും നാഷണൽ ഹെൽത്ത് മിഷനിലേക്കും നൽകിയതിന്റെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. ഹെൽത്ത് ഗ്രാന്റ് തുക ചെലവഴിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനുമാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതിയും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം നഗരസഭക്ക് അധികചെലവ്

പ്രോജക്ട് /നമ്പർ	ഹോമിയോ ഹോസ്പിറ്റൽ മെയിന്റനൻസ്, 292/2025

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ	പ്രദീപ് ആർ
ഫണ്ടിനം	റോഡിതര മെയിന്റനൻസ് ഫണ്ട്
വകയിരുത്തിയ തുക	5 ലക്ഷം
ചെലവഴിച്ച തുക	340010/-(ബിൽ നം /തീ 178/28-11-2024) 123755/-(ബിൽ നം /തീ 322/27-02-2025) 463765/-
എസ്റ്റിമേറ്റ് നമ്പർ	125716/2023

നഗരസഭ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിയിലെ നവീകരണപ്രവർത്തനങ്ങൾക്കായാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഹോമിയോ ആശുപത്രിയിലെ നിലവിലെ പെയിന്റിന്റെ നിറം, ഭരണസമിതി നിശ്ചയിച്ചു തന്ന കളറുമായി (NAM കളർ കോഡ് പ്രകാരമുള്ളത്) പൊരുത്തപ്പെടാത്തതിനാൽ, നിലവിലുള്ള പെയിന്റ് ചുരണ്ടി നീക്കിയ ശേഷം (Scrapping) DSR കോഡ് 13-46-1 പ്രകാരമുള്ള അക്രിലിക് പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്യുകയും, മറ്റ് അറ്റകുറ്റപ്പണികളുമായിരുന്നു പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം Scrapping ഒഴിവാക്കി നിലവിലുള്ള സർഫസിൽ പെയിന്റ് അടിക്കുകയും എക്സ്ട്രാ ഇനമായി സ്റ്റീൽ വർക്ക് ഉൾപ്പെടുത്തുകയും ചെയ്തു. II Nd & Final Bill പരിശോധിച്ചതിൽ 1557.955 ച മീ പെയിന്റ് ചെയ്തതിന് 184.95 രൂപ (എസ്റ്റിമേറ്റ് നിരക്ക് 195.10 രൂപയിൽ നിന്നും 5.2% ടെണ്ടർ കുറവ്) പ്രകാരം 288143.78 രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ നിലവിലുള്ള പെയിന്റ് ചുരണ്ടി മാറ്റുന്ന പവ്യത്തി ഒഴിവാക്കിയെങ്കിലും പുതിയ സർഫസിൽ പെയിന്റ് അടിക്കുന്നതിനുള്ള ഇനമായ DSR കോഡ് 13-46-1 നിലനിർത്തുകയാണ് ചെയ്തത്. നിലവിലുള്ള പെയിന്റ് സർഫസിൽ മെയിന്റനൻസ് പ്രവ്യത്തികൾക്ക് നല്കുന്ന 13-111-2 നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 25/19-2-2026 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പഴയ പെയിന്റ് ചുരണ്ടി മാറ്റുന്ന പ്രവ്യത്തി ഒഴിവാക്കിയെങ്കിലും പ്രതലം പ്രഷർ വാഷ് ചെയ്ത് വ്യത്തിയാക്കിയെന്നും ആയത് അളവ്പുസ്തകത്തിൽ രേഖപ്പെടുത്തുകയോ കരാറുകാരനു തുക നല്കുകയോ ചെയ്തില്ലെന്നും പുതിയ ഭിത്തിയിൽ പെയിന്റ് ചെയ്യുന്ന DSR കോഡ് 13-46-1 പാലിച്ച് പ്രവ്യത്തി പൂർത്തിയാക്കിയതെന്നും മറുപടി നല്കി. 13-111-2 എന്നത് നിലവിലുള്ള പെയിന്റിന് മുകളിൽ 1 കോട്ട് പെയിന്റ് ചെയ്യുന്നതിനുള്ളതാണെന്നും പ്രഷർ വാഷ് ചെയ്ത് വ്യത്തിയാക്കിയ ഭിത്തിയിൽ 2 കോട്ട് NAM കളർ കോഡ് പ്രകാരമുള്ള പെയിന്റ് ചെയ്തു എന്നും മറുപടി നല്കി.

മറുപടി വിശദമായി പരിശോധിച്ചതിൽ അളവ്പുസ്തകത്തിൽ രേഖപ്പെടുത്താത്ത പ്രവ്യത്തി അംഗീകരിക്കേണ്ടതില്ലെങ്കിലും (ഭരണസമിതിയുടെയോ, സാങ്കേതിക അനുമതി നല്കിയ ഉദ്യോഗസ്ഥന്റെയോ മുൻകൂർ അനുമതി രേഖാമൂലം വാങ്ങാതെയാണ് കരാറുകാരൻ, സൈറ്റ് ചുമതലയുള്ള എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ പ്രവ്യത്തിയിൽ മാറ്റം വരുത്തിയത്. എസ്റ്റിമേറ്റ് റിവിഷന് എഞ്ചിനീയർ കത്ത് നല്കിയത് 17-2-2025 ലും അംഗീകരിച്ചത് 24-2-2025 ലും മാത്രമാണ് എന്നാൽ 27-10-24 മുതൽ 30-10-24 വരെയുള്ള തീയതികളിൽ പെയിന്റ് ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്.) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽനോട്ടം വഹിച്ചിരുന്നു എന്ന മറുപടി അംഗീകരിക്കുന്നു. എങ്കിലും നിലവിൽ പെയിന്റ് ചെയ്ത ഭിത്തിയിൽ വീണ്ടും പ്രൈമർ അടിക്കേണ്ടതില്ലാത്തതിനാൽ പുതിയ പെയിന്റ് ചെയ്യുന്നതിനുള്ള അളവിൽ പെയിന്റ് ഉൾപ്പെടുന്നതും (1.67ലിറ്റർ/ ച.മീ)എന്നാൽ പ്രൈമർ ഒഴിവാക്കിയതുമായ DSR 13-111-1 പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്. അനുവദിക്കാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

Sor/Spec Code	MR Code	Description			Remarks	
		Unit	Quantity	Rate (₹)	Amount	Label
	Header Unit	Sqm	Header Quantity	10.0		
Header Details	Details Of Cost For 10 Sqm					
Material						M
8505		Acrylic Exterior Paint				
		Litre	1.67	170.0	283.9	M1
Carriage						C
9977		Carriage Of Materials				
		L.S	0.91	2.0	1.82	C1
Labour						L
0131		Painter				
		Day	0.46	679.0	312.34	L1
0115		Coolie				

Sor/Spec Code	MR Code	Description			Remarks	
		Unit	Quantity	Rate (₹)	Amount	Label
		Day	0.23	558.0	128.34	L2
Tools & Plants						L
9999		Sundries Brushes, Sand Paper Etc				
		L.S	4.81	2.0	9.62	T1
9999		Sundries				
		L.S	5.33	2.0	10.66	T2
TOTAL			10.0	Sqm	746.68	
UNIT TOTAL			1	Sqm	**74.67**	
Water Charge @ 1.00 %				74.67	0.75	
TOTAL					**75.42**	
Contractors Profit & Overhead @ 15.00 %				75.42	11.31	
TOTAL					**86.73**	
Grand Total					**₹86.73/ Sqm**	
CI 1.3644					₹118.33/**Sqm**	

തെറ്റായ ഡാറ്റാ പ്രകാരം എസ്റ്റിമേറ്റിൽ തുക വകയിരുത്തിയത് മൂലം കരാറുകാരന് അധികം തുക നല്കിയതിന്റെ വിവരം

1557.955 ച മീറ്റർ അക്രിലിക് പെയിന്റിംഗിന് നല്കിയ തുക @ 184.95/M2 (കരാറുകാരൻ ഈ ഇനത്തിന് രേഖപ്പെടുത്തിയ തുക 5.20% കുറവിൽ)	288143.78
1557.955 ച മീറ്റർ അക്രിലിക് പെയിന്റിംഗിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നല്കേണ്ടിയിരുന്നത് @ 112.18 /M2 (DSR നിരക്കായ 118.33 -5.20% ടെണ്ടർ കുറവ്)	174771.39
അധികം നല്കിയത്	113372.39 + 20407.03 (GST) 133779.42 Say 133779/-

അധികം നല്കിയ 133779/- രൂപ ഉത്തരവാദിയായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ,സാങ്കേതിക അനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

മാസം, വർഷം	ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
4/2024	53	26500	26500	0	
5/2024	52	26000	26000	0	
6/2024	53	26500	26500	0	
7/2024	54	27000	27000	0	
8/2024	54	27000	27000	0	
9/2024	55	27500	27500	0	
10/2024	53	26500	26500	0	
11/2024	55	27500	27500	0	
12/2024	54	27000	27000	0	
1/2025	52	26000	26000	0	
2/2025	53	26500	26500	0	
3/2025	54	27000	27000	0	
ആകെ		321000	321000	0	

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല					

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല				

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
1	1.08.2024	1000	1000	8157	ശൂന്യവേതനാവധി 1.10.2024 മുതൽ 03.04.2026 വരെ

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2024-25	06.12.2025	13.02.2026

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2024-25 ൽ സംയുക്ത പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടില്ല.

4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2024-25 വർഷത്തിൽ നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുനിസിപ്പൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് പ്രകാരം വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രൊജക്റ്റ്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കി
കേരള വാട്ടർ അതോറിറ്റി	156/25 അമൃത് പദ്ധതി 2.0	1070000/-	0	1070000/-

10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് നിക്ഷേപ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം വിശദാംശം അറിയിക്കേണ്ടതാണ്.

4-5 മൊബിലൈസേഷൻ അഡ്വാൻസ്

2024-25 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിവരം വാർഷിക കണക്കുകൾ പ്രകാരംതാഴെ കൊടുക്കുന്നു. നഗരസഭയിൽ വായ്പ രജിസ്റ്റർ ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	ആകെ വായ്പ തുക	വർഷാരം-ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി	തൻവർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവ-സാനം തിരിച്ചടയ്ക്കാൻ ബാക്കി
					മുതൽ	പലിശ	
തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	KURDFC/ ULB-363/13/ 19.03.13	45000000	60608252	ഇല്ല	364619	കൃത്യമായ വിവരം ലഭ്യമല്ല	60243633
കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം		59094000					
മൂന്നാനി ലോയേഴ്സ് ചേംബർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	KURDFC/ ULB-373/14/ 21.06.19	23344382					
പി എം എ വൈ – ഭവന നിർമ്മാണം	ജി.ഓ (എംഎസ്) 34/18/16.03.2018, ജി.ഒ (എംഎസ്) 110/18/13.08.2018	1.02 കോടി	9773332	3610652	1120000	-	12263984
ദേശീയ ചേരി നിർമ്മാർജ്ജനം	സ.ഉ (എംഎസ്) എ1-8326/99/ 23-03-2001	383000	383000	-	-	കൃത്യമായ വിവരം ലഭ്യമല്ല	383000

വാർഷികകണക്ക് പ്രകാരമുള്ള കെ യു ആർ ഡി എഫ് സി ലോൺ നീക്കിയിരിപ്പാണ് ചേർത്തിരിക്കുന്നത്. KURDFC ലോൺ രജിസ്റ്ററിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. PMAY HUDCO ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മുന്നിരിപ്പ് , വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചേർത്ത് വായ്പ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതും അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണ പദ്ധതി വായ്പയുടെ പ്രോഗ്രസീവ് ചെലവും വായ്പ രജിസ്റ്ററിൽ നിരീക്ഷിക്കേണ്ടതാണ്.

ദേശീയ ചേരി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വായ്പ ബാധ്യത അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ തൻവർഷം ഒഴിവാക്കി. ടി വായ്പയുമായി ബന്ധപ്പെട്ട ഒരു രേഖകളും നഗരസഭയിൽ ലഭ്യമല്ല. തിരിച്ചടവ് അല്ലാതെ വായ്പ ബാധ്യത ഒഴിവാക്കിയ നടപടി ആധികാരികമല്ല.

4-7 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം പാലാ നഗരസഭയുടെ സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു (വാർഷിക കണക്കുകൾ പ്രകാരം).

സ്ഥിരനിക്ഷേപ ഇനം	സ്ഥിരനിക്ഷേപം	ഷെയർ നിക്ഷേപം
വർഷാരംഭത്തിൽ സ്ഥിരനിക്ഷേപം (01-04-2024)	94,416/-	83,000/-
തൻവർഷം ലഭിച്ച/ നിക്ഷേപിച്ച തുക (പലിശ ഉൾപ്പടെ)	12,046/-	17,550/- (ഡിവിഡന്റ്)
തൻവർഷം പിൻവലിച്ച തുക	ഇല്ല	17,550/-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	106,462/-	83,000/-

(31-03-2025)		
സ്ഥിരനിക്ഷേപ അക്കൗണ്ട് നം.	39407810314	ലഭ്യമല്ല
ബാങ്ക്	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (പാലാ ടൗൺ)	ലഭ്യമല്ല
പലിശ നിരക്ക്	6.8%	ലഭ്യമല്ല
കാലാവധി	15-06-2024 മുതൽ 14-06-2026 വരെ	ലഭ്യമല്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള സ്ഥിരനിക്ഷേപത്തിന്റെ 15-06-2023 മുതൽ 14-06-2024 വരെയുള്ള കാലയളവിലെ 12,046/- പലിശ ഉൾപ്പെടെ മുന്നിരിപ്പാണ് വാർഷികകണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 15-06-2024 തീയതിയിലാണ് നിക്ഷേപം പുതുക്കിയത്. തൻവർഷം വീണ്ടും പലിശ അക്കൗണ്ട് ചെയ്യാതെ നീക്കിയിരിപ്പ് ക്യത്യമാക്കിയിട്ടുണ്ട്. നഗരസഭയുടെ 83,000/- രൂപ ഷെയറിന്റെ അസൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഷെയർ രേഖകൾ കണ്ടെത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സ്ഥിരനിക്ഷേപ രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയായി 80,283/- രൂപ ഒടുക്കിയത് ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി തുക നഗരസഭ തനത് ഫണ്ടിലേക്കുള്ള വരുമാനമായിരുന്നോ എന്നും സർക്കാരിലേക്ക് ഒടുക്കേണ്ട തുകയാണോ എന്ന് വ്യക്തതയില്ല. വിശദാംശം കണ്ടെത്തി ടി തുകയിലെ വരുമാനം നഗരസഭ ഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതും ബാധ്യത യഥാവിധി ഒടുക്കു വരുത്തേണ്ടതുമാണ്.
നഗരസഭ തനത് ഫണ്ടിലേക്കുള്ള വരവുകൾ ഓഡിറ്റ് റിക്കവറി നടത്തുന്നത് റവന്യൂ ശീർഷകത്തിലും ഒടുക്കാനുള്ള തുകകൾ റിക്കവറി നടത്തുന്നത് ബാധ്യത ശീർഷകത്തിലും അക്കൗണ്ട് ചെയ്യാനും അക്കൗണ്ടിങ്ങ് വിവരണം രേഖപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-2000 മുതൽ 2001-02 വരെ		2003-04	6.4	ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പാഴ്ചെലവ്	നഗരസഭയ്ക്ക് ഉണ്ടായതായ 1644092/- രൂപയുടെ നഷ്ടം 12% പലിശ ഉൾപ്പെടെ നഗരസഭാ ചെയർമാനിൽ നിന്നും അന്നത്തെ കൗൺസിൽ അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കുവാൻ LFAC (2010-11)യുടെ 27-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 94 ൽ നിർദ്ദേശിച്ചിരുന്നു.
		2011-12	പ്രവർത്തനാ-വലോകനം ഖ.3.2.13	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ	നിയമസഭാ സമിതിയുടെ പരിഗണനയിൽ
2015-16	3-1	2016-17	4.6.3	മുനിസിപ്പൽ പാർക്ക് നിർമ്മാണം - അശാസ്ത്രീയമായ ധനവിനിയോഗവും പ്രവർത്തന കലണ്ടറിന്റെ അപര്യാപ്തതയും പദ്ധതി പൂർത്തീകരിച്ചില്ല.	നിയമസഭാ സമിതിയുടെ പരിഗണനയിൽ

4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഓഡിറ്റ് വർഷത്തിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരമുള്ള ചാർജ്/സർചാർജ് നടപടികളിലൂടെ തുകകളൊന്നും നഗരസഭ ഫണ്ടിലേക്ക് ഈടാക്കിയിട്ടില്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്- മുന്നിരിപ്പ് ഉൾപ്പടെ (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	:	180,774,900/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	:	146,352,479/-
ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		304,975,611/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		284,962,147/-
വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	1,33,779/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	18,253,188/-

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1 (1-62)	-	66,889.50	ശ്രീ ബോണി എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
	-	66,889.50	ശ്രീ സിയാദ് എ., അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ
ആകെ	-	1,33,779/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-50	16,844,448/-	ഡോ. അഭിലാഷ് റ്റി. പി., മെഡിക്കൽ ഓഫീസർ, കെ.എം. മാണി മെമ്മോറിയൽ ആശുപത്രി-പാലാ
1-51	1,200,000/-	ഡോ. അഭിലാഷ് റ്റി. പി., മെഡിക്കൽ ഓഫീസർ, കെ.എം. മാണി മെമ്മോറിയൽ ആശുപത്രി-പാലാ
1-59	49,815/-	ശ്രീ ആറ്റ്ലി പി. ജോൺ, ഹെൽത്ത് ഓഫീസർ (ക്ലീൻ സിറ്റി മാനേജർ)
1-65	1,18,500/-	ശ്രീമതി ജ്യോതി എസ്. കുമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ
1-66	40,425/-	ശ്രീ ജൂഹി മരിയ ടോം, മുനിസിപ്പൽ സെക്രട്ടറി
ആകെ	**18,253,188/-**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-29, 1-34, 1-38, 1-40

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്	നിലവിലെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ ബോണി എസ്., അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ LID & EW, പാലാ നഗരസഭ	പുന്നയ്ക്കാത്തറയിൽ, ചേർത്തല(പി.ഓ.), ചേർത്തല – 688524.
ശ്രീ സിയാദ് എ., അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ	അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ, LID & EW, പാലാ നഗരസഭ	സിയാദ് മൻസിൽ, അരിനെല്ലൂർ സൗത്ത് പി.ഓ., തേവലക്കര, കൊല്ലം - 690538.

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, 28-02-2026 ൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

1990-91	എൽ.എഫ്.കെ.(എം.എൽ)1027/99/7.6.2000	-
1991-92	എൽ.എഫ്.കെ.(എം.എൽ)713/96- 2.8.97/7.11.97	-
1992-93	എൽ.എഫ്.കെ.(എം.എൽ)742/97/18.6.98/ 9.12.98	-
1996-97	എൽ.എഫ്.കെ.(എം.എൽ)1166/10/5.1.11	-
1997-98	എൽ.എഫ്.കെ.(എം.എൽ) 921/01/ 16.11.2001/ 28.09.2001	-
1998-99 ചെലവ്	എൽ.എഫ്.കെ.(എം.എൽ)1282/01/9.4.02/ 7.10.02	-
1999-00	എൽ.എഫ്.കെ.(എം.എൽ) 922/07/4.7.09/ 8.9.09	-
2000-01	എൽ.എഫ്.കെ.പി.8/626/15/15.4.16	-
2001-02	എൽ.എഫ്.കെ.പി.8/625/15/03.12.15	-
2002-03 ചെലവ്	എൽ.എഫ്.കെ.(എം.എൽ)264/06/22.7.08/ 6.9.08	-
2003-04 ചെലവ്	എൽ.എഫ്.കെ.പി 8/628/15/3.12.15	-
2003-04 വരവ്	എൽ.എഫ്.കെ.പി 8/620/15/15.04.16	-
2004-05 (ചെലവ്)	എൽ.എഫ്.കെ.(എം.എൽ)924/07/4.7.09/8.9.09	-
2005-06 ചെലവ്	എൽ.എഫ്.കെ.(എം.എൽ)1260/10/16.07.11/ 03.08.11	-
2005-06 വരവ്	എൽ.എഫ്.കെ.പി8/627/15/10.08.15	-
2006-07	എൽ.എഫ്.കെ.(എം.എൽ)1319/10/ 07.01.11	-
2007-08	എൽ.എഫ്.കെ.(എം.എൽ)128/11/5.9.11	-
2008-09	എൽ.എഫ്.കെ.പി8/236/11/14.3.12	-
2009-10	എൽ.എഫ്.കെ.പി8/1622/11/20.4.12	-
2010-11	എൽ.എഫ്.കെ.പി8/7/12/11.7.12	-
2011-12	എൽ.എഫ്.കെ.പി8/344/13/31.5.13	-
2012-13	എൽ.എഫ്.കെ.പി8/379/15/4.6.15	-
2013-14	എൽ.എഫ്.കെ.പി8/769/15/28.01.16	-
2014-15	കെ.എസ്.എ-കെ.ടി.എം.പി-8/872/16/ 08.02.17	-
2015-16	കെ.എസ്.എ-കെ.ടി.എം.പി-17/656/17/ 18.03.18/21.03.18	-
2016-17	കെ.എസ്.എ-കെ.ടി.എം.പി-17/1637/17/ 17.04.18	-
2017-18	കെ.എസ്.എ-കെ.ടി.എം.പി-17/192/19/ 20.09.2019	-
2018-19	നം.കെ.എസ്.എ-കെ.ടി.എം.പി.17/104/2020/ 02.11.20	-
2019-20	നം.കെ.എസ്.എ-കെ.ടി.എം.പി.17/2087/2022/ 10.04.2023	-
2020-21	നം.കെ.എസ്.എ-കെ.ടി.എം.പി.17/199/2022/ 01.03.2024	-
2021-22	നം.കെ.എസ്.എ-കെ.ടി.എം.പി.17/282/2023/ 11.12.2023	-
2022-23	നം.കെ.എസ്.എ-കെ.ടി.എം.പി.17/171/2024/ 19.12.2024	-
2023-24	കെ.എസ്.എ-കെ.ടി.എം.പി17/180/2025/ 18-09-2025	-

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 03-12-2025 and submitted on 06-12-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pala Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pala Municipality as on 31-03-2025

Date: 17/03/2026 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pala Municipality for the Year 2024-2025.

1.Major Observations

1. Municipal General Fund Details not maintained. data of asset and liability as on 01-04-2011 is not available. Full source data not available for the value of total general fund as on 31-03-2025.
2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 is not provided by authorised register or document.
3. Non Disclosure of Fixed Assets-Fixed Assets not classified and valuated and accounted-Asset Database is not updated upto 31-03-2025.
4. The actual and accurate financial status of Municipality has not reflected in AFS as all liabilites towards municipal fund has not recognized and accounted with supporting documents.

2.Other Observations

1. Recovery details of Government & Other Dues are not maintained. Some recovery liabilty details in 31-03-2025 balance sheet has not disclosed.
2. Details of Suspense Head receipts during the year 2024-25 has not found and adjusted long time after the closure of accounting period.
3. Ayyankali Employment Guarentee Scheme cash book figures dosent mathch with corresponding AFS figures of Municipality.
4. Details of Depreciation accounted has not provided with calculation sheet.
5. Details of Prior Period Income that is deducted from previous year demanded amounts has not disclosed through documents and notes on account.
6. Direct expenditure of Beneficiary Contribution in annual plan has not accounted as passive expenditure.
7. Details Rs. 8.97 Crore of Pension Share Receivable to Municipal Fund are not maintained.
8. Appropriation Contral Register for special grants are not maintained. Plan Expenditure of some special funds in annual plan differs from corresponding revenue contribution accounted in AFS.
9. All part bills of infrastructure projects encashed during the year have not been accounted under Capital Work in Progress (CWIP). The details of Capital Work in Progress as on 31-03-2025 and the adjustments made thereto have not been disclosed.
10. Decentralised plan expenditure of road maintenance is accounted as Operation and Maintenance instead of Plan Expenditure.

11. Demand Register of arrear Profession Tax and License has not been kept.
12. All expenditures from panchayath fund in 2024-25 which became due upto 31-03-2025 has not accounted as payable during the financial year.
13. For Accrual incomes during 2024-25, timely demand entries are not made.
14. Details of redemption of Rs. 5,67,849/- receivable from Government, recovered in previous years, are not available for verification.

Senior Deputy Director
Kerala State Audit Department
District Audit Office-Kottayam

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാലാ മുൻസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്